12
ആഗസ്റ്റ് 2024
തിങ്കൾ
1446 സഫർ 08
1199 കർക്കിടകം 28
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika



# കുട്ടി അഹമ്മദ് കുട്ടി ഓർമയായി

## ● മുൻ മന്ത്രിയും മുസ്‌ലിംലീഗ് നേതാവുമായിരുന്നു ● ഖബറടക്കം ഇന്നലെ രാത്രി ഔദ്യോഗിക ബഹുമതികളോടെ താനൂരിലെ വടക്കെ പള്ളി ഖബർസ്ഥാനിൽ നടന്നു

താനൂർ : മുസ്‌ലിംലീഗ് സമുന്നത നേതാവും മുൻ മന്ത്രിയുമായിരുന്ന കെ. കുട്ടി അഹമ്മദ് കുട്ടി (71) അന്തരിച്ചു. ഇന്നലെ രാവിലെ 10 മണിക്ക് താനൂരിലെ വീട്ടിൽ വെച്ചായിരുന്നു അന്ത്യം. ഏതാനും മാസങ്ങളായി അനാരോഗ്യത്താൽ വിശ്രമജീവിതം നയിച്ച് വരികയായിരുന്നെങ്കിലും ഇന്നലെയും വീട്ടിൽ പതിവ് പോലെ പ്രാതൽ കഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ച് സംസാരിച്ചയച്ച ശേഷം ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയായിരുന്നു. മരണ സമയത്ത് ഭാര്യയും മകൻ സുഹാസ് അഹമ്മദും സമീപത്തുണ്ടായിരുന്നു. മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി, വൈസ് പ്രസിഡന്റ്, ലോക്കൽ സെൽഫ് ഗവൺമെന്റ് ബോർഡ് ചെയർമാൻ എന്നീ പദവികൾ വഹിച്ച അദ്ദേഹം നിലവിൽ മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതിയുടെ ചെയർമാനായും പ്രവർത്തിച്ച് വരികയായിരുന്നു. 2004ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്നു. 1992ലെ ഉപതിരഞ്ഞെടുപ്പിൽ താനൂരിൽനിന്നും 1996ലും 2001ലും തിരൂരങ്ങാടിയിൽനിന്നും നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1953 ജനുവരി 15ന് മുസ്‌ലിം ലീഗ് നേതാവ് കെ. സെയ്താലിക്കുട്ടി മാസ്റ്ററുടെ മകനായി ജനിച്ചു. വായനയും എഴുത്തും ജീവിത സപര്യയാക്കിയ അദ്ദേഹം മുസ്‌ലിംലീഗിന്റെ ധൈഷണിക മുഖമായിരുന്നു. രണ്ട് തവണ താനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മുസ്‌ലിംലീഗ് താനൂർ നിയോജക മണ്ഡലം പ്രസിഡന്റ്, സ്വതന്ത്ര കർഷക സംഘം സംസ്ഥാന ട്രഷറർ, വൈസ് പ്രസിഡണ്ട് തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. ദീർഘകാലമായി താനൂർ വടക്കേപ്പള്ളി മഹല്ല് പ്രസിഡന്റാണ്. തിരൂർ എസ്.എസ്.എം. പോളിയുടെ ഗവേർണിങ് ബോഡി ചെയർമാനായിരുന്നു. മികച്ച ഭരണാധികാരിക്കുള്ള വിവിധ അംഗീകാരങ്ങൾ കുട്ടി അഹമ്മദ് കുട്ടിയെ തേടിയെത്തിയിരുന്നു. തദ്ദേശ മന്ത്രിയായിരിക്കുമ്പോൾ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ സാധാരണക്കാരന് ഏറെ ആശ്വാസം പകരുന്നതായിരുന്നു. അധികാര വികേന്ദ്രീകരണം ഫലവത്തായി നടപ്പിലാക്കി. സർക്കാർ തലത്തിൽ ഐ.ടി സാധ്യതകൾ നടപ്പാക്കുന്നതിനു മുമ്പേ മണ്ഡലത്തിൽ ജനകീയ ഐ.ടി മൂവ്മെന്റ് നടപ്പിലാക്കി ദേശീയ ശ്രദ്ധനേടി. സർക്കാറിന്റെയും യു.ഡി.എഫിന്റെയും വിവിധ സമിതികളിൽ കുട്ടി അഹമ്മദ്കുട്ടി അംഗമായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി അദ്ദേഹം നിരന്തരം ശബ്ദിച്ചുകൊണ്ടിരുന്നു. മുസ്‌ലിംലീഗ് പരിസ്ഥിതി ഘടകത്തെ ശക്തമാക്കുന്നതിലും നിർണായക പങ്ക് വഹിച്ചു. കുട്ടി അഹമ്മദ്കുട്ടി പ്രതിനിധീകരിച്ച താനൂരിലും തിരൂരങ്ങാടിയിലും നിരവധി ജനകീയ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഭാര്യ ജഹനാര. മക്കൾ: സുഹാന, സുഹാസ് അഹമ്മദ്, ഷഹബാസ് അഹമ്മദ്. മരുമക്കൾ: ഷിബു കെ.പി, റജി, മലീഹ. ഖബറടക്കം ഇന്നലെ രാത്രി 8:30ന് താനൂരിലെ വടക്കെ പള്ളിയിൽ നടന്നു. മുസ്‌ലിംലീഗ് നേതാക്കളും പ്രവർത്തകരുമടക്കം അന്ത്യയാത്രക്ക് ആയിരങ്ങൾ ഒഴുകിയെത്തി. വിവിധ തുറകളിലുള്ള നേതാക്കളും വീട്ടിലെത്തി അനുശോചിച്ചു. നിരവധി തവണയായാണ് ജനാസ നിസ്കാരം നടന്നത്. താനൂർ വടക്കേപ്പള്ളിയിൽ നടന്ന ജനാസ നിസ്കാരത്തിനു പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. സംസ്ഥാന സർക്കാറിന്റെ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു ഖബറടക്കം.

### മുസ്‌ലിംലീഗിന്റെ മൂന്ന് ദിവസത്തെ പൊതുപരിപാടികൾ മാറ്റി

കോഴിക്കോട്: അന്തരിച്ച മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും മുൻ മന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടിയോടുള്ള ആദരസൂചകമായി പാർട്ടിയുടെയും പോഷക ഘടകങ്ങളുടെയും മൂന്ന് ദിവസത്തെ (ഞായർ, തിങ്കൾ, ചൊവ്വ) പൊതുപരിപാടികൾ മാറ്റിവെച്ചതായി ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു.

നന്മയുടെ കാവലാൾ 10

ഒരേയൊരു കുട്ടി അഹമ്മദ് കുട്ടി
(സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ) 04



പാരീസ് ഒളിംപിക്സിന്റെ സമാപന ചടങ്ങിനുമുന്നോടിയായി ഇന്ത്യൻ സംഘത്തിന്റെ പതാക വാഹകരായ പി.ആർ ശ്രീജേഷും മനു ഭാക്കറും സ്റ്റഡെ ഡി ഫ്രാൻസ് സ്റ്റേഡിയത്തിനു സമീപം ദേശീയ പതാകയുമായി ഫോട്ടോക്ക് പോസ് ചെയ്യുന്നു

# ബൈ ബൈ പാരീസ്

## ഒളിംപിക്സിന് കൊടിയിറങ്ങി ഇനി 2028ൽ ലോസാഞ്ചലസിൽ

പാരീസിൽനിന്ന്
**കമാൽ വരദൂർ**

ബൈ ബൈ പാരീസ്.., പരിചിതമായ പ്രയോഗം. ഇന്നലെ സ്റ്റഡെ ഡി ഫ്രാൻസ് സ്റ്റേഡിയത്തിൽ ഫ്രഞ്ചിലും ഇംഗ്ലീഷിലും ആ പദങ്ങൾ ഉച്ചത്തിലുയർന്നു. പാരീസ് മഹാനഗരം കായിക ലോകത്തോട് വിട ചൊല്ലി. ഇനി 2028ൽ അമേരിക്കൻ നഗരമായ ലോസാഞ്ചലസിൽ കാണാം. രാത്രി വളരെ വൈകി (ഇന്ത്യൻ സമയം 12.30 മുതൽ ) ആരംഭിച്ച സമാപന ചടങ്ങ് രണ്ടര മണിക്കൂർ ദീർഘിച്ചു. ആകർഷണം താരങ്ങളുടെ മാർച്ച് പാസ്റ്റായിരുന്നു. തിങ്ങിനിറഞ്ഞ സ്റ്റഡെ ഡി ഫ്രാൻസിൽ ഇന്ത്യൻ ത്രിവർണ പതാകയുമായി പി.ആർ ശ്രീജേഷും മനു ഭാക്കറുമെത്തിയപ്പോൾ ഗ്യാലറിയിലെ ഇന്ത്യൻ ആരാധകർ ദേശിയ പതാകകൾ വീശി. എല്ലാ കണ്ണുകളും വിനേഷ് ഫോഗട്ടിനെ തേടിയപ്പോൾ ഇന്ത്യൻ ഗുസ്തിയിലെ ഇതിഹാസത്തെ കണ്ടില്ല. നിറഞ്ഞ കൈയ്യടി ആതിഥേയ സംഘത്തിനായിരുന്നു. മെഡൽ പട്ടികയിൽ തകർപ്പൻ മുന്നേറ്റം നടത്തിയ ഫ്രഞ്ച് സംഘത്തിലെ എല്ലാവരും മാർച്ച് പാസ്റ്റിനുണ്ടായിരുന്നു. ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ ഉൾപ്പെടെ ഉന്നതരെ സാക്ഷിയാക്കി നടന്ന ഫ്രഞ്ച് സംഗിത വിരുന്നിനൊപ്പം ലേസർ ഷോയും അരങ്ങ് തകർത്തു. അവസാന ദിവസമായ ഇന്നലെ നടന്ന വനിതാ ബാസ്ക്കറ്റ് ബോൾ ഫൈനലിലെ ജേതാകൾക്കും വനിതാ മാരത്തോൺ ജേതാകൾക്കും വേദിയിൽ മെഡലുകൾ സമ്മാനിച്ചു. രാജ്യാന്തര ഒളിംപിക് കമ്മിറ്റി തലവൻ തോമസ് ബാകിനെ സാക്ഷിയാക്കി പാരീസ് മേയർ ആനി ഹിദാൽഗോ ലോസ്ആഞ്ചലസ് മേയർക്ക് ഒളിംപിക് പതാക കൈമാറി.

## ഓണച്ചെലവിന് പണമില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായ സാഹചര്യത്തിൽ ഓണചെലവിന് പണമില്ലാതെ സർക്കാർ. ബോണസ്, ഉത്സവബത്ത, ഓണം അഡ്വാൻസ് എന്നിവ നൽകുന്നതിന് 700 കോടി രൂപ വേണം. അസംഘടിത മേഖലയിൽ ഉൾപ്പെടെ ആനുകൂല്യം നൽകാൻ 600 കോടി വേറെയും വേണം. സപ്ലൈകോ 500 കോടി ആവശ്യപ്പെട്ടിട്ടുണ്ട്. ക്ഷേമപെൻഷൻ കുടിശ്ശികയിൽ രണ്ടുഗഡു ഈവർഷം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞത് പാലിക്കണമെങ്കിൽ ഒരു ഗഡു ഓണത്തിനും മറ്റൊന്ന് ക്രിസ്തുമസിനും നൽകണം. രണ്ടുമാസത്തെ പെൻഷൻ നൽകാൻ 1900 കോടി രൂപ വേണം. ഡിസംബർ വരെ 21,253 കോടി കടമെടുക്കാനാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നത്. ഇതിൽ 3700 കോടി മാത്രമാണ് ശേഷിക്കുന്നത്. ഇതുകൊണ്ട് ഓണവും ഡിസംബർ വരെയുള്ള ചെലവുകളും എങ്ങനെ തള്ളിനീക്കുമെന്ന അനിശ്ചിതത്വത്തിലാണ് ധനവകുപ്പ്.

## വീണ്ടും ഹിൻഡൻബർഗ് വെളിപ്പെടുത്തൽ

# കേന്ദ്രം കുരുക്കിൽ

- സെബി ചെയർപേഴ്സനും ഭർത്താവിനും അദാനി ഷെൽ കമ്പനികളിൽ നിക്ഷേപമെന്ന് വെളിപ്പെടുത്തൽ
- നിഷേധിച്ച് അദാനി ഗ്രൂപ്പും സെബി ചെയർപേഴ്സനും
- ജെ.പി.സി അന്വേഷണം വേണമെന്ന് കോൺഗ്രസ്

ന്യൂയോർക്ക്: കേന്ദ്ര സർക്കാറിനും അദാനി ഗ്രൂപ്പിനും ഇന്ത്യൻ ഓഹരി വിപണി നിയന്ത്രിക്കുന്ന സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ(സെബി)ക്കും വീണ്ടും ഹിൻഡൻബർഗ് കുരുക്ക്. അദാനി ഗ്രൂപ്പിന്റെ വിദേശ ഷെൽ കമ്പനികളിൽ സെബി ചെയർപേഴ്സനും ഭർത്താവിനും രഹസ്യ നിക്ഷേപമുണ്ടെന്ന ഹിൻഡൻബർഗ് വെളിപ്പെടുത്തലാണ് ദേശീയ രാഷ്ട്രീയത്തിൽ പുതിയ കോളിളക്കം സൃഷ്ടിക്കുന്നത്. ആരോപണങ്ങളിൽ സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് രംഗത്തെത്തി.

2023 ജനുവരിയിൽ യു.എസ് റിസർച്ച് ആന്റ് ഷോർട്ട് സെല്ലിങ് സ്ഥാപനമായ ഹിൻഡൻബർഗ് അദാനി ഗ്രൂപ്പിനെതിരെ പുറത്തുവിട്ട റിപ്പോർട്ട് ഇന്ത്യൻ രാഷ്ട്രീയത്തിലും സമ്പദ് വ്യവസ്ഥയിലും വൻ ചലനങ്ങളുണ്ടാക്കിയിരുന്നു. വിദേശ രാജ്യങ്ങളിലെ ഷെൽ കമ്പനികളിൽ നിന്ന് അദാനി ഗ്രൂപ്പിന്റെ ഇന്ത്യൻ ഓഹരികളിൽ നിക്ഷേപം നടത്തി ഓഹരി മൂല്യം കൃത്രിമമായി പെരുപ്പിച്ചെന്നും ഇത് ഈടാക്കി മാറ്റി അദാനി ഗ്രൂപ്പ് ശതകോടികൾ കൊയ്തെന്നുമായിരുന്നു വെളിപ്പെടുത്തൽ.

വെളിപ്പെടുത്തൽ പുറത്തുവന്നതിനു പിന്നാലെ അദാനി ഗ്രൂപ്പിന്റെ ഓഹരി മൂല്യം കുത്തനെ കൂപ്പു കുത്തി. ഗൗതം അദാനിയുടെ ആസ്തിയിലും വൻ ഇടിവുണ്ടായി. ഇതിന്റെ തുടർച്ചയാണ് പുതിയ വെളിപ്പെടുത്തലും. 2023ലെ തങ്ങളുടെ വെളിപ്പെടുത്തലിൽ നടപടി എടുക്കാൻ സെബി താൽപര്യം കാണിക്കാതിരുന്നത്, അദാനി ഗ്രൂപ്പിന്റെ വിദേശ ഷെൽ കമ്പനികളിൽ സെബി ചെയർപേഴ്സൻ മാധവി പുരി ബച്ചിനും ഭർത്താവ് ദവാൽ ബച്ചിനും നിക്ഷേപമുള്ളതുകൊണ്ടെന്നാണ് പുതിയ ആരോപണം. മൗറീഷ്യസ് കേന്ദ്രമായി പ്രവർത്തിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഷെൽ കമ്പനിയായ ഐ.പി.ഇ പ്ലസ് ഫണ്ട് ഇന്ത്യ ഇൻഫോലൈൻ ലിമിറ്റഡ് (ഐ.ഐ.എഫ്.എൽ) വഴി അദാനി ഗ്രൂപ്പിന്റെ ഇന്ത്യയിലെ ഓഹരികളിൽ നിക്ഷേപം നടത്തിയതായാണ് 18 മാസം മുമ്പ് പുറത്തുവിട്ട ഹിൻഡൻബർഗ് റിപ്പോർട്ടിൽ ആരോപിച്ചിരുന്നത്. മൗറീഷ്യസ് കേന്ദ്രമായി പ്രവർത്തിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഈ ഷെൽ കമ്പനിയിൽ മാധവി ബച്ചിനും ദബാൽ ബച്ചിനും രഹസ്യ നിക്ഷേപമുണ്ടെന്നാണ് പുതിയ വെളിപ്പെടുത്തൽ.



ഗൗതം അദാനി



ദവാൽ ബച്ച്



മാധവി ബച്ച്

2023ലെ റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങൾ ഉണ്ടായിരുന്നിട്ടും മൗറീഷ്യസിലെ ഷെൽ കമ്പനിക്കെതിരെ സെബി ഒരു തരത്തിലുള്ള നീക്കവും നടത്തിയില്ല. ഇ.എം റീസർജന്റ് ഫണ്ട്, എമർജിങ് ഇന്ത്യ ഫോക്കസ് ഫണ്ട് തുടങ്ങിയ അദാനി ഗ്രൂപ്പിന്റെ മറ്റു വിദേശ ഷെൽ കമ്പനികൾക്കെതിരെയും സെബിയുടെ ഭാഗത്തുനിന്ന് നീക്കമുണ്ടായില്ല. പകരം അദാനി ഗ്രൂപ്പിനെ വെള്ളപൂശുന്ന റിപ്പോർട്ടാണ് സെബി സുപ്രീംകോടതിയിൽ നൽകിയത്. സെബി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹിൻഡൻബർഗ് കേസിൽ അദാനി ഗ്രൂപ്പിന് സുപ്രീംകോടതി ക്ലീൻചിറ്റ് നൽകുകയും ചെയ്തിരുന്നു. പുതിയ വെളിപ്പെടുത്തലോടെ ഈ നീക്കങ്ങളെല്ലാം സംശയത്തിന്റെ മുനയിലാകും.

2017 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ മാധവി ബച്ച് സെബിയിൽ ഫുൾടൈം മെമ്പറായിരുന്നുവെന്നും ഈ സമയത്തെല്ലാം സിംഗപ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കൺസൾട്ടിങ് കമ്പനിയായ അഗോറ പാർട്ണേഴ്സിൽ മാധവി ബച്ചിന് സാമ്പത്തിക നിക്ഷേപമുണ്ടായിരുന്നുവെന്നും പുതിയ റിപ്പോർട്ടിൽ പറയുന്നു. മാധവി ബച്ച് സെബി ചെയർപേഴ്സൺ ആയി നിയമിതയായി രണ്ടാഴ്ചക്കു ശേഷം 2022 മാർച്ച് 16നാണ് ഈ നിക്ഷേപങ്ങൾ ഭർത്താവ് ദവാൽ ബച്ചിന്റെ പേരിലേക്ക് ട്രാൻസ്ഫർ ചെയ്തത്.

ബ്ലാക് സ്റ്റോൺ എന്ന ഷെൽ കമ്പനിയുടെ സീനിയർ അഡ്വൈസറായി ദവാൽ ബച്ച് 2019ലാണ് നിയമിതനായത്. ഈ സമയത്തും മാധവി ബച്ച് സെബിയിൽ ഫുൾടൈം മെമ്പറായിരുന്നു. ബ്ലോക്സ്റ്റോൺ സ്പോൺസർ ചെയ്ത മൈൻഡ് സ്പേസ്, നെക്സസ് സെലക്ട് ട്രസ്റ്റ് എന്നിവക്ക് റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (റീറ്റ്സ്) എന്ന നിലവിൽ സെബി ഐ.പി.ഒ അനുമതി നൽകിയതും ഇക്കാലത്താണ്. ഭർത്താവ് ദവാൽ ബച്ച് ഡയരക്ടറായ അഗോറ അഡ്വൈസറി എന്ന കൺസൾട്ടിങ് കമ്പനിയുടെ 99ശതമാനം ഓഹരിയും മാധവി ബച്ചിന്റേതാണെന്നും 2022ൽ 2,61,000 ഡോളറാണ് ഈ കമ്പനി വരുമാനം കാണിച്ചിരിക്കുന്നതെന്നും സെബി ചെയർപേഴ്സൻ എന്ന നിലയിലുള്ള ശമ്പളത്തിന്റെ 4.4 ഇരട്ടി വരുമിതെന്നും ഹിൻഡൻബർഗ് വെളിപ്പെടുത്തലിൽ പറയുന്നു. വെളിപ്പെടുത്തൽ പുറത്തുവന്നതിനു പിന്നാലെ കേന്ദ്ര സർക്കാറിനെതിരെ കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ രംഗത്തെത്തി.

നടന്നത് ക്രൂരമായ ലൈംഗിക പീഡനം 05

# ഇന്നും നാളെയും ചാലിയാറിൽ തിരച്ചിൽ

## വയനാട്ടിൽ ജനകീയ തിരച്ചിൽ തുടരും ഇന്നലെ മൂന്ന് ശരീര ഭാഗങ്ങൾ കണ്ടെടുത്തു

മുണ്ടക്കൈ: ചൂരമൽമല, മുണ്ടക്കൈ ഉരുൾദുരന്തത്തിൽ കാണാതായവർക്കു വേണ്ടി മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയോരം ചേർന്ന് അഞ്ചിടങ്ങളിലായി ഇന്നും നാളെയും വിശദമായ തെരച്ചിൽ നടത്തും. മുണ്ടേരി ഫാം മുതൽ പരപ്പാൻപാറ വരെയുള്ള അഞ്ചുകിലോമീറ്റർ ദൈർഘ്യത്തിലായിരിക്കും തിരച്ചിൽ. രാവിലെ ഏഴുമണിക്കു മുണ്ടേരി ഫാം മേഖലയിൽ തുടങ്ങുന്ന തിരച്ചിൽ ഉച്ചയ്ക്കു രണ്ടുമണിക്കു പരപ്പൻപാറയിൽ അവസാനിക്കും. എൻ.ഡി.ആർ.എഫ്, അഗ്നിരക്ഷാ സേന, സിവിൽ ഡിഫൻസ് സേന, പൊലീസ്, വനംവകുപ്പ് എന്നീ സേനകൾ അടങ്ങുന്ന 60 അംഗ സംഘമായിരിക്കും തിരച്ചിൽ നടത്തുക. വൈദഗ്ധ്യം ആവശ്യമായതിനാൽ ചാലിയാർ പുഴയുടെ ഈ ഭാഗത്തെ തിരച്ചിലിലിന് സന്നദ്ധപ്രവർത്തകരെ അനുവദിക്കില്ലെന്ന് മന്ത്രിസഭാ ഉപസമിതി അംഗം പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. വനമേഖലയായ പാണൻകായത്തിൽ 10 സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ 50 അംഗ സംഘമായിരിക്കും തിരച്ചിൽ നടത്തുക. പാണൻകായ മുതൽ പൂക്കോട്ടുമന വരെയും പൂക്കോട്ടുമന മുതൽ ചാലിയാർ മുക്കുവരെയും 20 സന്നദ്ധപ്രവർത്തരും 10 പോലീസുകാരും അടങ്ങുന്ന 30 അംഗസംഘവും ഇരുട്ടുകുത്തി മുതൽ കുമ്പളപ്പാറ വരെ സന്നദ്ധപ്രവർത്തകർ ഉൾപ്പെടുന്ന 40 അംഗ സംഘവും തിരച്ചിൽ നടത്തും.

അതിനിടെ ഇന്നലെ ദുരന്ത മേഖലയിൽ നടന്ന ജനകീയ തിരച്ചിലിൽ കാന്തൻപാറ വനത്തിനുള്ളിൽനിന്നു മൂന്നു ശരീരഭാഗങ്ങൾ കണ്ടെത്തി. എന്നാൽ പോസ്റ്റ്മോർട്ടത്തിനു ശേഷമേ ഇവ മനുഷ്യശരീരമാണോ എന്നു വ്യക്തമാകൂ. അട്ടമലയിൽനിന്ന് അസ്ഥിയും കണ്ടെത്തി. ഇതും മനുഷ്യന്റേതാണോ ഇപ്പോഴുണ്ടായ ദുരന്തത്തിന്റെ ഭാഗമാണോ എന്നു പരിശോധിക്കും.





മുണ്ടക്കൈയിലെ ഉരുൾപൊട്ടൽ ദുരന്ത ബാധിത മേഖലയിൽ ഇന്നലെ നടന്ന ജനകീയ തിരച്ചിൽ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 12 തിങ്കൾ
ഗൾഫ് ചന്ദ്രിക

## എഐ ഫ്യൂച്ചർ ടച്ച് എക്സ്പോയിൽ ഒന്നാം സ്ഥാനം നേടി മലയാളി വിദ്യാർഥി

മനാമ: തമിഴ്നാട് ധർമ്മപുരിയിൽ നടന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫ്യൂച്ചർ ടച്ച് എക്സ്പോയിൽ ഒന്നാം സ്ഥാനം നേടി മലയാളി വിദ്യാർഥി. കണ്ണൂർ സിറ്റി സ്വദേശി നാസിലാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു പങ്കെടുത്ത 1400 പേരെ പിന്നിലാക്കി നേട്ടം കരസ്ഥമാക്കിയത്. ഐഐടി മദ്രാസ്, ഐഐഎം ബാംഗ്ലൂർ എന്നിവിടങ്ങളിലെ വിദ്യാർഥികളും മത്സരത്തിൽ പങ്കെടുത്തിരുന്നു. ബഹ്റൈനിൽ പ്രവാസിയായ ഉപ്പടത്തിൽ നൗഷാദ്നാസില ദമ്പതികളുടെ മകനാണ് നാസിൽ.


നാസിൽ



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.86 ₹
1 ഒമാനി റിയാൽ 218.32 ₹
1 സൗദി റിയാൽ 22.37 ₹
1 ഖത്തർ റിയാൽ 23.06 ₹
1 കുവൈത്ത് ദിനാർ 274.58 ₹
1 ബഹ്റൈൻ ദിനാർ 223.00 ₹



### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 294.50
22 കാരറ്റ് 272.75
21 കാരറ്റ് 264.00
18 കാരറ്റ് 226.25

ഗൾഫ് വാർത്തകൾ

# വാടക മുറി കരാർ റദ്ദാക്കിയില്ല; മലയാളിക്ക് വൻതുക പിഴ

ഗഫൂർ ബേക്കൽ
ഷാർജ

വാടക മുറി കരാർ റദ്ദാക്കുക്കുതിൽ അശ്രദ്ധ കാണിച്ച മലയാളിക്ക് വൻതുക പിഴ. നാട്ടിലേക്കുള്ള യാത്ര മുടങ്ങിയെന്ന് മാത്രമല്ല കനിവിനായി കാര്യാലയങ്ങൾ കയറി ഇറങ്ങുകയാണ് നിലമ്പൂർ സ്വദേശി. വാടക മുറി ഒഴിയുമ്പോൾ നഗരസഭയിൽ വാടക കരാർ റദ്ദാക്കിയിരിക്കണമെന്ന ചട്ടം ശ്രദ്ധിക്കാത്തതിനാൽ നിരവധി പേർ കുടുക്കിലായ വാർത്ത ഇക്കഴിഞ്ഞ ഒന്നാം തിയ്യതി 'ഗൾഫ് ചന്ദ്രിക' റിപ്പോർട്ട് ചെയ്തിരുന്നു. സമാന വിഷയത്തിൽ പിഴയും കേസുമായി വലഞ്ഞ നിരവധി പേരാണ് 'ഗൾഫ് ചന്ദ്രിക'യുമായി ബന്ധപ്പെട്ട് പരിഹാര മാർഗത്തിനായി സഹായം അഭ്യർത്ഥിക്കുന്നത്.

മലപ്പുറം നിലമ്പൂർ സ്വദേശിയായ എം.ടി അബൂബക്കർ 2014 തുടക്കത്തിൽ ഷാർജ മുസല്ല ഏരിയയിൽ റിയൽ എസ്റ്റേറ്റ് ഏജൻസി മുഖേന സ്റ്റുഡിയോ ഫ്ളാറ്റ് എടുത്തിരുന്നു. വർഷം 14,000 ദിർഹമായിരുന്നു വാടക. മൂന്ന് വർഷത്തെ താമസത്തിന് ശേഷം 2017ൽ ഫ്ളാറ്റ് ഒഴിഞ്ഞു. എല്ലാ ഇടപാടുകളും കൃത്യമായി തീർത്തതിനാൽ റിയൽ എസ്റ്റേറ്റ് ഓഫീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത ക്ലിയറൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് ഷാർജ നഗരസഭയിലെ വാടക കരാർ റദ്ദാക്കിയിരുന്നില്ല. നാട്ടിൽ മാതാവിന് കലശലായ അസുഖമായതിനാൽ പൊടുന്നനെ നാട്ടിലേക്ക് പോയി വരികയും ചെയ്തു.

പ്രത്യേകിച്ച് കുഴപ്പങ്ങളോ, തടസ്സങ്ങളോ അനുഭവപ്പെടാത്തതിനാൽ ഇക്കാര്യത്തിൽ വലിയ കണിശത ഉണ്ടാവില്ല എന്ന കണക്ക് കൂട്ടലിലായിരുന്നു. ഒരു തവണ വിസ പുതുക്കുകയും ചെയ്തു. പിന്നീട് പലപ്രാവശ്യം നാട്ടിലേക്കും തിരിച്ചും യാത്ര ചെയ്തു. 2023 നവംബറിൽ വിസ വീണ്ടും പുതുക്കാൻ ശ്രമിച്ചപ്പോൾ അപേക്ഷ സ്വീകരിക്കാത്ത അവസ്ഥ. ഇതിനെ തുടർന്ന് അന്വേഷിച്ചപ്പോഴാണ് മുസല്ലയിലെ ഒഴിഞ്ഞ് കൊടുത്ത ഫ്ളാറ്റുമായി ബന്ധപ്പെട്ട് നഗരസഭ വാടക തർക്ക പരിഹാര കോടതിയിൽ കേസുണ്ടായിരുന്നതായും ഈയിടെ കേസിൽ വിധി പുറപ്പെടുവിക്കുകയും ചെയ്തു എന്ന വിവരം അറിയുന്നത്. എന്നാൽ കേസ് സംബന്ധിച്ച ഒരു വിവരവും തനിക്ക് ലഭിച്ചിരുന്നില്ല എന്ന് അബൂബക്കർ പറയുന്നു. റിയൽ എസ്റ്റേറ്റ് ഏജൻസി നൽകിയ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നഗരസഭയിൽ ഹാജരാക്കി കരാർ റദ്ദാക്കാതിരുന്നതാണ് കേസിനും നിയമ നടപടിക്കും കാരണമായത്. കരാർ റദ്ദാക്കാത്തത് കാരണം നഗരസഭയുടെ ചട്ട പ്രകാരം പ്രസ്തുത ഫ്ളാറ്റ് ഇദ്ദേഹത്തിന്റെ തന്നെ ഉടമസ്ഥതയിലാണ്.


വാടക കെട്ടിട കരാർ റദ്ദാക്കാതിരുന്നാൽ നിയമക്കുരുക്കിലാവും

അതുകൊണ്ട് തന്നെ റിയൽ എസ്റ്റേറ്റ് ഏജൻസിക്ക് ഈ ഫ്ളാറ്റ് മറ്റൊരാൾക്ക് എഗ്രിമെന്റ് ചെയ്തു വാടകക്ക് കൊടുക്കാനാകുമായിരുന്നില്ല. തുടർന്ന് നടത്തിയ അന്വേഷണത്തിൽ 80,300 ദിർഹം നഗരസഭ കോടതി പിഴ വിധിച്ചതായി മനസ്സിലായി. ഇന്റീരിയൽ ഡക്കറേഷൻ ജോലിയുമായി കഴിഞ്ഞ് കൂടിയിരുന്ന അബൂബക്കറിന് ഇത്രയും വലിയ തുക പിഴയടക്കാനുള്ള നിർവ്വാഹമുണ്ടായിരുന്നില്ല. ഇത് കാരണം വിസ പുതുക്കുന്നതും അനിശ്ചിതമായി വൈകി, താമസിയാതെ രാജ്യത്ത് അനധികൃത താമസക്കാരനായി. ഇതിനിടക്ക് ഒരു പ്രാവശ്യം സിഐഡി ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കുടുങ്ങി, 20 ദിവസം ജയിലിലുമായി. പാസ്പോർട്ട് ജാമ്യത്തിലാണ് പുറത്തിറങ്ങിയത്. യാത്ര നിരോധനം കൂടി ആയതിനാൽ നാട്ടിലേക്കുള്ള പോക്കും മുടങ്ങി. മാതാവിന്റെ രോഗം മൂർഛിച്ച സമയത്ത് പോലും വീടണയാനുള്ള ആഗ്രഹം തടസ്സപ്പെട്ടു. ഇത്രയും വലിയ സംഖ്യ എങ്ങിനെ അടച്ചു തീർക്കുമെന്നറിയാതെ സഹായം തേടി നഗരസഭ ഓഫീസും നഗരസഭയുടെ സർവ്വീസ് കേന്ദ്രങ്ങളും കയറി അലയുകയാണ് അബൂബക്കർ. നാട്ടിൽ മദ്രസ അധ്യാപകനായിരുന്നു. മെച്ചപ്പെട്ട ജീവിതം പ്രതീക്ഷിച്ചാണ് വിമാനം കയറിയത്. പലവിധ ജോലികൾ ചെയ്തു, കച്ചവടം നടത്തി, അല്ലലില്ലാതെ കഴിയുന്നതിനിടെയാണ് ചെറിയ ഒരു അശ്രദ്ധ മൂലം ഇത്രയും വലിയ പൊല്ലാപ്പിലായത്. പ്രശ്ന പരിഹാരത്തിനായി റിയൽ എസ്റ്റേറ്റ് ഏജൻസിയുടെ സഹായം തേടിയെങ്കിലും അവരും കൈമലർത്തി.

വിധി പറഞ്ഞ ജഡ്ജിക്ക് മുന്നിൽ സങ്കടങ്ങൾ നിരത്തി ഹരജി നൽകാനുള്ള നീക്കത്തിലാണ് അബൂബക്കറിപ്പോൾ. അറിഞ്ഞ് കൊണ്ട് ആരെയും പറ്റിച്ചിട്ടില്ല അത് കൊണ്ട് തന്നെ എന്റെ ആവലാതിയിൽ എനിക്ക് അനുകൂലമായി തീരുമാനമുണ്ടാവുമെന്ന പ്രതീക്ഷയിലും പ്രാർത്ഥനയിലുമാണ്അബൂബക്കർ പറഞ്ഞു നിർത്തി. ഇത്തരത്തിൽ വാടക ഫ്ളാറ്റിൽ നിന്നും താമസം ഒഴിയുന്നതോടെ രക്ഷപ്പെട്ടു എന്ന് കരുതി മറ്റു റൂമുകളിലേക്ക് ചേക്കേറിയവർക്ക് നാട്ടിലേക്കുള്ള യാത്ര സമയത്തും, വിസ പുതുക്കുന്ന വേളയിലും, വഴിയിൽ സി.ഐ.ഡി പരിശോധനയിൽ പെടുന്ന നേരത്തുമെല്ലാമാണ് കഴുത്തിൽ നിയമക്കുരുക്ക് വീണ വിവരമറിയുന്നത്. വ്യക്തിഗത രേഖകളും ബാങ്ക് ചെക്കുകൾ ഉൾപ്പെടെ ഗ്യാരണ്ടിയും നൽകിയാണ് കെട്ടിട ഉടമകളിൽ നിന്ന് നേരിട്ടോ, റിയൽ എസ്റ്റേറ്റ് ഏജൻസികൾ മുഖേനയോ താമസത്തിന് ഫ്ളാറ്റുകളെടുക്കുന്നത്. ജോലി നഷ്ടപ്പെടുക പോലുള്ള കാരണത്താൽ വരുമാനം നിലക്കുകയോ കുറയുകയോ ചെയ്താൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ഫ്ളാറ്റൊഴിവാക്കി താമസം മാറുന്ന പ്രവണത നടപടികൾ ക്ഷണിച്ച് വരുത്തുന്നു. ഇതേ സ്വഭാവത്തിലുള്ള കേസുകളിൽ പലരുടെയും പിഴ സംഖ്യ ലക്ഷം ദിർഹമിനും മുകളിലാണ്. വാടക തർക്ക കേസ് നടപടികളിൽ പിഴ അടക്കലിൽ കുറഞ്ഞ ഒരുവിധ ഒത്തു തീർപ്പിനും റിയൽ എസ്റ്റേറ്റ് ഏജൻസികളും കെട്ടിട ഉടമകളും സന്നദ്ധരാവുന്നില്ല. കാരണം നിയമ നടപടി നീണ്ട് പോവുന്ന വർഷങ്ങളത്രയും ഫ്ളാറ്റുകൾ മറ്റൊരാൾക്ക് മറിച്ചു നൽകാനാവാതെ അടച്ചിടേണ്ടി വരുന്നതാണ് കെട്ടിട ഉടമകളെ നിലപാട് കർശനമാക്കാൻ പ്രേരിപ്പിക്കുന്നത്.

### ഉപയോഗത്തിൽ മുന്നിൽ മെട്രോയും ടാക്സിയും

# പൊതുഗതാഗതത്തിൽ കുതിപ്പുമായി ദുബൈ ആർടിഎ

ദുബൈ: പൊതുഗതാഗത ഉപയോഗത്തിൽ കുതിപ്പുമായി ദുബൈ. ബസ്, മെട്രോ, ടാക്സി, ബോട്ട്, അബ്ര, ട്രാം തുടങ്ങി പൊതുഗതാഗതത്തിൽ 2024 വർഷത്തിന്റെ ആദ്യപകുതിയിൽ വമ്പിച്ച വർധന രേഖപ്പെടുത്തി, 361.2 മില്യൻ ആളുകൾ ഈ സംവിധാനം ഉപയോഗിച്ചതായി റോഡ്സ് ആന്റ് ട്രാൻപോർട് അതോറിറ്റി വ്യക്തമാക്കി. ഇതിൽ 37 ശതമാനം ആളുകൾ ഉപയോഗിച്ചത് മെട്രോയും 27 ശതമാനം ടാക്സി സർവീസുമാണ്. 24.5 ശതമാനം യാത്രക്കാർ ബസ് ഉപയോഗിച്ചു. ജനുവരി മാസത്തിലാണ് ഏറ്റവും വലിയ തിരക്ക് അനുഭവപ്പെട്ടത്.





65 ദശലക്ഷം യാത്രക്കാരാണ് പുതുവർഷത്തിന്റെ തുടക്കത്തിൽ പൊതുഗതാഗതം ഉപയോഗിച്ചത്. 2023ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2024ന്റെ ആദ്യ പകുതിയിൽ യാത്രക്കാരുടെ എണ്ണത്തിൽ 6 ശതമാനം വളർച്ചയുണ്ടായി. ദുബൈയുടെ സാമ്പത്തിക കുതിപ്പിന്റെ ഒരു പ്രധാന സൂചകമാണിത്, താമസക്കാരെയും സന്ദർശകരെയും പൊതുഗതാഗതം ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആർടിഎ പദ്ധതികളുടെ ഫലപ്രാപ്തിയാണിത്. എമിറേറ്റിൽ വൈവിധ്യമാർന്ന മൊബിലിറ്റി ഓപ്ഷനുകളുടെ ലഭ്യതയും. എമിറേറ്റിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ദുബൈയിലെ സംയോജിത പൊതുഗതാഗത സംവിധാനം ജനവിഭാഗങ്ങൾക്കിടയിൽ പൊതുഗതാഗത ഉപയോഗത്തിന്റെ സംസ്കാരത്തെ മാറ്റിമറിച്ചു.

ദുബൈ മെട്രോയുടെ റെഡ്, ഗ്രീൻ ലൈനുകൾ 2024 ആദ്യ പകുതിയിൽ 133 ദശലക്ഷം യാത്രക്കാരെ കയറ്റി. ബർജുമാൻ, യൂണിയൻ സ്റ്റേഷനുകളിലാണ് ഏറ്റവും കൂടുതൽ യാത്രക്കാരെത്തിയത്. 7.8 ദശലക്ഷം യാത്രക്കാർ ബർജുമാനിലെത്തിയപ്പോൾ യൂണിയൻ സ്റ്റേഷനിൽ 6.3 ദശലക്ഷം ഉപയോക്താക്കളെത്തി. റെഡ് ലൈനിൽ, 6.2 ദശലക്ഷം ഉപയോക്താക്കളുള്ള അൽ റിഗ്ഗ സ്റ്റേഷനിലാണ് ഏറ്റവും കൂടുതൽ യാത്രക്കാരുള്ളത്, 5.6 ദശലക്ഷവുമായി മാൾ ഓഫ് എമിറേറ്റ്സ്, 5.2 ദശലക്ഷവുമായി ബിസിനസ് ബേ. ഗ്രീൻ ലൈനിൽ, 4.7 ദശലക്ഷം ഉപയോക്താക്കളുമായി ഷറഫ് ഡിജി സ്റ്റേഷൻ ഒന്നാം സ്ഥാനത്തും 4.1 ദശലക്ഷം ഉപയോക്താക്കളുമായി ബനിയാസ് സ്റ്റേഷനും 3.3 ദശലക്ഷം ഉപയോക്താക്കളുമായി സ്റ്റേഡിയം സ്റ്റേഷനും രണ്ടാം സ്ഥാനത്താണ്.

ദുബൈ ട്രാമിൽ ഈ കാലയളവിൽ 4.5 ദശലക്ഷം യാത്രക്കാരെത്തി. ബസിൽ 89.2 ദശലക്ഷവും ജലഗതാഗതത്തിൽ 9.7 ദശലക്ഷവും യാത്ര ചെയ്തു. ടാക്സികൾ 97 ദശലക്ഷം യാത്രക്കാരെ വഹിച്ചു. സ്വകാര്യ വാഹനങ്ങളിൽ പങ്കാളിത്ത യാത്ര പ്രോത്സാഹിപ്പിക്കാനാണ് ആർടിഎ ലക്ഷ്യമിടുന്നതെന്ന് മേധാവി മത്തർ അൽതായർ വ്യക്തമാക്കി. റോഡുകളുടെയും പൊതുഗതാഗതത്തിന്റെയും കാര്യക്ഷമത വർധിപ്പിക്കുന്നതിന് ട്രാഫിക് മാനേജ്മെന്റ് സംവിധാനങ്ങളിലും ആർടിഎ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2030 ഓടെ പൊതു ഗതാഗത യാത്രകളുടെ വിഹിതം 25 ശതമാനമായി വർധിപ്പിക്കുക എന്ന തന്ത്രപരമായ ലക്ഷ്യത്തോടെ ജനങ്ങളുടെ മൊബിലിറ്റിയിൽ പൊതുഗതാഗതത്തിന്റെ പങ്ക് തുടർച്ചയായി വർധിപ്പിക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

## മാർബിളിന്റെ മറവിൽ മയക്കുമരുന്ന് കടത്താൻ ശ്രമിച്ചവർ പിടിയിൽ

ഷാർജ: മാർബിൾ കല്ലുകൾക്കുള്ളിൽ മയക്കുമരുന്ന് കടത്താൻ പദ്ധതിയിട്ടിരുന്ന സംഘത്തെ ഷാർജ പോലീസ് അറസ്റ്റ് ചെയ്തു. 'ദി ഡിസ്ട്രക്റ്റീവ് സ്റ്റോൺ' എന്ന ഓപ്പറേഷനിലൂടെ സംഘത്തിന്റെ ശ്രമം പോലീസ് പരാജയപ്പെടുത്തി. സംഭവത്തിൽ മൂന്ന് പേരാണ് പിടിയിലായത്. രാജ്യത്തിന് പുറത്തുള്ള ഡീലർമാരാണ് മൂന്ന് പ്രതികൾക്കും നിർദ്ദേശം നൽകിയത്. ഏഷ്യൻ പൗരൻമാരായ പ്രതികൾ, 226 കിലോയിലധികം ഹാഷിഷ്, സൈക്കോട്രോപിക് ലഹരിവസ്തുക്കൾ, മയക്കുമരുന്ന് എന്നിവ കടത്തിക്കൊണ്ടുവന്ന് രാജ്യത്തിനകത്ത് വിൽക്കുന്നതിന് മാർബിൾ കല്ലുകൾക്കുള്ളിൽ ഒളിപ്പിക്കാൻ പദ്ധതിയിട്ടിരുന്നു. ഷാർജ പോലീസിലെ ആന്റി നാർക്കോട്ടിക് വിഭാഗം ഡയറക്ടർ കേണൽ മജീദ് സുൽത്താൻ അൽഅസം, രാജ്യത്തിന് പുറത്തുള്ള ഡീലർമാരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഒരു സംഘത്തിന്റെ നിലനിൽപ്പിനെ സൂചിപ്പിക്കുന്ന വിവരങ്ങൾ ലഭിച്ചതായി വെളിപ്പെടുത്തി.





ദുബൈ കണ്ണൂർ ജില്ലാ കെഎംസിസി ഫണ്ട് ശേഖരണം കണ്ണൂർ മണ്ഡലം കെഎംസിസി പ്രസിഡന്റ് മൊയ്ദു മഠത്തിലിൽ നിന്ന് തുക സ്വീകരിച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് റഈസ് തലശ്ശേരി ഉദ്ഘാടനം ചെയ്യുന്നു

### വയനാട് പുനരധിവാസ ഫണ്ട് ശേഖരണം

## ദുബൈ കണ്ണൂർ കെഎംസിസി 25 ലക്ഷം രൂപ സമാഹരിക്കും

ദുബൈ: മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി നടത്തുന്ന വയനാട് പുനരധിവാസ ഫണ്ട് ശേഖരണത്തിൽ 25 ലക്ഷം രൂപ സമാഹരിക്കാൻ കണ്ണൂർ ജില്ലാ കെ എംസിസി ഭാരവാഹികളുടെയും മണ്ഡലം ഭാരവാഹികളുടെയും യോഗം തീരുമാനിച്ചു. സംസ്ഥാന കെഎംസിസി വൈസ് പ്രസിഡന്റ് റഈസ് തലശ്ശേരി ഉദ്ഘാടനം ചെയ്തു. ജില്ലാ ആക്ടിങ് പ്രസിഡന്റ് റഫീഖ് കൊറോത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ ട്രഷറർ റഹ്ദാദ് മൂഴിക്കര പദ്ധതി വിശദീകരണം നടത്തി.

വിവിധ മണ്ഡലങ്ങളെ പ്രധിനിധീകരിച്ച് അബ്ദുൽ ജബ്ബാർ, താഹിർ അലി, ഹാരിസ്, സുനീത്, മൊയ്തു മഠത്തിൽ, യാസിർ, റാഫി, നൗഷാദ്, ആഷിക്, സിദ്ധീഖ് മരുന്നൻ, സിറാജ്, അർഷാദ്, ജില്ലാ ഭാരവാഹികളായ റഫീഖ് കല്ലിക്കണ്ടി, മുനീർ ഐക്കോടിച്ചി, ജാഫർ മാടായി, സലാം എലാങ്കോട്, ബഷീർ കാവുമ്പടി, ടി.കെ റയീസുദ്ദീൻ, വാഹിദ് പാനൂർ, ഉനൈസ് മട്ടന്നൂർ എന്നിവർ പ്രസംഗിച്ചു. ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനം കണ്ണൂർ മണ്ഡലം കെഎംസിസി പ്രസിഡന്റ് മൊയ്ദു മഠത്തിൽ റയീസ് തലശ്ശേരിക്ക് നൽകി നിർവഹിച്ചു.

ജില്ലാ ആക്ടിങ് സെക്രട്ടറി അലി ഉളിയിൽ സ്വാഗതവും സെക്രട്ടറി ബഷീർ കാട്ടൂർ നന്ദിയും പറഞ്ഞു.

# കുവൈത്തിൽ താമസ രേഖയിലെ മേൽവിലാസം നിലനിർത്താത്തവരിൽ നിന്ന് പിഴ ഈടാക്കും

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

താമസ രേഖയിൽ നിന്ന് 507 പേരുടെ മേൽവിലാസം നീക്കം ചെയ്ത് പബ്ലിക് അതോറിറ്റി ഫോർ സിവിൽ ഇൻഫർമേഷൻ(പിഎസിഐ). പാർപ്പിട ഉടമകളുടെ അഭ്യർത്ഥന പ്രകാരവും കെട്ടിടങ്ങൾ പൊളിക്കുന്നതിന്റെ ഭാഗമായും എടുക്കേണ്ടി വന്ന നടപടി ക്രമങ്ങളുടെ ഭാഗമാണിതെന്ന് പിഎസിഐ ഔദ്യോഗിക ഗസറ്റ് വഴി അറിയിച്ചു. വിലാസം നഷ്ടപ്പെട്ടവരോട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തിനകം ആവശ്യമായ രേഖകൾ സഹിതം പിഎസിഐയുടെ കാര്യാലയം സന്ദർശിച്ച് പുതിയ വിലാസം രജിസ്റ്റർ ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം 100ദിനാറിൽ കുറയാത്ത സംഖ്യ പിഴ ചുമത്തപ്പെടും. ജുനൂബ് അൽ സുറയിലെ പിഎസിഐയുടെ ഹെഡ് കോർട്ടേസ് കൂടാതെ ഉപകാര്യലയങ്ങൾ സ്ഥിതി ചെയ്യുന്ന കുവൈത്ത് സിറ്റിയിലെ ലിബറേഷൻ ടവർ, ഫർവാനിയ, ജഹ്റ, സബാഹിയ തുടങ്ങിയ സ്ഥലങ്ങളിൽ അതോറിറ്റിയുടെ സേവനം ലഭ്യമാണ്. പിഎസിഐയുടെ അന്തിമ കണക്ക് പ്രകാരം വരവിനേക്കാൾ 23.185 ദശലക്ഷം ദിനാർ അധിക ചിലവാണുണ്ടായിട്ടുള്ളത്. ആകെ ചിലവ് 40.515 ദശലക്ഷം കുവൈത്ത് ദിനാറാണ്.വരവ് 17.330 ദശലക്ഷം ദിനാറും. മന്ത്രാലയങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും ബജറ്റിലാണ് പബ്ലിക്ക് സിവിൽ ഇൻഫർമേഷൻ അതോറിറ്റിയുടെ ചെലവ് വർദ്ധിച്ചതെന്ന് ഔദ്യോഗിക ഗസറ്റായ കുവൈത്ത് ടുഡേ വ്യക്തമാക്കി.



# ഗസ്സയിൽ സ്കൂളിന് നേരെയുണ്ടായ നരനായാട്ടിൽ വ്യാപക പ്രതിഷേധം

ഗസ്സ: ഫലസ്തീനികൾ ഗസ്സയിൽ നിന്നും കൂട്ടത്തോടെ കുടിയൊഴിയുന്നു. ജനവാസ മേഖലകളിൽ ഇസ്രാഈൽ ക്രൂരമായ ബോംബാക്രമണം തുടരുന്ന സാഹചര്യത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ മാത്രം 75,000 ലധികം ആളുകൾ പലായനം ചെയ്തതായി ഫലസ്തീൻ അഭയാർത്ഥികൾക്കായുള്ള യുഎൻ ഏജൻസി വെളിപ്പുടുത്തി. ഇപ്പോൾ കുടിയിറക്കപ്പെടുന്നവർ പ്രത്യേക ലക്ഷ്യസ്ഥാനങ്ങളില്ലാതെ തിങ്ങിനിറഞ്ഞ ഷെൽട്ടറുകളിൽ അഭയം തേടുകയാണെന്നും എല്ലാം നഷ്ടപ്പെട്ട ഇവർക്ക് സഹായം അനിവാര്യമാണെന്നും യുഎൻ ഏജൻസി കമ്മീഷണർ ഫിലിപ്പ് ലസാരിനി പറഞ്ഞു. കഴിഞ്ഞ ദിവസം അൽ തബിൻ സ്കൂളിനു നേരെയുണ്ടായ ഇസ്രായേൽ ആക്രമണത്തെ കടുത്ത ഭാഷയിൽ വിമാർശിച്ച് യുഎഇ. 12 പേരുടെ മരണത്തിനും നൂറു കണക്കിന് പേർക്ക് പരുക്കേൽക്കാനും കാരണമായ അക്രമണം അംഗീകരിക്കാനാവില്ല. സാധാരണക്കാർക്ക് നേരെയുള്ള ആക്രമണങ്ങൾ യുദ്ധ മര്യാദകളുടെ ലംഘനമാണ്. അടിയന്തരമായി ദുരിതാശ്വാസം എത്തിക്കാനുള്ള നടപടി വേഗത്തിലാക്കണമെന്നും യുഎഇ ആവശ്യപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തകരുടെ വഴി തടയരുത്. കൂടുതൽ ജീവഹാനി ഉണ്ടാകുന്നത് തടയാൻ അടിയന്തരമായി വെടിനിർത്തൽ പ്രഖ്യാപിക്കണം. രാജ്യാന്തര കരാറുകളും രാജ്യാന്തര നിയമങ്ങളും ലംഘിക്കപ്പെടരുത്. ജനങ്ങളെ ലക്ഷ്യമിട്ടുള്ള ആക്രമണം നിർത്തണമെന്നും വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു. പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാതിരിക്കാൻ രാജ്യാന്തര സമൂഹത്തിന്റെ ഇടപെടലും യുഎഇ അഭ്യർഥിച്ചു. ദുരിതാശ്വാസ ക്യാംപായി പ്രവർത്തിച്ചിരുന്ന സ്കൂളിനു നേരെയുണ്ടായ ആക്രമണത്തെ അറബ് ലീഗും അപലപിച്ചു. ഇസ്രാഈലിന്റേത് ഭീരുത്വ നടപടിയാണെന്നും അവരുടെ പട്ടാളത്തിനു നാണക്കേടുണ്ടാക്കുന്ന സംഭവമാണിതെന്നും അറബ് ലീഗ് സെക്രട്ടറി ജനറൽ അഹമ്മദ് അബൂൾ ഗെയ്ത് പറഞ്ഞു. തടവിലുള്ളവരെ മോചിപ്പിച്ചു കൊണ്ട് അടിയന്തര യുദ്ധവിരാമം യാഥാർഥ്യമാക്കണമെന്നും സെക്രട്ടറി ജനറൽ ആവശ്യപ്പെട്ടു. ഇസ്രാഈൽ അക്രമണത്തെ ദ് മുസ്ലിം കൗൺസിൽ ഓഫ് എൽഡേഴ്സും അപലപിച്ചു. ദുരിതാശ്വാസ ക്യാംപിന് നേരെ നടത്തിയ ആക്രമണം ന്യായീകരിക്കാൻ കഴിയില്ലെന്നു അൽ അസർ ഗ്രാൻഡ് ഇമാം ഡോ. അഹമ്മദ് അൽ തായേബ് പറഞ്ഞു. ആക്രമണം അവസാനിപ്പിക്കണമെന്നും പരുക്കേറ്റവർക്കു വൈദ്യ സഹായം ഉൾപ്പെടെ അടിയന്തരമായി എത്തിക്കാൻ നടപടി സ്വീകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.



# ഉപഭോക്താക്കളെ ആകർഷിക്കാൻ 'സൂക്ക് അൽ ജുമുഅ' ഒരുങ്ങുന്നു

കുവൈത്ത് സിറ്റി: വാരാന്ത്യത്തിൽ വിദേശികളും സ്വദേശികളും ഒരുപോലെയെത്തുന്ന പൊതു കച്ചവട കേന്ദ്രമായ ശുവൈഖ് അൽറായിലെ ഫ്രൈഡേ മാർക്കറ്റ് വിപുലീകരിക്കുന്നു. ഗുണമേന്മയുള്ള എല്ലാ ഉൽപന്നങ്ങളും ഇവിടെ ലഭ്യമാണ്. ഈ വെള്ളിയാഴ്ച അങ്ങാടിയിലെത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ശുചീകരണ പ്രവത്തനങ്ങൾ ഉൾപ്പടെ വിപുലമായ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. നവീകരിച്ച ബോർഡുകൾ വിളക്കുകൾ തുടങ്ങിയ സ്ഥാപിച്ച് മാർക്കറ്റിനെ ആധുനിക രീതിയിൽ മാറ്റിയെടുക്കുകയാണ് ലക്ഷ്യം. ധാരാളം ഉപയോക്താക്കളെത്തുന്ന മാർക്കറ്റ് അടച്ചിടാതെ തന്നെ നവീകരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് പബ്ലിക് യൂട്ടിലിറ്റീസ് മാനേജ്മെന്റ് വ്യക്തമാക്കി.


ശുവൈഖ് അൽറായിലെ ഫ്രൈഡേ മാർക്കറ്റ്

**അ**ല്ലാഹുവത്രെ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ആകാശത്തു നിന്ന് വെള്ളം ഇറക്കുകയും എന്നിട്ട് അതുമൂലം നിങ്ങളുടെ ഉപജീവനത്തിനായി കായ്കനികൾ ഉൽപാദിപ്പിക്കുകയും ചെയ്തത്. അവന്റെ കൽപന (നിയമ) പ്രകാരം കടലിലൂടെ, സഞ്ചരിക്കുന്നതിനായി അവൻ നിങ്ങൾക്കു കപ്പലുകൾ വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു. നദികളെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു.

( വിശുദ്ധ ഖുർആൻ: 14: 32 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 സഫർ 08 • 1199 കർക്കിടകം 28

## പച്ചപുതച്ച ധന്യജീവിതം

**ആ**ദർശത്തെ വഴിവിളക്കായി നെഞ്ചോടു ചേർത്തുനടക്കുകയും സമൂഹത്തിനുവേണ്ടി എരിഞ്ഞടങ്ങുകയും ചെയ്ത ഒരു പ്രോജ്വല ജീവിതത്തിന്റെ പേരായിരുന്നു കുട്ടി അഹമ്മദ് കുട്ടി. മുസ്‌ലിം ലീഗിന്റെ അമരക്കാരനായി ആയുസത്രയും സേവനത്തിനുവേണ്ടി നേർച്ചയാക്കിയ രാഷ്ട്രീയത്തിലെ അത്യപൂർവ പ്രതിഭകളിൽ ഒരാളാണ് പടിയിറങ്ങിപ്പോയിരിക്കുന്നത്. കേരള രാഷ്ട്രീയത്തിൽനിന്ന് ധന്യമായ ഒരു ജീവിതം കൂടി മായുകയാണ്. കാലം എത്ര പിന്നിട്ടാലും കുട്ടി അഹമ്മദ് കുട്ടിയുടെ ഇരിപ്പിടം ഒഴിഞ്ഞിരിക്കും. അദ്ദേഹത്തിനുമാത്രം നികത്താൻ കഴിയുന്ന വിടവായി അത് അവശേഷിക്കും.

ഒരുപാട് മേൽവിലാസങ്ങൾ എഴുതിച്ചേർത്താണ് കുട്ടി അഹമ്മദ് കുട്ടിയുടെ മടക്കം. രാഷ്ട്രീയക്കാരൻ, പണ്ഡിതൻ, കർമ്മനിരതനായ പൊതുപ്രവർത്തകൻ, സാംസ്കാരിക ചിന്തകൻ, എഴുത്തുകാരൻ, പരിസ്ഥിതി പ്രവർത്തകൻ... അങ്ങനെ തങ്ക ലിപികളിൽ അടയാളപ്പെടുത്തിയ ജീവിതം. സൗഹൃദങ്ങളെ നെഞ്ചോടുചേർത്ത സനേഹ പ്രഭാവം. കറപുരളാത്ത വ്യക്തിത്വം. സൗഹൃദങ്ങളെ മുതൽക്കൂട്ടായി കണ്ട നിസ്വാർഥൻ. രാഷ്ട്രീയത്തെ സേവനത്തിന്റെ വിളനിലമാക്കി. അവിടെ അന്യർക്കുവേണ്ടി അക്ഷീണം പണിയെടുത്തു. അധികാര വഴികളിൽനിന്ന് മാറിനടന്നു. പക്ഷേ, ഭരണത്തിന്റെ സിരാകേന്ദ്രങ്ങളിൽ കുട്ടി അഹമ്മദ് കുട്ടിയെ സമൂഹത്തിന് ആവശ്യമായിരുന്നു. ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കാണാനുമുള്ള മികച്ച അവസരമായി മന്ത്രിപദവിയെ അദ്ദേഹം കണ്ടു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനങ്ങൾ കേരളം എക്കാലവും ഓർക്കും. മന്ത്രിയായിരിക്കെ ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്നു. പരമാവധി ചേർത്തുപിടിച്ചു. തന്നിലേക്ക് നീട്ടിയ കരങ്ങളെ നിരാശപ്പെടുത്തിയില്ല. അവിടെ മുഖം നോക്കിയില്ല. എതിരാളികളോട് സൗമ്യമായി വിയോജിക്കുമ്പോഴും അവരുടെ ആവശ്യങ്ങളോടും ആവലാതികളോടും കാതുകൾ ചേർത്തുവെച്ചു. ഒരു തവണ മന്ത്രിയായും മൂന്നു തവണ എം.എൽ.എയായും ജനങ്ങളോടൊപ്പം ഒഴുകി നടന്ന ജീവിതമായിരുന്നു കുട്ടി അഹമ്മദ് കുട്ടിയുടേത്. ഒരു തവണ താനൂരിനെയും രണ്ടുതവണ തീരൂരങ്ങാടിയെയും പ്രതിനിധീകരിച്ചു. നിയമസഭയിൽ വിഷയങ്ങൾ പഠിച്ച് അവതരിപ്പിക്കാൻ ജാഗ്രത പുലർത്തി. അതുകൊണ്ടു തന്നെ സഭയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ശബ്ദവും വേറിട്ടുനിന്നു. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ മാനങ്ങൾ ഉൾക്കൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

പൊതുരംഗത്ത് നിറഞ്ഞുനിൽക്കുമ്പോഴും വായനയുടെ ലോകത്ത് കുട്ടി അഹമ്മദ് കുട്ടി പടർന്നുനിന്നു. കിട്ടുന്നതൊക്കെയും വായിച്ചു. സാഹിത്യവും ചരിത്രവും ശാസ്ത്രവും കുട്ടി അഹമ്മദ് കുട്ടിയുടെ പാണ്ഡിത്യത്തെ സമ്പന്നമാക്കി. പൊതുജീവിതത്തിൽനിന്ന് തെല്ലൊന്ന് മാറി നിൽക്കാൻ കാരണമായ വാഹനാപകടത്തിന് അദ്ദേഹത്തെ പുസ്തകങ്ങളിൽനിന്ന് അടർത്തിമാറ്റാൻ സാധിച്ചില്ല. അവസാന കാലത്തും പുസ്തകങ്ങളോടൊപ്പമായിരുന്നു സഞ്ചാരം. ഗഹനമായ വായന അദ്ദേഹത്തിന്റെ എഴുത്തിനെയും സംസാരത്തെയും കനപ്പെട്ടതാക്കി. അസാധാരണ ഓർമശക്തിയെ കുട്ടി അഹമ്മദ് കുട്ടിയെ വേറിട്ടുനിർത്തി. വായനയിലൂടെ ലഭിച്ച അറിവുകൾ നിറം മങ്ങാതെ സൂക്ഷിക്കാൻ അത് സഹായകമായി. സ്വന്തം നാടിന്റെയും താൻ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിന്റെയും താൽപര്യ സംരക്ഷണത്തിനുവേണ്ടി നിരന്തരം ശബ്ദിച്ചതോടൊപ്പം പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടു.

സ്വാർഥ താൽപര്യങ്ങളോടെ ഒന്നും ചെയ്തില്ല. പൊതുനന്മ മാത്രമായിരുന്നു ലക്ഷ്യം. അഴിമതിയുടെ കറ പറ്റാതെ സൂക്ഷിച്ചു. സമ്പത്തു മുഴുവൻ പൊതുപ്രവർത്തനത്തിനു ചെലവഴിച്ചു. മുസ്‌ലിം ലീഗിന്റെ മുൻനിരയിൽ സജീവമായിരുന്ന കുട്ടി അഹമ്മദ് കുട്ടിക്കു കീഴിൽ താനൂരും തിരൂരങ്ങാടിയും പച്ചപുതച്ചുനിന്നു. പ്രവർത്തന പ്രാഗത്ഭ്യം കണക്കിലെടുത്ത് മുസ്‌ലിം ലീഗ് അദ്ദേഹത്തെ വലിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചു. പരിസ്ഥിതിയോടുള്ള അദമ്യമായ സ്നേഹം പാർട്ടിയുടെ പരിസ്ഥിതി സമിതി ചെയർമാൻ പദവിയിൽ വരെ എത്തിച്ചു. ഉത്തരവാദിത്ത നിർവ്വഹണത്തിൽ ചിലപ്പോൾ കുട്ടി അഹമ്മദ് കുട്ടിയോടൊപ്പം ഓടിയെത്താൻ അധികം പേർക്ക് കഴിയണമെന്നില്ല. വായനക്കാരനായും എഴുത്തുകാരനായും എക്കാലവും ചന്ദ്രികയോടൊപ്പം സഞ്ചരിച്ച വഴികാട്ടി കൂടിയായിരുന്നു കുട്ടി അഹമ്മദ് കുട്ടി. അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ. സ്വർഗാവകാശികളിൽ ഉൾപ്പെടുത്തട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

# പല മേഖലകൾ, ഒരേയൊരു കുട്ടി അഹമ്മദ് കുട്ടി



സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ

**സ**മൂഹ നന്മക്ക് ഒരു പുരുഷായുസിൽ ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തുതീർത്താണ് കെ. കുട്ടി അഹമ്മദ് കുട്ടി വിടപറഞ്ഞിരിക്കുന്നത്. ഈ ജീവിതകാലയളവിൽ അദ്ദേഹം എടുത്തണിഞ്ഞ വേഷങ്ങൾ പലതായിരുന്നു.



രാഷ്ട്രീയ പ്രവർത്തകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, പരിസ്ഥിതി സംരക്ഷകൻ തുടങ്ങി ജീവകാരുണ്യ, സാസ്കാരിക മേഖലയിലെല്ലാം അദ്ദേഹമുണ്ടായിരുന്നു.

വളരെ ചെറുപ്പത്തിൽ തുടങ്ങിയിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതയാത്ര. മുസ്‌ലിം ലീഗിന്റെ സാധാരണ പ്രവർത്തകനായി ആരംഭിച്ച് ഉന്നത പദവികളിൽ വരെ അദ്ദേഹമെത്തി. ഒരിക്കലും അടങ്ങിയിരിക്കാത്ത മനസായിരുന്നു അദ്ദേഹത്തിന്റേത്. സമൂഹത്തിനായെന്തെങ്കിലും ചെയ്യണമെന്നത് നിത്യ ആലോചനയായിരുന്നു. ജന്മസിദ്ധമായ ആ സ്ഥിരോത്സാഹം അവസാനകാലം വരെ അദ്ദേഹത്തിലുണ്ടായിരുന്നു. മുസ്‌ലിംലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും പരിസ്ഥിതി സമിതിയുടെ ചെയർമാനുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണനൈപുണ്യവും സംസ്ഥാനം കണ്ടറിഞ്ഞതാണ്. 2004 ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, എം.എൽ.എ, മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, താനൂർ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലയിലെല്ലാം അദ്ദേഹം മികച്ച സേവനങ്ങൾ നാടിന് നൽകി. മന്ത്രിയെന്ന നിലയിൽ വകുപ്പിൽ നവീനമായ പല മാറ്റങ്ങൾക്കും അദ്ദേഹം തുടക്കമിട്ടു.

ആർക്കും എളുപ്പത്തിൽ ഇടപെടാവുന്ന ലളിത വ്യക്തിത്വമായിരുന്നു കുട്ടി അഹമ്മദ് കുട്ടിയുടേത്. ഉന്നതപദവികൾ അലങ്കരിക്കുമ്പോഴും സാധാരണക്കാരോടൊപ്പമായിരുന്നു. അവരുടെ അടുത്ത സുഹൃത്തും സഹോദരനുമെല്ലാമായി. ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അറിയുന്ന ഭരണകർത്താവായി മാറുകയും ചെയ്തു. ജീവിതചര്യയുടെ ഭാഗമായ വായനയിലൂടെ സ്വാംശീകരിച്ച അറിവിന്റെ കടലാഴം അദ്ദേഹവുമായുള്ള സംഭാഷണങ്ങളിൽ നിന്നും അറിയാമായിരുന്നു. ദേശീയ അന്തർദേശീയ വിഷയങ്ങളിലെല്ലാം തികഞ്ഞ അവഗാഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. എഴുത്തുകളിലും അത് പ്രതിഫലിച്ചിരുന്നു. കുറഞ്ഞവാക്കുകളിൽ സംസാരിക്കുന്നതായിരുന്നു കുട്ടി അഹമ്മദ് കുട്ടിയുടെ രീതി. അതേസമയം വ്യക്തവും സ്പഷ്ടവുമായിരുന്നു ആ വാക്കുകൾ. കൂടുതൽ വിശദീകരണം ആവശ്യമില്ലാത്തത്രയും കൃത്യം.

> ജീവിതചര്യയുടെ ഭാഗമായ വായനയിലൂടെ സ്വാംശീകരിച്ച അറിവിന്റെ കടലാഴം അദ്ദേഹവുമായുള്ള സംഭാഷണങ്ങളിൽ നിന്നും അറിയാമായിരുന്നു. ദേശീയ അന്തർദേശീയ വിഷയങ്ങളിലെല്ലാം തികഞ്ഞ അവഗാഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. എഴുത്തുകളിലും അത് പ്രതിഫലിച്ചിരുന്നു. കുറഞ്ഞവാക്കുകളിൽ സംസാരിക്കുന്നതായിരുന്നു കുട്ടി അഹമ്മദ് കുട്ടിയുടെ രീതി. അതേസമയം വ്യക്തവും സ്പഷ്ടവുമായിരുന്നു ആ വാക്കുകൾ. കൂടുതൽ വിശദീകരണം ആവശ്യമില്ലാത്തത്രയും കൃത്യം.

ജനങ്ങളോട് പ്രതിബദ്ധതയുള്ള നേതാവും ഭരണകർത്താവുമായിരുന്നു അദ്ദേഹം. ജനക്ഷേമത്തിനും പുരോഗതിക്കുമായി അക്ഷീണം പ്രയത്നിച്ചു. വേദനിക്കുന്നവരുടെ കണ്ണീരൊപ്പാനും അരികുവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനും അദ്ദേഹം തേടിവന്ന സ്ഥാനമാനങ്ങൾ ഉപയോഗിച്ചു. ഭിന്നശേഷിക്കാരുടെ ക്ഷേമവും പുനഃരധിവാസവും അദ്ദേഹത്തിന്റെ മുഖ്യഅജണ്ടയായിരുന്നു. ഭിന്നശേഷി മുന്നേറ്റത്തിനായി പ്രവർത്തിച്ചതിന് 2018ൽ വരം പുരസ്കാരം അദ്ദേഹത്തെ തേടിയെത്തി.

തികഞ്ഞ പരിസ്ഥിതി വാദിയുമായിരുന്നു അദ്ദേഹം. പരിസ്ഥിതി ചൂഷണങ്ങളെ അദ്ദേഹത്തിന്റെ എഴുത്തുകളിൽ തുറന്നെതിർത്തു. സുസ്ഥിര വികസന മാതൃകകൾ പിന്തുടരണമെന്ന് നിരന്തരം വാദിച്ചു. ആ ഇച്ഛാശക്തിയാണ് മുസ്‌ലിംലീഗ് പരിസ്ഥിതി സമിതിയുടെ ചെയർമാൻ പദവിയിൽ അദ്ദേഹത്തെ എത്തിച്ചത്.

വിദ്യാഭ്യാസ മേഖലകളിലും സ്തുത്യർഹമായ അനേകം കാര്യങ്ങളാണ് അദ്ദേഹം ചെയ്തത്. തിരൂർ എസ്.എസ്.എം പോളിടെക്നിക് കോളജ് ഗവേണിങ് ബോഡി ചെയർമാൻ എന്ന നിലയിൽ സ്ഥാപനത്തെ വളർത്തുന്നതിൽ അദ്ദേഹം തുല്യതയില്ലാത്ത പങ്കുവഹിച്ചു. കോളജുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആരെങ്കിലും പാണക്കാട്ടെത്തിയാൽ അദ്ദേഹവുമായി സംസാരിക്കാനായിരുന്നു നിർദേശിച്ചിരുന്നത്. കോളജിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ അദ്ദേഹം അത്രമാത്രം ശ്രദ്ധചെലുത്തിയിരുന്നുവെന്ന ബോധ്യമുള്ളത് കൊണ്ടായിരുന്നു അത്.

പാണക്കാട് കുടുംബവുമായും വ്യക്തിപരമായും വലിയ അടുത്ത ബന്ധമുണ്ടായിരുന്നു കുട്ടി അഹമ്മദ് കുട്ടിയോട്. പിതാവ് പി.എം.എസ്.എ പൂക്കോയ തങ്ങളുടെ കാലംമുതൽ തീരെ കിടപ്പിലാകുന്നതുവരെ അദ്ദേഹം പാണക്കാട് വരാറുണ്ടായിരുന്നു. ഏറെ ഹൃദ്യമായിരുന്നു അദ്ദേഹത്തിന്റെ ഇടപെടലുകൾ. സ്നേഹം തുളുമ്പുന്ന വാക്കുകളും ഹൃദയം നിറയുന്ന പുഞ്ചിരിയുമായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനങ്ങൾ സമ്മാനിച്ചിരുന്നത്. ഈ നാടിനും സമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ എന്നെന്നും ഓർമിക്കപ്പെടുക തന്നെ ചെയ്യും. ഇച്ഛാശക്തിയുള്ള, സ്ഥിരോത്സാഹിയായ ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. വിജ്ഞാന ഗോപുരമായിരുന്ന അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച വിടവ് നികത്താനാവാതെ എന്നന്നേക്കും നിലനിൽക്കും. പാർട്ടിക്ക് മാത്രമല്ല, സംസ്ഥാനത്തിനും സമൂഹത്തിനും തീരാനഷ്ടമാണ് കുട്ടി അഹമ്മദ് കുട്ടിയുടെ വേർപാട്. സർവശക്തൻ ഇഹലോകത്ത് അദ്ദേഹം ചെയ്ത പ്രവർത്തനങ്ങളെല്ലാം സ്വീകരിക്കട്ടെ.

# അബലരെ ചേർത്തുനിർത്തിയ നേതാവ്

പി.കെ കുഞ്ഞാലിക്കുട്ടി

**മു**സ്‌ലിംലീഗ് പാർട്ടിയെ സംബന്ധിച്ചിടത്തോളം കുട്ടി അഹമ്മദ് കുട്ടിയുടെ വിയോഗം തീരാ നഷ്ടമാണ്. നികത്താനാകാത്തതാണ്. പല മേഖലയിലും അത് പ്രതിഫലിക്കും. നല്ല ചിന്തകനും എഴുത്തുകാരനും നിരീക്ഷനുമായിരുന്ന അദ്ദേഹം പാർട്ടിക്ക് വലിയ തണലായിരുന്നു. കമ്മിറ്റികളിലെല്ലാം അദ്ദേഹത്തിന്റെ ഇടപെടലുകൾ വിപ്ലവകരമായിരുന്നു. പാർട്ടിയുടെ അടിത്തറ ഭദ്രമാക്കാനും കാലോചിതമായി നവീകരിക്കാനും അദ്ദേഹത്തിന്റെ ഇടപെടലുകൾ സഹായകമായി. തീരദേശത്തുനിന്നുള്ള പൊതുപ്രവർത്തകൻ എന്ന നിലയിൽ വ്യക്തിപരമായും കുടുംബപരമായും ആ മേഖലയിൽ കൂടുതൽ സ്വാധീനം ചെലുത്താൻ അദ്ദേഹത്തിനായിരുന്നു. അതിന്റെ എല്ലാ ഗുണവും ആ പ്രദേശത്തിനും മുസ്‌ലിംലീഗ് പാർട്ടിക്കും ലഭിക്കുകയുണ്ടായി. തീരദേശ ജനത നല്ലൊരു ശതമാനവും ഏറെ പ്രയാസപ്പെട്ട് കഴിയുന്നവരാണല്ലോ. അവരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പാർട്ടി തലത്തിലും ഭരണ കേന്ദ്രങ്ങളിലും പറ്റുന്നിടങ്ങളിലെല്ലാം വേണ്ട ഇടപെടൽ നടത്തി അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്ത് കൊടുക്കാൻ അദ്ദേഹത്തിനായിരുന്നു. ഇതിന് അദ്ദേഹത്തിനോട് എന്നും കടപ്പെട്ടിരുന്നു തീരദേശ ജനത. അവർക്കിടയിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ സ്വീകാര്യത അതിനുള്ള തെളിവായിരുന്നു. ഇത് ചെറിയ കാര്യമല്ല. തീരദേശ ജനതക്ക് വിശ്വാസമുള്ള നേതാവായിരുന്നു അദ്ദേഹം. പരമ്പരാഗതമായിട്ട് തന്നെ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും ജനങ്ങൾ വലിയ ബഹുമാനം നൽകി. ഇത് പാർട്ടിക്ക് വലിയ മുതൽകൂട്ടായിരുന്നു. അവശ ജന വിഭാഗത്തിനായി എപ്പോഴും വാദിച്ച നേതാവായിരുന്നു അദ്ദേഹം. മത്സ്യ തൊഴിലാളികൾക്കായും പിന്നോക്ക ജനവിഭാഗങ്ങൾക്കുമായി പോരാടിയ നേതാവ്. അംഗപരിമിതർക്കായി മന്ത്രി എന്ന നിലയിലും പൊതുപ്രവർത്തകൻ എന്ന നിലയില്ലെലാം ഒരുപാട് ചെയ്തു.



നല്ലൊരു പരിസ്ഥിതി വാദി കൂടിയായിരുന്നു അദ്ദേഹം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം കൃത്യമായി പാർട്ടി യോഗങ്ങളിൽ കൊണ്ടുവരികയും അതുമായി ബന്ധപെട്ട് നല്ല ആശയങ്ങൾ മുന്നോട്ടുവെക്കുകയും ചെയ്തു അദ്ദേഹം. മുസ്‌ലിംലീഗ് പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾക്കെല്ലാം നേതൃത്വം നൽകിയത് കുട്ടി അഹമ്മദ് കുട്ടിയായിരുന്നു. ഒരുപാട് ബഹളം വെക്കുന്ന നേതാവായിരുന്നില്ല അദ്ദേഹം. അതേ സമയം പ്രധാനപ്പെട്ട ചില റോളുകളായിരുന്നു അദ്ദേഹം നിർവഹിച്ചത്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊട്ട് പഞ്ചായത്ത് മന്ത്രി വരെ ആയ അദ്ദേഹം അധികാര വികേന്ദ്രീകരണത്തിന് പ്രാധാന്യം നൽകി. തദ്ദേശ സ്ഥാപനങ്ങൾക്ക് സുവർണ കാലഘട്ടമായിരുന്നു അത്.

കാര്യങ്ങൾ പഠിച്ച് സംസാരിക്കുന്ന മികച്ചൊരു രാഷ്ട്രീയക്കാരനായിരുന്നു അദ്ദേഹം. മുസ്‌ലിംലീഗ് നേതാക്കന്മാർ പ്രത്യേകിച്ച് പാണക്കാട് കുടുംബമെല്ലാം വളരെ താൽപര്യത്തോടെ ആദരവോടെ കണ്ടിരുന്നൊരു നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കഴിവും പ്രാപ്തിയും പാർട്ടിക്കും നേതാക്കന്മാർക്കുമെല്ലാം ബോധ്യമുണ്ടായിരുന്നു. കോളജ് കാലം തൊട്ട് അദ്ദേഹത്തെ അടുത്തറിയുന്നതാണ്. പൊതുപ്രവർത്തന രംഗത്ത് ഒരുമിച്ചുള്ളവർ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഇടപെടലുകളും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തികളുമെല്ലാം മനസ്സിലാക്കാനായിട്ടുണ്ട്. എല്ലാ മേഖലയിലും മികച്ചു നിന്ന അദ്ദേഹത്തിന്റെ വിയോഗം പാർട്ടിക്ക് തീരാ നഷ്ടം തന്നെയാണ്.

# ചിന്തകളിൽ കനലണയാത്ത പോരാളി



ഇ.ടി മുഹമ്മദ് ബഷീർ

**യ**ഥാർത്ഥത്തിൽ ആരായിരുന്നു ഇന്നലെ നമ്മിൽ നിന്ന് വിട്ടുപിരിഞ്ഞ കെ കുട്ടി അഹമ്മദ് കുട്ടി. രാഷ്ട്രീയക്കാരൻ, ഭരണാധികാരി, പരിസ്ഥിതി പ്രവർത്തകൻ തുടങ്ങിയ മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചെങ്കിലും ഒരു വായനക്കാരനും സാഹിത്യ പ്രവർത്തകനുമായി സ്വയം വിലയിരുത്താനായിരുന്നു താൽപര്യം. അദ്ദേഹത്തിന്റെ വിയോഗം മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിൽ വലിയ വിടവുണ്ടാക്കുന്നതാണ്. ധൈഷണികനായ രാഷ്ട്രീയക്കാരനായിരുന്നു. തീപിടിപ്പിക്കുന്ന ചിന്തകളായിരുന്നു അദ്ദേഹത്തിന്റെത്. അപകടത്തിൽ പെട്ട് ശരീരം പ്രതിരോധിച്ചിട്ടും ആ കനൽ അണഞ്ഞില്ല.

പരന്ന വയനോടൊപ്പം പ്രകൃതിയെ സ്നേഹിച്ച ഒരു നേതാവ് കൂടിയായിരുന്നു അദ്ദേഹം. കമ്പ്യൂട്ടർ സാക്ഷരത, ഹരിയാലി പദ്ധതി, പുരപദ്ധതി കുടുംബശ്രീ, ജനകീയ ആസൂത്രണം, ഭിന്നശേഷി വികസനം എന്നിവയൊക്കെ കേരളത്തിൽ സാധ്യമാക്കാൻ അദ്ദേഹം അക്ഷീണം യത്നിച്ചു. ബുദ്ധിപരമായ എല്ലാ കാര്യങ്ങളിലും പ്രത്യേകം നിർദ്ദേശങ്ങൾ നൽകി പോന്ന പാർട്ടിയിലെ ഏറ്റവും ധിഷണശാലിയായ നേതാവായിരുന്നു. അദ്ദേഹത്തിന്റെ ഉൾകാഴ്ചകളും കാഴ്ചപാടുകളും എല്ലാം യഥാർത്ഥത്തിൽ വളരെ വളരെ ആഴവും പരപ്പുമുള്ളതായിരുന്നു.

അദ്ദേഹത്തിന്റെ കൂടെ ഒരുമിച്ച് നിയമസഭയിൽ പ്രവർത്തിക്കാൻ അവസരമുണ്ടായിരുന്നു. തീരദേശങ്ങളിലെ മുസ്‌ലിംലീഗിന്റെ അഭയകേന്ദ്രമായി എന്നും അറിയപ്പെട്ട വ്യക്തിയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതല വഹിക്കുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന് വാഹന അപകടമുണ്ടായി. അന്ന് പടച്ചവന്റെ അപാരമായ അനുഗ്രഹത്താൽ അദ്ദേഹം രക്ഷപ്പെട്ടു. ആ അപകടാനന്തരം അദ്ദേഹത്തിന് ഓരോരോ പരീക്ഷണങ്ങൾ വന്നുകൊണ്ടിരുന്നെങ്കിലും അതിലൊന്നും തളരാതെ അതിന് വിധേയനായി വിഷമിക്കാതെ തന്റെ വിഷമതകളെല്ലാം സഹിച്ച് എല്ലായിടത്തും ഓടിയെത്തി.

എല്ലാ പരിപാടികളിലും പങ്കെടുത്ത് പാർട്ടി ക്ലാസുകളിലും വിശദീകരണ യോഗങ്ങളിലും സമ്മേളനങ്ങളിലും താത്വികമായിട്ട് മറ്റു കാര്യങ്ങൾ വിശദീകരിക്കുന്നതിലും ഒക്കെ അദ്ദേഹം നമ്മുടെ കൂടെയുണ്ടായിരുന്നു. വ്യക്തിപരമായി ഏറ്റവും അടുത്ത ചങ്ങാതിയായിരുന്നു. പല മേഖലകളിലും ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിൽ പ്രധാന ഒരു ഘടകമായി പാരിസ്ഥിതിക പ്രശ്നങ്ങൾ ഹരിത രാഷ്ട്രീയം എന്ന പേരിൽ കൊണ്ടുവരുന്നതിൽ അദ്ദേഹത്തിനും വലിയ പങ്കുണ്ട്. പിന്നോക്ക ജനവിഭാഗങ്ങളുടെ ഒരു മുന്നണിയെ കുറിച്ച് ആര് പറയുകയാണെങ്കിലും ആദ്യപേര് അദ്ദേഹത്തിന്റേതായിരുന്നു.പിന്നോക്ക വിഭാഗത്തിന്റെ രാഷ്ട്രീയം ശക്തിപ്പെടുത്തി എടുക്കുന്നതിലും അതിന്റെ പ്രസക്തി രാജ്യത്തെ ജനങ്ങളോട് യഥാ സമയം അവതരിപ്പിച്ചു. വലിയ പ്രസംഗ ചാരുതയില്ലാതെ ഹൃദയത്തിൽ തട്ടിയ വാക്കുകൾ കൂടി അദ്ദേഹം സംസാരിച്ചതും പ്രവർത്തിച്ചതും. കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾക്ക് അവരുടെ ഏറ്റവും അടുത്ത സ്നേഹിതനും നിരീക്ഷകനും മാർഗദർശിയുമായിരുന്നു. അങ്ങനെ നിരവധി നല്ല സ്വപ്നങ്ങൾ പുലർത്തി പോരുകയും പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്തു. തിരൂരിലെ സീതി സാഹിബിന്റെ പേരിലുള്ള പോളിടെക്നിക് കോളജിന്റെ നേതൃസ്ഥാനത്ത് അദ്ദേഹം വന്നത് ഒരു വഴിത്തിരിവായിരുന്നു. അതോടെയാണതിന് മൗലിക പരമായ പല മാറ്റങ്ങളുമുണ്ടായത്. മാത്രമല്ല ആ സ്ഥാപനവുമായി നാട്ടുകാരെയെല്ലാം കൂട്ടിയിണക്കാൻ അദ്ദേഹത്തിനായി.

## അടിക്കുറിപ്പ്

**മു**സ്‌ലിം ലീഗ് എന്നൊരു രാഷ്ട്രീയ പാർട്ടി എന്തിനാണ് എന്ന് ആരെങ്കിലും ചോദിച്ചാൽ അതിന് ഏറ്റവും കൃത്യമായ, ദാർശനികമായ ഉത്തരം നൽകാൻ കഴിയുന്ന ആളാണ് ഇന്നലെ അന്തരിച്ച മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടി.
മുസ്‌ലിം ലീഗിനെയും എസ്.എൻ.ഡി.പി യെയും ദളിത് സമുദായ സംഘടനകളെയും ഒന്നിച്ച് അണിനിരത്തി കുട്ടി അഹമ്മദ് കുട്ടി മുൻ പ്രധാനമന്ത്രി വി. പി സിങ്ങിന് കൊച്ചിയിൽ സ്വീകരണമൊരുക്കിയത് മൂന്നു പതിറ്റാണ്ട് മുമ്പാണ്. അന്നത്തേതിനെക്കാൾ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ കുട്ടി അഹമ്മദ് കുട്ടി നിലപാടുകൊണ്ട് പ്രസക്തനാണ്.

ഹർഷൻ പൂപറക്കാരൻ
(മാധ്യമ പ്രവർത്തകൻ)

## ചരിത്രത്തിൽ ഇന്ന്

1833 ഷിക്കാഗോ നഗരത്തിന്റെ സ്ഥാപനം.
1898 സ്പാനിഷ് അമേരിക്കൻ യുദ്ധത്തിന് അന്ത്യം കുറിച്ചുകൊണ്ടുള്ള വെടിനിറുത്തൽ ഉടമ്പടി.
1914 ഒന്നാം ലോകമഹായുദ്ധം: ബ്രിട്ടൺ, ഓസ്ട്രിയ ഹംഗറിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു.
1960 ആദ്യ വാർത്താവിനിമയ ഉപഗ്രഹമായ എക്കോ I വിക്ഷേപിച്ചു.
1964 വർണ്ണവിവേചനനയങ്ങൾ മുൻ നിറുത്തി ദക്ഷിണാഫ്രിക്കയെ ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കി.

### മങ്കട ടി. അബ്ദുൽ അസീസ് മൗലവി



ചരിത്രകാരനും വിദ്യാഭ്യാസ വിചക്ഷണനും അറബ്സാഹിത്യ ഗവേഷകനും ഉജ്വലപ്രഭാഷകനും പണ്ഡിതനും മുസ്‌ലിം ലീഗ് നേതാവുമായിരുന്ന മുൻ ചന്ദ്രിക ചീഫ് എഡിറ്റർ പ്രൊഫ.മങ്കട ടി. അബ്ദുൽ അസീസ് മൗലവിയുടെ വിയോഗത്തിന് ഇന്നു 17 വർഷം.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 121 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## പിന്നാക്കക്കാർക്കായി പോരാടും

റാഞ്ചി: തന്നെ ജയിലിടച്ചതിന് പിന്നിൽ ബി.ജെ.പിയുടെ ഗൂഢാലോചനയാണെന്ന് ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ. ദലിതർക്കും ചൂഷിതർക്കും പിന്നോക്കക്കാർക്കും ആദിവാസികൾക്കും വേണ്ടി പോരാടാനുള്ള തന്റെ നിശ്ചയദാർഢ്യത്തെ അറസ്റ്റ് കൂടുതൽ ദൃഢമാക്കി. തിരഞ്ഞെടുക്കപ്പെട്ട ഒരു മുഖ്യമന്ത്രിയെ 150 ദിവസം തെളിവുകളില്ലാതെ, പരാതിയില്ലാതെ, ഒരു കുറ്റകൃത്യവുമില്ലാതെ ജയിലിൽ അടക്കാൻ കഴിയുമ്പോൾ ആദിവാസികളോടും ദലിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവർ എന്തൊക്കെ ചെയ്യുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നീതി നിഷേധിക്കപ്പെടുന്നവർക്ക് വേണ്ടി ഇനിയും ശബ്ദം ഉയർത്തും.



## ഷിൻഡെ ഒന്നും ചെയ്യുന്നില്ല

മുംബൈ: മഹാരാഷ്ട്രയ്ക്ക് വേണ്ടി മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ ഒന്നും ചെയ്യുന്നില്ലെന്ന് ശിവസേന (യു.ബി.ടി) നേതാവ് ഉദ്ധവ് താക്കറെ. മോദിക്കും അമിത് ഷായ്ക്കും മുന്നിൽ തലകുനിച്ച് നിൽക്കുകയാണ് ഷിൻഡെ. എന്നാൽ ബാൽ താക്കറെയുടെ പാരമ്പര്യം അങ്ങനെയായിരുന്നില്ല. മഹാരാഷ്ട്രയെ വെറുക്കുന്നവർക്ക് എതിരെയാണ് തങ്ങളുടെ പോരാട്ടം. ഇത്തവണത്തെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇത് വ്യക്തമാകും. സ്ത്രീകൾക്ക് മാസം 1500 രൂപ നൽകുന്ന ലഡ്കി ബഹിൻ യോജന പദ്ധതി വോട്ടിന് വേണ്ടിയാണ്. വോട്ടർമാർക്കുള്ള ഷിൻഡെ സർക്കാരിന്റെ കൈക്കൂലിയാണിത്. വോട്ടർമാർ ആത്മാഭിമാനത്തിൽ വിട്ടുവീഴ്ച ചെയ്യരുത്.

# ഇന്ത്യ വാർത്തകൾ

## ചുരുക്കത്തിൽ

### ഫോണും വാട്സ്ആപ്പും ഹാക്ക് ചെയ്യപ്പെട്ടെന്ന് സുപ്രിയ സുലെ

മുംബൈ: തന്റെ മൊബൈൽ ഫോണും വാട്സ്ആപ്പും ഹാക്ക് ചെയ്യപ്പെട്ടെന്ന് ലോക്സഭാംഗവും എൻ.സി.പി സ്ഥാപക നേതാവ് ശരത് പവാറിന്റെ മകളുമായ സുപ്രിയ സുലെ. എക്സ് പോസ്റ്റിലൂടെയാണ് സുപ്രിയ ഇക്കാര്യം അറിയിച്ചത്. ആരും വിളിക്കുകയോ മെസേജ് അയയ്ക്കുകയോ ചെയ്യരുതെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. സഹായം തേടി പൊലീസിനെ ബന്ധപ്പെട്ടിട്ടുണ്ടെന്നും സുലെ അറിയിച്ചു. മഹാരാഷ്ട്രയിലെ ബാരാമതിയിൽനിന്നുള്ള പാർലമെന്റ് അംഗമാണ് സുപ്രിയ. എം.പിയുടെ പരാതിയിൽ പൊലീസ് കേസെടുത്തതായി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മാസം ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും പി.ഡി.പി നേതാവുമായ മെഹബൂബ മുഫ്തിയുടെ മകൾ ഇൽതിജ മുഫ്തിയും മൊബൈൽ ഫോൺ ഹാക്ക് ചെയ്യപ്പെട്ടെന്ന പരാതിയുമായി രംഗത്തെത്തിയിരുന്നു. ചാര സോഫ്റ്റ്‌വെയറായ പെഗാസസ് ഫോൺ ഹാക്ക് ചെയ്തിട്ടുണ്ടെന്ന് ആപ്പിളിൽനിന്നു സന്ദേശം ലഭിച്ചെന്നാണ് പി.ഡി.പി മാധ്യമ ഉപദേഷ്ടാവ് കൂടിയായ ഇൽതിജ വെളിപ്പെടുത്തിയത്.

### തീപിടിച്ചെന്ന് അഭ്യൂഹം; ട്രെയിനിൽനിന്ന് ചാടി യാത്രക്കാർ

മൊറാദാബാദ്: തീപിടിച്ചുവെന്ന് കരുതി ഓടുന്ന ട്രെയിനിൽനിന്ന് പുറത്തേക്ക് ചാടിയ യാത്രക്കാർക്ക് പരിക്ക്. ഉത്തർപ്രദേശ് ബിൽപുരിന് സമീപം ഇന്നലെ രാവിലെയായിരുന്നു സംഭവം. ഹൗറ- അമൃത്സർ മെയിൽ ട്രെയിനിന്റെ ജനറൽ കോച്ചിലെ യാത്രക്കാരാണ് ബിൽപുർ റെയിൽവേ സ്റ്റേഷന് സമീപത്തുവച്ച് ട്രെയിനിന് തീപിടിച്ചുവെന്ന് തെറ്റിദ്ധരിച്ചത്. ട്രെയിനിലുണ്ടായിരുന്ന ഒരാൾ കോച്ചിലെ അഗ്നിശമന ഉപകരണം പ്രവർത്തിപ്പിച്ചതാണ് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയത്. ഇതോടെ ട്രെയിനിന് തീപിടിച്ചുവെന്ന് കരുതി സ്ത്രീകളടക്കമുള്ള യാത്രക്കാർ പുറത്തേക്ക് ചാടുകയായിരുന്നു. ഇങ്ങനെ ചാടിയ 12 പേരിൽ ആറു പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവരെ സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി റെയിൽവേ പൊലീസ് അറിയിച്ചു. ട്രെയിൻ നിർത്താൻ അപായച്ചങ്ങല വലിച്ചെങ്കിലും പെട്ടെന്ന് നിൽക്കാതെ വന്നതോടെയാണ് യാത്രക്കാർ പുറത്തേക്ക് ചാടിയതെന്നു റെയിൽവേ അധികൃതർ വ്യക്തമാക്കി. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

### ക്രിക്കറ്റ് കളിക്കിടെ ഷോക്കേറ്റ് 13കാരൻ മരിച്ചു

ന്യൂഡൽഹി: ക്രിക്കറ്റ് കളിക്കുന്നതിനിടെ വൈദ്യുതാഘാതമേറ്റ് 13കാരൻ മരിച്ചു. ശനിയാഴ്ച ഉച്ചയോടെ ഔട്ടർ ഡൽഹിയിലെ രൺഹോല ഏരിയയിലാണ് സംഭവം. ഗോശാലയിലേക്ക് വൈദ്യുതി എത്തിക്കുന്ന ഇരുമ്പ് തൂണിൽ നിന്നാണ് കുട്ടിക്ക് വൈദ്യുതാഘാതമേറ്റതെന്ന് ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ ജിമ്മി ചിരം പറഞ്ഞു. അതേസമയം, ഗോശാലയ്ക്കും വൈദ്യുതി വകുപ്പിനുമെതിരെ കർശന നടപടി വേണമെന്ന് കുട്ടിയുടെ അമ്മ ആവശ്യപ്പെട്ടു. 'സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു എന്റെ മകൻ. ശനിയാഴ്ച സുഹൃത്തുക്കളോടൊപ്പം ക്രിക്കറ്റ് കളിക്കവെ പന്തെടുക്കാൻ ഗോശാലയ്ക്ക് സമീപം പോയിരുന്നു. പശുത്തൊഴുത്തിലേക്ക് വൈദ്യുത കമ്പികൾ കൊണ്ടുപോകുന്ന തൂണിൽ നിന്ന് അവന് വൈദ്യുതാഘാതമേൽക്കുകയായിരുന്നു. അവനെ രക്ഷിക്കാൻ ആരും മുന്നോട്ട് വന്നില്ല. ചെറിയ കുട്ടികൾ കളിക്കാൻ അവിടെ പോകുന്നു, ഇത് ആർക്കും സംഭവിക്കാം'- അവർ കൂട്ടിച്ചേർത്തു.

## പി.ജി ഡോക്ടറെ പീഡിപ്പിച്ച് കൊന്ന സംഭവം

# നടന്നത് ക്രൂരമായ ലൈംഗികാതിക്രമം

### പ്രതി സഞ്ജയ് റായ് റിമാൻഡിൽ

കൊൽക്കത്ത: ആർ.ജി കർ മെഡിക്കൽ കോളജിലെ വനിതാ ഡോക്ടറെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്. 31 കാരിയായ ഡോക്ടറുടെ ശരീരത്തിൽ ക്രൂരമായ ലൈംഗികാതിക്രമം നടന്നതായി വ്യക്തമാക്കുന്ന ഒന്നിലധികം മുറിവുകളുണ്ടെന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു.

കഴുത്തിലെ എല്ല് ഒടിഞ്ഞ നിലയിലായിരുന്നു. കണ്ണിൽ നിന്നും വായിൽ നിന്നും സ്വകാര്യ ഭാഗങ്ങളിൽ നിന്നും രക്തം വരുന്നുണ്ടായിരുന്നു. വയറിലും ചുണ്ടുകളിലും ഇടതു കാലിലും കഴുത്തിലും വലതു കൈയിലും മോതിരവിരലിലും മുറിവുകളുണ്ട്. ക്രൂരമായ ലൈംഗികാതിക്രമത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്നും പോസ്റ്റ്മോർട്ടത്തിന്റെ പൂർണ റിപ്പോർട്ടിനായി കാത്തിരിക്കുകയാണെന്നും മുതിർന്ന പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. സംഭവത്തിൽ സഞ്ജയ് റോയ് എന്നയാൾ പിടിയിലായിട്ടുണ്ട്. നെഞ്ചുരോഗ വിഭാഗത്തിൽ പി.ജി ഡോക്ടറായ യുവതിയാണ് അതിക്രൂരമായി കൊല്ലപ്പെട്ടത്.

വെള്ളിയാഴ്ച രാവിലെ കോളേജിലെ സെമിനാർ ഹാളിനുള്ളിൽ അർധനഗ്നമായ നിലയിലായിരുന്നു മൃതദേഹം. അറസ്റ്റിലായ സഞ്ജയ് റോയ് പൊലീസിന്റെ സിവിക് വൊളണ്ടിയർ ആയിരുന്നു. ഇതിനാൽത്തന്നെ ആശുപത്രിയിലെ വിവിധയിടങ്ങളിൽ പ്രവേശിക്കുന്നതിന് ഇയാൾക്ക് തടസ്സങ്ങളില്ലായിരുന്നു. വെള്ളിയാഴ്ച പുലർച്ചെ ആശുപത്രിയിലെത്തിയ ഇയാൾ സെമിനാർ ഹാളിൽ വിശ്രമിക്കുകയായിരുന്ന വനിതാ ഡോക്ടറെ ക്രൂരമായി പീഡിപ്പിക്കുകയായിരുന്നു. ചെറുക്കാൻ ശ്രമിച്ചതോടെ ഡോക്ടറെ കൊലപ്പെടുത്തി. പിന്നാലെ സംഭവസ്ഥലത്തുനിന്ന് കടന്നുകളയുകയുംചെയ്തു. രാവിലെ സ്ഥലത്തെത്തിയ മറ്റുഡോക്ടർമാരാണ് മൃതദേഹം കണ്ടെത്തിയത്.



വനിതാ ഡോക്ടറെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ അറസ്റ്റിലായ സഞ്ജയ് റോയ്യെ (വലത്ത് നിന്ന് രണ്ടാമത്)

### അറസ്റ്റിൽ നിർണായകമായി ബ്ലൂടൂത്ത് ഹെഡ്സെറ്റ്

കൊൽക്കത്ത: വനിതാ ഡോക്ടറുടെ മൃതദേഹം കണ്ടെത്തിയ സെമിനാർ ഹാളിൽനിന്ന് ബ്ലൂടൂത്ത് ഹെഡ്സെറ്റ് കണ്ടെത്തിയതും ആശുപത്രിയിലെ സിസിടിവി ദൃശ്യങ്ങളുമാണ് പ്രതിയെ പിടികൂടുന്നതിൽ നിർണായക പങ്കുവെച്ചത്. സംഭവത്തിന് പിന്നാലെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ സിസിടിവി ദൃശ്യങ്ങൾ ഓരോ നിമിഷവും ഒഴിവാക്കാതെ പൊലീസ് അരിച്ചുപെറുക്കി.

പുലർച്ചെ നാല് മണിക്കും ആറ് മണിക്കും ഇടയിലാണ് കൃത്യം നടന്നതെന്ന് ഉറപ്പിച്ചു. ഏകദേശം നാല് മണിയോടെ സഞ്ജയ് റോയ് കുറ്റകൃത്യം നടന്ന ഭാഗത്തേക്ക് വന്നതായും ദൃശ്യങ്ങളിൽ വ്യക്തമായി. ഇതിനിടെ, മൃതദേഹം കണ്ടെത്തിയ സെമിനാർ ഹാളിൽനിന്ന് ഒരു ബ്ലൂടൂത്ത് ഹെഡ്സെറ്റ് കണ്ടെത്തിയിരുന്നു. നാല് മണിയോടെ ചെവിയിൽ ബ്ലൂടൂത്ത് ഹെഡ്സെറ്റ് ഘടിപ്പിച്ച് ആശുപത്രിയിലെത്തിയ സഞ്ജയ് റോയ്, തിരികെപോകുമ്പോൾ ചെവിയിൽ ഹെഡ്സെറ്റ് ഇല്ലായിരുന്നുവെന്നും സിസിടിവി പരിശോധനയിൽ വ്യക്തമായി. സംഭവസമയത്ത് സെമിനാർ ഹാൾ പരിസരത്തുണ്ടായിരുന്ന ഡോക്ടർമാരെയും നഴ്സുമാരെയും സഞ്ജയ് റോയിയെയും പൊലീസ് ചോദ്യംചെയ്യാനായി വിളിപ്പിച്ചിരുന്നു. ബാക്കിയെല്ലാവരും എന്തിനാണ് വന്നതെന്നും എപ്പോൾ വന്നു, മടങ്ങി എന്നതെല്ലാം കൃത്യമായി വിശദീകരണം നൽകിയപ്പോൾ സഞ്ജയ് റോയി പരസ്പരവിരുദ്ധമായ മൊഴികളാണ് നൽകിയത്.

ഇതിനുപിന്നാലെ സംഭവസ്ഥലത്തുനിന്ന് കിട്ടിയ ബ്ലൂടൂത്ത് ഹെഡ്സെറ്റ് പ്രതിയുടെ ഫോണിൽ കണക്ടായതും നിർണായകമായി. ഇതോടെ പ്രതി കുറ്റം സമ്മതിക്കുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ ഇയാളെ രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തു.



കെ.എൻ.എം സംസ്ഥാന സമിതിയുടെ വയനാട് പുനരധിവാസ പദ്ധതി പ്രഖ്യാപനം മേപ്പടിയിൽ പ്രസിഡന്റ് ടി പി അബ്ദുല്ലക്കോയ മദനി നിർവഹിക്കുന്നു

## മുണ്ടക്കൈ പുനരധിവാസം

# കെ.എൻ.എം 50 വീടുകൾ നിർമിച്ചു നൽകും

മേപ്പാടി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിനു ഇരയായ അമ്പത് കുടുംബങ്ങൾക്കു കെ.എൻ.എം സംസ്ഥാന സമിതി വീട് നിർമ്മിച്ചു നൽകുമെന്ന് പ്രസിഡന്റ് ടി.പി അബ്ദുല്ല കോയ മദനി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 100 കുടുംബങ്ങളെ പുനരധിവസിപ്പിക്കും. താത്കാലിക താമസ സൗകര്യം ഒരുക്കി നൽകുന്നതോടൊപ്പം ആവശ്യമുള്ള സാമഗ്രികളും നൽകും. പാത്രങ്ങൾ, കിടക്ക, കട്ടിൽ, അടുപ്പ് തുടങ്ങിയവയാണ് ഓരോ കുടുംബത്തിനും നൽകുക. സ്ഥിരം സംവിധാനം ആകുന്നത് വരെ വാടക നൽകാനും സഹായിക്കും.

50 പേരെ സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി കടകളുടെ നവീകരണം, തൊഴിൽ ഉപകരണങ്ങൾ, ജീവിതമാർഗം കണ്ടെത്താനുള്ള സഹായം എന്നിവ നൽകും. 50 കുടിവെള്ള പദ്ധതി നടപ്പിലാക്കും.

ദുരന്തത്തിൽ കുടിവെള്ള സ്രോതസ്സ് നഷ്ടപ്പെട്ടവർക്ക് കിണർ, ശുദ്ധജലത്തിനു അനുയോജ്യമായ മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കും. കൂടാതെ, 100 കുടുംബങ്ങളുടെ ഒരു വർഷത്തെ ഭക്ഷ്യ വസ്തുക്കളുടെ ചെലവ് കെ.എൻ.എം വഹിക്കും. ഏതെങ്കിലും സൂപ്പർമാർക്കറ്റുമായി സഹകരിച്ചു നിശ്ചിത തുകക്കുള്ള ഭക്ഷ്യ വസ്തുക്കൾ മാസത്തിൽ ഒരിക്കൽ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കും. 50 കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു സഹായം നൽകുമെന്നും അബ്ദുല്ല കോയ മദനി പറഞ്ഞു. 25 പെൺകുട്ടികൾക്ക് സഹായം നൽകും. ഡയാലിസിസ്, കിഡ്നി മാറ്റിവയ്ക്കൽ, മാറാരോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവർ എന്നിവർക്ക് ചികിത്സ സഹായം നൽകും. ജംഇയ്യത്തുൽ ഉലമായുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകളിൽ മാനേജ്മെന്റ് കോട്ടയിൽ അർഹരായ നിശ്ചിതവിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യമടക്കം സൗജന്യ പ്രവേശനം നൽകും.

ദുരന്തനാളുകളിൽ ഐഎസ്എം വളണ്ടിയർ വിഭാഗമായ ഈലാഫ് നടത്തിയ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. വൈസ് പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂർ, ട്രഷറർ നൂർ മുഹമ്മദ് നൂർഷ, വൈസ് പ്രസിഡന്റ് പ്രൊഫ.എൻ വി അബ്ദുറഹ്മാൻ, സെക്രട്ടറിമാരായ ഡോ എ ഐ അബ്ദുൽ മജീദ് സ്വലാഹി, മീഡിയ കോ ഓർഡിനേറ്റർ നിസാർ ഒളവണ്ണ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## 'ഇന്ത്യൻ സമൂഹത്തെ ഏകീകരിക്കുന്ന ഘടകം'

# ജാതിവ്യവസ്ഥയെ അനുകൂലിച്ച് ആർ.എസ്.എസ്; പ്രതിഷേധം



മുംബൈ: ജാതിവ്യവസ്ഥയെ ന്യായീകരിച്ച് ആർ.എസ്.എസ് അനുകൂല വാരികയായ പാഞ്ചജന്യത്തിലെ മുഖപ്രസംഗം. ഇന്ത്യൻ സമൂഹത്തെ ഐക്യത്തോടെ നിർത്തുന്ന ഘടകമായിരുന്നു ജാതിവ്യവസ്ഥയെന്നു മുഖപ്രസംഗത്തിൽ പറയുന്നു.

'ഇന്ത്യയിലെ വിവിധ വിഭാഗങ്ങളെ അവരുടെ തൊഴിലും പാരമ്പര്യവും അനുസരിച്ച് തരംതിരിച്ച ശേഷം ഒന്നിച്ചുനിർത്തുന്ന ഒരു ചങ്ങലയായിരുന്നു ജാതിവ്യവസ്ഥ. അധിനിവേശക്കാർ എന്നും ലക്ഷ്യമിട്ടത് ജാതിവ്യവസ്ഥയെയായിരുന്നു. മുഗളന്മാർ ജാതി വ്യവസ്ഥയെ നേരിട്ടത് വാളിന്റെ കരുത്താലാണ്. എന്നാൽ സേവനവും പരിഷ്കരണവും ഉപയോഗിച്ചാണ് മിഷണറിമാർ ജാതി വ്യവസ്ഥയെ നേരിട്ടത്. ഇന്ത്യയെയോ അതിന്റെ ആത്മാഭിമാനത്തെയോ തകർക്കണമെങ്കിൽ ആദ്യം ജാതിവ്യവസ്ഥയെ തടസ്സമെന്നോ, ചങ്ങലയെന്നോ വിളിച്ച് അതിന്റെ ഏകീകൃതഘടകത്തെ തകർക്കണമെന്ന് അവർ മനസ്സിലാക്കി. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷുകാരുടെ തന്ത്രം ജാതിവ്യവസ്ഥയെ മനസ്സിലാക്കിയ മിഷണറിമാരിൽ നിന്ന് കടംകൊണ്ടതാണ്'- മുഖപ്രസംഗത്തിൽ പറയുന്നു.

ഹിന്ദുജീവിതം ജാതിയെ ചുറ്റിപ്പറ്റിയാണെന്നും മതപരിവർത്തനത്തിനുള്ള വഴിയായാണ് മിഷണറിമാർ ജാതിയെ കണ്ടതെങ്കിൽ കോൺഗ്രസ് അതിനെ ഹിന്ദു ഐക്യത്തിലെ വിള്ളലായാണ് കാണുന്നതെന്നും മുഖപ്രസംഗത്തിൽ ആരോപിക്കുന്നുണ്ട്.

ബ്രിട്ടീഷുകാരുടെ മാതൃക പിന്തുടർന്ന് ജാതിയുടെ അടിസ്ഥാനത്തിൽ ലോക്സഭാ സീറ്റുകൾ വിഭജിച്ച് രാജ്യത്ത് ഭിന്നത സൃഷ്ടിക്കാനാണ് കോൺഗ്രസിന്റെ ശ്രമം. അതിനുവേണ്ടിയാണ് അവർ ജാതി സെൻസസ് ആവശ്യപ്പെടുന്നതെന്നും മുഖപ്രസംഗത്തിൽ കുറ്റപ്പെടുത്തുന്നുണ്ട്. ഇക്കഴിഞ്ഞ ബജറ്റ് സമ്മേളനത്തിനിടെ, പാർലമെന്റിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ജാതി അറിയണമെന്ന് ബി.ജെ.പി എം.പി അനുരാഗ് ഠാക്കൂർ ആവശ്യപ്പെട്ടത് വിവാദത്തിനിടയായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് പാഞ്ചജന്യത്തിൽ എഡിറ്റർ ഹിതേഷ് ശങ്കർ മുഖപ്രസംഗം എഴുതിയത്. അതേസമയം ജാതിവ്യവസ്ഥയെ ന്യായീകരിച്ചുള്ള ആർ.എസ്.എസ് നിലപാടിനെതിരെ വിവിധ കോണുകളിൽ നിന്ന് പ്രതിഷേധം ഉയർന്നിട്ടുണ്ട്.

## ഹിൻഡൻബർഗ് വെളിപ്പെടുത്തൽ

# പുകയുന്നു

## വൻ കുംഭകോണമെന്ന് കോൺഗ്രസ്

ന്യൂഡൽഹി: ദേശീയ രാഷ്ട്രീയത്തിൽ വൻ വിവാദത്തിന് തിരികൊളുത്തി സെബി ചെയർപേഴ്സനെതിരായ ഹിൻഡൻബർഗ് റിപ്പോർട്ട്. അദാനി ഗ്രൂപ്പിന്റെ വിദേശ ഷെൽ കമ്പനികളിൽ സെബി ചെയർപേഴ്സന് രഹസ്യ നിക്ഷേപമുണ്ടെന്ന ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ പുറത്തുവന്നതിനു പിന്നാലെ വിഷയം കേന്ദ്ര സർക്കാറിനും സെബിക്കുമെതിരെ ആയുധമാക്കി പ്രതിപക്ഷം രംഗത്തെത്തി.

വെളിപ്പെടുത്തൽ വൻ കുംഭകോണത്തിലേക്കാണ് വാതിൽ തുറക്കുന്നതെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെ ആരോപിച്ചു. അതീവ ഗുരുതരമായ ആരോപണമാണ് പുറത്തുവന്നിരിക്കുന്നത്. ഔദ്യോഗിക പദവി വഹിക്കുന്നവർ മറ്റു നിലയിൽ സാമ്പത്തിക നേട്ടമുണ്ടാക്കുന്നത് വിരുദ്ധതാൽപര്യമാണ്. നേരത്തെ ആരോപണമുയർന്നപ്പോഴെല്ലാം അദാനി ഗ്രൂപ്പിനെ സംരക്ഷിക്കുന്ന നിലപാടാണ് പ്രധാനമന്ത്രിയും കേന്ദ്ര സർക്കാറും സെബിയും സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ പുതിയ വെളിപ്പെടുത്തൽ സംബന്ധിച്ച് സംയുക്ത പാർലമെന്ററി സമിതി(ജെ.പി.സി) അന്വേഷിക്കണമെന്നും ഖാർഗെ ആവശ്യപ്പെട്ടു. അതേസമയം ആരോപണം തള്ളി സെബിയും രംഗത്തെത്തി. ആരോപണം അടിസ്ഥാന രഹിതമാണെന്നും അദാനി ഗ്രൂപ്പിനെതിരായ അന്വേഷണത്തിൽ വീഴ്ചയില്ലെന്നും സെബി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

### സെബി എക്സ് അക്കൗണ്ട് പൂട്ടി; വിവരങ്ങൾ മറച്ചുവെക്കാൻ നീക്കം

ന്യൂഡൽഹി: സെബി ചെയർപേഴ്സനെതിരായ ഹിൻഡൻബർഗ് റിപ്പോർട്ടിനു പിന്നാലെ സെബിയുടെ ഔദ്യോഗിക അക്കൗണ്ട് ലോക്ക് ചെയ്ത് എക്സ്. നിലവിൽ സെബിയുടെ പോസ്റ്റുകളോ മുഴുവനായ പ്രൊഫൈലോ എക്സിൽ ലഭ്യമല്ല. നേരത്തെ അക്കൗണ്ട് ഫോളോ ചെയ്തവർക്കു മാത്രമേ നിലവിൽ സെബിയുടെ പോസ്റ്റുകൾ കാണാനും റിപ്ലേ നൽകാനും കഴിയൂ. ഇതേതുടർന്ന് രൂക്ഷ വിമർശവുമായി കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് രംഗത്തെത്തി. അദാനിക്കും സെബി ചെയർപേഴ്സനും എതിരായ ഹിൻഡൻബർഗ് റിപ്പോർട്ടിനു പിന്നാലെ സെബിയുടെ എക്സ് അക്കൗണ്ട് പൂട്ടിപ്പോയത് അമ്പരിപ്പിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. അക്കൗണ്ട് ലോക്ക് ചെയ്തതിന്റെ സ്ക്രീൻഷോട്ട് സഹിതമാണ് ജയറാം രമേശിന്റെ പോസ്റ്റ്.

### ആരോപണങ്ങൾ നിഷേധിച്ച് മാധവി ബച്ചും അദാനി ഗ്രൂപ്പും

ന്യൂഡൽഹി: ഹിൻഡൻബർഗ് വെളിപ്പെടുത്തൽ നിഷേധിച്ച് അദാനി ഗ്രൂപ്പും സെബി ചെയർപേഴ്സൺ മാധവി ബച്ചും. റിപ്പോർട്ട് അവാസ്തവമാണെന്നും വ്യക്തിഗത ലാഭത്തിനു വേണ്ടി തയ്യാറാക്കിയതാണെന്നും അദാനി ഗ്രൂപ്പ് വ്യക്തമാക്കി.

പൊതുവായി ലഭിക്കുന്ന വിവരങ്ങളിൽ കൃത്രിമത്വം ഉണ്ടാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. നേരത്തെ ആരോപിച്ച കാര്യങ്ങൾ തന്നെയാണ് പുതിയ റിപ്പോർട്ടിലും പറയുന്നത്. ഇത് സുപ്രീംകോടതി തന്നെ തള്ളിക്കളഞ്ഞതാണ്. റിപ്പോർട്ട് ഇന്ത്യൻ നിയമങ്ങളെ പൂർണമായും അവഹേളിക്കുന്നതും വ്യക്തിഗതമായ ലാഭത്തിനു വേണ്ടി നേരത്തെ നിശ്ചയിച്ച നിഗമനങ്ങളോടെ തയ്യാറാക്കിയത്.

അടിസ്ഥാന രഹിതമായ ആരോപണമാണിതെന്ന് മാധവി ബച്ചും പ്രതികരിച്ചു. ആരോപണങ്ങളിൽ പറയുന്ന കാലത്തെ എല്ലാ ഇടപാടുകളുമായി ബന്ധപ്പെട്ട വിവരവും ബന്ധപ്പെട്ട അധികാരികൾക്കു മുന്നിൽ വെളിപ്പെടുത്താൻ തയ്യാറാണ്. സെബിയുടെ കാരണം കാണിക്കൽ നോട്ടീസിനുള്ള പ്രതികാരമാണിത്- അവർ കുറ്റപ്പെടുത്തി.

### നട്‌വർ സിങ് അന്തരിച്ചു



ന്യൂഡൽഹി: മുൻ വിദേശകാര്യ മന്ത്രി കെ.നട്‌വർ സിങ് (93) അന്തരിച്ചു. ഹരിയാനയിലെ ഗുരുഗ്രാമിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. മൻമോഹൻ സിങ് സർക്കാരിൽ വിദേശകാര്യമന്ത്രിയായിരുന്നു. പാക്കിസ്ഥാനിൽ ഇന്ത്യൻ അംബാസിഡറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി സർക്കാരിൽ സ്റ്റീൽ, മൈൻ വകുപ്പുകളുടെ ചുമതല വഹിച്ചു. ഇന്ത്യൻ ഫോറിൻ സർവീസിൽനിന്ന് വിരമിച്ചശേഷമാണ് രാഷ്ട്രീയത്തിലേക്ക് എത്തിയത്. 1973-77 കാലഘട്ടത്തിൽ യു.കെയിലെ ഇന്ത്യൻ ഡപ്യൂട്ടി ഹൈകമ്മിഷണറായിരുന്നു. 1977ൽ സാംബിയയിലെ ഇന്ത്യൻ ഹൈക്കമ്മിഷണറായി. 1984ൽ പത്മഭൂഷൻ ബഹുമതി ലഭിച്ചു. 1931ൽ രാജസ്ഥാനിലെ ഭാരത്പുരിലാണ് ജനനം. ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജിലായിരുന്നു പഠനം. പിന്നീട് കേംബ്രിഡ്ജ് സർവകലാശാലയിൽ ഉപരിപഠനം നടത്തി. 1991ൽ രാഷ്ട്രീയത്തിൽ നിന്ന് പിൻമാറിയെങ്കിലും 2002ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുത്തതോടെ സജീവ രാഷ്ട്രീയത്തിലേക്ക് മടങ്ങിയെത്തി. 2008ൽ കോൺഗ്രസിൽനിന്ന് രാജിവച്ചു.

### ഉദ്ധവിന്റെ വാഹന വ്യൂഹത്തിന് നേരെ ആക്രമണം

മുംബൈ: മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി ഉദ്ധവ് താക്കറെയുടെ വാഹനവ്യൂഹത്തിന് നേരെ ആക്രമണം. മഹാരാഷ്ട്ര നവനിർമാൺ സേന പ്രവർത്തകർ വാഹനവ്യൂഹത്തിന് നേരെ വളകളും തേങ്ങകളും തക്കാളിയും എറിയുകയായിരുന്നു. ആക്രമണത്തിൽ രണ്ട് വാഹനങ്ങളുടെ ചില്ല് തകർന്നു. താനെയിൽ ഒരു പരിപാടിയിൽ പങ്കെടുക്കാനായി ഉദ്ധവ് താക്കറെ എത്തിയപ്പോഴാണ് ആക്രമണമുണ്ടായത്. ഉദ്ധവിന്റെ പരിപാടി നടക്കുന്ന ഹാളിന് മുന്നിൽ പ്രതിഷേധവുമായി എം.എൻ.എസ് പ്രവർത്തകർ എത്തിയെങ്കിലും പൊലീസ് ഇവരെ അവിടെ നിന്നും മാറ്റി സംഘർഷ സാധ്യത ഒഴിവാക്കുകയായിരുന്നു. ബീഡിൽ വെച്ച് രാജ് താക്കറെയുടെ വാഹനവ്യൂഹത്തിന് നേരെ ശിവസേന പ്രവർത്തകർ ആക്രമണം നടത്തിയിരുന്നു. ഇതിനുള്ള തിരിച്ചടിയാണ് താനെയിൽ ഉദ്ധവിന് നേരെ നടന്ന ആക്രമണം. ഞങ്ങളുടെ പ്രവർത്തകർ ഉദ്ധവിന് നല്ല തിരിച്ചടിയാണ് കൊടുത്തിരിക്കുന്നതെന്ന് എം.എൻ.എസ് പ്രാദേശിക നേതാവ് അവിനാശ് ജാദവ് പറഞ്ഞു. രാജ് താക്കറെക്കെതിരെ പറഞ്ഞാൽ ഇനിയും ആക്രമണമുണ്ടാവുമെന്നും ഇയാൾ ഭീഷണിപ്പെടുത്തി.

# തുംഗഭദ്ര ഡാമിന്റെ ഷട്ടർ തകർന്നു; മുഴുവൻ ഷട്ടറുകളും തുറന്നു



ബെംഗളൂരു: കർണാടകയിലെ തുംഗഭദ്ര ഡാമിന്റെ ഗേറ്റ് തകർന്നു. കർണാടക കൊപ്പൽ ജില്ലയിലുള്ള തുംഗഭദ്ര ഡാമിന്റെ 19ാമത് ഗേറ്റാണ് പൊട്ടി വീണത്. ഡാമിൽ നിന്ന് വൻ തോതിൽ വെള്ളം പുറത്തേക്ക് ഒഴുകുകയാണ്. രാത്രി 12 മണിയോടെ ആണ് ഗേറ്റ് പൊട്ടി വീണത്. 35,000 ക്യുസക്സ് വെള്ളം ഒഴുകിപ്പോയി. ഭീഷണി ഒഴിവാക്കാനായി ഡാമിന്റെ 33 ഗേറ്റുകളും തുറന്നു വെള്ളം പുറത്തേക്ക് വിട്ടുകൊണ്ടിരിക്കുകയാണ്. ഡാമിൽ നിന്ന് 60 ടി.എം.സി അടി വെള്ളം അടിയന്തരമായി ഒഴുക്കി കളയാനുള്ള ശ്രമമാണ് നടത്തുന്നത്. ഇതേതുടർന്ന് തുംഗഭദ്ര നദിയുടെ കൊപ്പൽ, വിജയനഗര, ബെല്ലാരി, റായിച്ചൂർ ജില്ലകളിലെ തീരമേഖലകളിൽ അതീവ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. കർണാടക, ആന്ധ്രാ തെലങ്കാന സംസ്ഥാനങ്ങളിലെ കൃഷിയിടങ്ങൾ ആശ്രയിക്കുന്ന പ്രധാന ജല സംഭരണിയാണ് തുറന്നു വിട്ടിരിക്കുന്നത്.

# കെജ്‌രിവാളിന്റെ അഭാവത്തിൽ ആം ആദ്മി പാർട്ടിയെ നയിക്കാൻ മനീഷ് സിസോദിയ

ന്യൂഡൽഹി: ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അഭാവത്തിൽ ഡൽഹി, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ആം ആദ്മി പാർട്ടിയെ മനീഷ് സിസോദിയ നയിക്കും. മദ്യനയക്കേസിൽ ജയിലിലായിരുന്ന സിസോദിയക്ക് കഴിഞ്ഞ ദിവസം സുപ്രീംകോടതി ജാമ്യം അനുവദിച്ചിരുന്നു.17 മാസത്തെ ജയിൽ വാസത്തിനു ശേഷം വെള്ളിയാഴ്ചയാണ് 52കാരനായ സിസോദിയ തിഹാർ ജയിലിൽ നിന്ന് പുറത്തിറങ്ങിയത്. ഇതേ കേസിൽ പ്രതി ചേർക്കപ്പെട്ടാണ് കെജ്‌രിവാൾ തിഹാർ ജയിലിൽ കഴിയുന്നത്. തിരഞ്ഞെടുപ്പ് പ്രചാരണങ്ങളുടെ കൂടിയാലോചനക്കായി എ.എ.പിയുടെ മുതിർന്ന നേതാക്കൾ ഇന്നലെ സിസോദിയയുടെ വസതിയിൽ യോഗം ചേർന്നിരുന്നു. ഡൽഹി മുൻ ഉപമുഖ്യമന്ത്രി കൂടിയായ സിസോദിയയുടെ വരവ് പാർട്ടിക്ക് കരുത്തേകുമെന്ന വിലയിരുത്തലിലാണ് പാർട്ടി നേതൃത്വം. സിസോദിയ മന്ത്രിയായിരുന്ന കാലത്ത് ഡൽഹിയിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾ കൊണ്ടുവന്നിരുന്നു. വിദ്യാഭ്യാസം, ധനകാര്യം, വിജിലൻസ് സർവീസ്, വനിത ശിശുക്ഷേമം തുടങ്ങിയ 18 വകുപ്പുകളുടെ ചുമതലയും സിസോദിയക്കായിരുന്നു. ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിൽ പട്പർഗഞ്ച് മണ്ഡലത്തെ പ്രതിനിധീകരിച്ച് മൂന്നുതവണയാണ് സിസോദിയ തിരഞ്ഞെടുക്കപ്പെട്ടത്. ഹരിയാനയിൽ ഈ വർഷം അവസാനമാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. സംസ്ഥാനത്തെ 90 നിയമസഭാ സീറ്റുകളിലും മത്സരിക്കുമെന്ന് എ.എ.പി നേരത്തെ വ്യക്തമാക്കിയിരുന്നു. ഡൽഹിയിൽ അടുത്ത വർഷം ആദ്യത്തിലാണ് തിരഞ്ഞെടുപ്പ്.

# കൺമറഞ്ഞു, കുഞ്ഞികാക്ക



# കുട്ടി അഹമ്മദ്കുട്ടി ഇനി ഓർമകളിൽ

താനൂർ: കുട്ടി അഹമ്മദ് കുട്ടി എന്ന പേരിൽ തന്നെ ഒരു കൗതുകമുണ്ട്. തുടക്കവും ഒടുക്കവും ഒരു കുട്ടി. രണ്ടു കുട്ടികൾക്കിടയിലെ അഹമ്മദ്. മനോഹരമായൊരു പേര്. പേരിലെ കൗതുകവും മനോഹാരിതയും ഏതു കാലത്തും സൂക്ഷിച്ചുവെച്ചാണ് കുട്ടി അഹമ്മദ് കുട്ടി എന്ന ജനകീയ പൊതുപ്രവർത്തകൻ രാഷ്ട്രീയ ജീവിതം നയിച്ചിരുന്നത്. എം.എൽ.എയും മന്ത്രിയുമായും പ്രവർത്തിച്ചപ്പോഴും സാധാരണ ജനങ്ങളുമായുള്ള ബന്ധം ഹൃദ്യമായി തുടർന്നു. ആ ബന്ധത്തിന്റെ ഊഷ്മളത കാരണം മന്ത്രിയായിട്ടും എം. എൽ. എ ആയിട്ടും ലീഗിന്റെ ഉന്നത നേതാവിയിട്ടും നാട്ടുകാർക്ക് പ്രിയപ്പെട്ട കുഞ്ഞിക്കാക്ക മാത്രമായായിരുന്നു കുട്ടി അഹമ്മദ് കുട്ടി. മുസ്‌ലിം ലീഗിന്റെ ജനകീയാസൂത്രണം പോലെയുള്ള വിഷയങ്ങളിലെ ആധികാരിക ശബ്ദവും.

മലപ്പുറം ജില്ലയുടെ തീരദേശത്ത് ഏറെ സ്വാധീനമുണ്ടായിരുന്ന സെയ്താലിക്കുട്ടി മാഷിന്റെ മകനായിരുന്നു കുട്ടി അഹമ്മദ് കുട്ടി. സെയ്താലിക്കുട്ടി മാഷിനോടുള്ള ജനങ്ങളുടെ സ്നേഹം കുട്ടി അഹമ്മദ് കുട്ടിയോടും നാടും നാട്ടുകാരും കാണിച്ചു. സർവേന്ത്യ ലീഗിന്റെ നേതാവ് കൂടിയായിരുന്നു കുട്ട്യാലിക്കടവത്ത് സെയ്താലിക്കുട്ടി മാസ്റ്റർ.

വീട്ടിലെ ലൈബ്രറിയിൽ ലോകോത്തര സാഹിത്യങ്ങളുടെ വലിയ ശേഖരമുണ്ടായിരുന്നു. മന്ത്രിയായിരിക്കുമ്പോഴും പുസ്തകങ്ങളോടുള്ള ചങ്ങാത്തം അവസാനിപ്പിച്ചില്ലെന്ന് മാത്രമല്ല, വായന കൂടുതൽ ദൃഢമാക്കുകയും ചെയ്തു. തന്റെ ഉന്നതമായ ചിന്ത രാഷ്ട്രീയത്തിലും അദ്ദേഹം പുലർത്തി. ഒരു തരത്തിലുള്ള ആരോപണങ്ങളും അദ്ദേഹത്തിന് നേരെ ഉയർന്നില്ല എന്നത് അതീവസൂക്ഷ്മമായി അദ്ദേഹം രാഷ്ട്രീയത്തെ സമീപിച്ച രീതികൊണ്ട് കൂടിയാണ്. ഒരു ആരാധന പോലെ രാഷ്ട്രീയത്തെ വരിച്ചു.

2004 സെപ്തംബർ അഞ്ചിനാണ് കുട്ടി അഹമ്മദ് കുട്ടി തദ്ദേശവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയായി സ്ഥാനമേറ്റത്. 2005 ഫെബ്രുവരി അഞ്ചിന് തദ്ദേശവകുപ്പ് മന്ത്രിയായിരിക്കെ കൊല്ലത്ത് ഓച്ചിറയിൽ വെച്ചുണ്ടായ കാറപകടത്തിൽ കുട്ടി അഹമ്മദ് കുട്ടിക്ക് മാരകമായി പരിക്കേറ്റിരുന്നു. അപകടം അദ്ദേഹത്തിന്റെ ആരോഗ്യത്തെ കാര്യമായി ബാധിച്ചുവെങ്കിലും അവസാന നിമിഷം വരെ രാഷ്ട്രീയത്തിൽ സജീവമായി നിലകൊണ്ടു. സംസ്ഥാന ബജറ്റിനെ ഇഴകീറി പരിശോധിക്കാനും മുസ്‌ലിം ലീഗിന്റെ തദ്ദേശഭരണ ഇടപെടലുകളെ സജീവമായി നിലനിർത്താനും അദ്ദേഹം ശ്രമിച്ചു.

## മുസ്‌ലിംലീഗിന്റെ ധൈഷണിക ശബ്ദം: അബ്ബാസലി തങ്ങൾ

മലപ്പുറം: സമൂഹത്തോടൊപ്പം സഞ്ചരിച്ച് അവരുടെ അഭിലാഷങ്ങൾ നിറവേറ്റാൻ പരിശ്രമിച്ച മന്ത്രിയും മുസ്‌ലിം ലീഗിന്റെ ധൈഷണിക നേതാവും കർമോത്സുകനായ പ്രവർത്തകനുമെല്ലാമായിരുന്നു കുട്ടി അഹമ്മദ് കുട്ടി എന്ന് മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അനുശോചിച്ചു. മന്ത്രിയായിരുന്ന ചെറിയ കാലയളവിൽ തന്നെ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിക്കായി ഏറെ പ്രയത്നിച്ചു. ഭിന്നശേഷിക്കാർക്കായി അനേകം പദ്ധതികൾ തന്റെ വകുപ്പിന് കീഴിലദ്ദേഹം നടപ്പിലാക്കി. വേദനിക്കുന്നവരുടെ കണ്ണീരൊപ്പുന്നതായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനം. പാണക്കാട് കുടുംബവുമായി ഏറെ നാളത്തെ ബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഇടക്കിടെയുള്ള അദ്ദേഹത്തിന്റെ സന്ദർശനം ഏറെ മധുരമുള്ള ഓർമകളാണ്. അദ്ദേഹത്തിന്റെ വിയോഗം സമൂഹത്തിനും പാർട്ടിക്കുമെന്ന പോലെ വ്യക്തിപരമായും വലിയ നഷ്ടമാണെന്നും തങ്ങൾ കൂട്ടിച്ചേർത്തു.



കുട്ടി അഹമ്മദ്കുട്ടിയുടെ ജനാസ നമസ്കാരത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു

## നഷ്ടമായത് നിസ്വാർത്ഥനായ പൊതുപ്രവർത്തകനെ –നാലകത്ത് സൂപ്പി

പെരിന്തൽമണ്ണ : കുട്ടി അഹ്മദ്കുട്ടിയുടെ വിയോഗത്തിലൂടെ നാടിനു നഷ്ടമായത് നിസ്വാർത്ഥനായ പൊതു പ്രവർത്തകനെയാണെന്ന് മുൻ മന്ത്രി നാലകത്ത് സൂപ്പി പറഞ്ഞു. ഒരേ മന്ത്രിസഭയിൽ തന്റെ കൂടെ പ്രവർത്തിച്ച കുട്ടി അഹമ്മദ് കുട്ടി, വിഷയം സമഗ്രമായി പഠിക്കുകയും വികസന പദ്ധതികൾ അതിവേഗം നടപ്പിലാക്കുകയും ചെയ്ത ഭരണാധികാരിയായിരുന്നു. തദ്ദേശ ഭരണ രംഗത്ത് കുട്ടി അഹമ്മദ് കുട്ടി പ്രകടിപ്പിച്ച പ്രാഗൽഭ്യം ശ്രദ്ധേയമാണ്. നല്ലൊരു വായനക്കാരനുമായിരുന്നു അദ്ദേഹം. വികസനത്തിലൂന്നിയുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും സ്വാഗതം ചെയ്തിരുന്നു എന്നും മുൻ വിദ്യാഭ്യാസ മന്ത്രി നാലകത്ത് സൂപ്പി അനുസ്മരിച്ചു.

## സ്പീക്കർ അനുശോചിച്ചു

മുസ്‌ലിംലീഗ് നേതാവും, മുൻമന്ത്രിയും മുൻ നിയമസഭാംഗവും ആയിരുന്ന കുട്ടി അഹമ്മദ് കുട്ടിയുടെ വിയോഗത്തിൽ നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ അനുശോചിച്ചു. കേരള നിയമസഭയുടെ ഒമ്പതും പതിനൊന്നും സഭകളിലെ അംഗമായും 2004–ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായും പ്രവർത്തിച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾക്കായി നിരന്തരം പ്രവർത്തിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയ കേരളത്തിന് ഒരു നല്ല നേതാവിനെയാണ് നഷ്ടമായിരിക്കുന്നതെന്ന് സ്പീക്കർ അനുസ്മരിച്ചു. സഹപ്രവർത്തകരുടെയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ സ്പീക്കറും പങ്കുചേർന്നു.

## പൊതുപ്രവർത്തകർക്ക് മാതൃക

വ്യക്തി ജീവിതത്തിലും പൊതു ജീവിതത്തിലും പൊതു പ്രവർത്തകർക്ക് മാതൃകാസ്ഥാനീയനായിരുന്നു. താനൂരിൽ വർഗീയ കലാപത്തിന് ചിലർ ശ്രമിച്ച സമയത്ത് മൈത്രിയും സൗഹൃദവും പരത്താൻ ആത്മാർഥമായി പ്രവർത്തിച്ച നേതാവായിരുന്നു മുൻമന്ത്രി കുട്ടി അഹമ്മദ് കുട്ടിയെന്ന് കായിക, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു.

## പോളിക്ക് ഇന്ന് അവധി

തിരൂർ: ഗവേണിങ്ങ് ബോഡി ചെയർമാൻ കെ കുട്ടി അഹമ്മദ് കുട്ടിയുടെ വിയോഗത്തിൽ ആദര സൂചകമായി ഇന്ന് സ്ഥാപനത്തിന് അവധിയായിരിക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്കൊപ്പം കുട്ടി അഹമ്മദ്കുട്ടി (ഫയൽ ചിത്രം)

# ഒഴുകിയെത്തിയത് ആയിരങ്ങൾ

വി.കെ റഷീദ്
തിരൂർ

അനാരോഗ്യവും അവശതയുമൊക്കെയുണ്ടായിരുന്നെങ്കിലും പൊടുന്നനെയുണ്ടായ അന്ത്യം ആദ്യം വിശ്വസിക്കാനാവാതെ പകച്ച് ആയിരങ്ങൾ. മഴയടക്കം മാറി നിന്ന് അന്തരീക്ഷം പോലും സൗകര്യമൊരുക്കിയതോടെ കേരളത്തിന്റെ അഷ്ട ദിക്കുകളിൽ നിന്നുമായി പതിനായിരങ്ങൾ താനൂരിലേക്കൊഴുകിയെത്തി. രാത്രി 8 മണി വരെയായി വീട്ടിൽ വെച്ച് നൂറ് കണക്കിന് ആളുകൾ ജനാസ നിസ്കരിച്ചെങ്കിലും വടക്കേപ്പള്ളി ജുമാ മസ്ജിദിലെ ജനാസ നിസ്കാരത്തിനും മസ്ജിദും പരിസരവും തിങ്ങിനിറഞ്ഞു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. സർക്കാരിന്റെ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു ഖബറടക്കം.

നിര്യാണവാർത്ത അറിഞ്ഞെത്തിയത് നിരവധി നേതാക്കളും പ്രവർത്തകരുമാണ്. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ. കുഞ്ഞാലിക്കുട്ടി, അഡ്വ. പി.എം.എ. സലാം, അബ്ബാസലി ശിഹാബ് തങ്ങൾ, മുനവ്വറലി ശിഹാബ് തങ്ങൾ, റഷീദലി ശിഹാബ് തങ്ങൾ, ബഷീറലി ശിഹാബ് തങ്ങൾ, അബ്ദുറഹിമാൻ രണ്ടത്താണി, മന്ത്രിമാരായ വി.അബ്ദുറഹിമാൻ, കൃഷ്ണൻകുട്ടി, ജില്ലാ കലക്ടർ വി.ആർ വിനോദ്, എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, ഡോ. എം.പി അബ്ദുസ്സമദ് സമദാനി, പി.വി.അബ്ദുൽ വഹാബ്, കെ. രാധാകൃഷ്ണൻ, സാഹിത്യകാരൻ പി.സുരേന്ദ്രൻ, എം.എൽ.എ.മാരായ എം.കെ. മുനീർ, കുറുക്കോളി മൊയ്തീൻ, പി.അബ്ദുൽ ഹമീദ്, അഡ്വ.എൻ. ഷംസുദ്ദീൻ, അഡ്വ. യു.എ ലത്തീഫ്, പ്രഫ. ആബിദ് ഹുസൈൻ തങ്ങൾ, മഞ്ഞളാംകുഴി അലി, പി.കെ ബഷീർ, ടി.വി ഇബ്രാഹീം, പി.ടി.എ റഹീം, മുൻ മന്ത്രി പി.കെ അബ്ദുറബ്ബ്, നാലകത്ത് സൂപ്പി, ടി.എ അഹമ്മദ് കബീർ, ഇസ്ഹാഖ് കുരിക്കൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ, വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പ്രീതി മേനോൻ, സി.പി ബാവ ഹാജി, കെ.എം ഷാജി, സി.പി. സൈതലവി, സി.മമ്മുട്ടി, കളത്തിൽ അബ്ദുല്ല, ഡി.സി.സി പ്രസിഡന്റ് വി.എസ് ജോയ്, ഡോ. ഖമറുന്നിസ അൻവർ, സുഹറ മമ്പാട്, എം.എസ് അലവി, വി.കെ.സി മമ്മദ് കോയ, ആര്യാടൻ ഷൗക്കത്ത്, കെ.പി അബ്ദുൽ മജീദ്, ടി. കെ ഹംസ, കെ.എസ് ഹംസ, യു. സി. രാമൻ, കുൽസു ടീച്ചർ, ഷാഹിന നിയാസി, വി.കെ.എം. ഷാഫി, ഫൈസൽ എടശ്ശേരി, പി.കെ.സി അബ്ദുറഹിമാൻ, ടി.പി.എം. ബഷീർ, പി.കെ അബ്ദുൽ ഗഫൂർ അ ൽ ഖാസിമി, പി.ടി അജയ് മോഹൻ, ദുബൈ കെ.എം.സി.സി നേതാക്കളായ പി.കെ അൻവർ നഹ, കെ.പി.എ സലാം, സിദ്ദീഖ് കാലൊടി, കെ.എൻ. മുത്തുക്കോയ തങ്ങൾ, എം.പി.അഷ്റഫ്, നഗരസഭാ അധ്യക്ഷരായ കെ.പി.മുഹമ്മദ് കുട്ടി, റഷീദ് മോര്യ, എ.പി. നസീമ, യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ഷരിഫ് കുറ്റൂർ, സയ്യിദ് ഫഖ്റുദ്ദീൻ ഹസനി തങ്ങൾ, സി.എം അബ്ദുസ്സമദ് ഫൈസി, കെ.ഡി.പി ജില്ലാ പ്രസിഡന്റ് പി.പി.എ റഷീദ്, പി.എ.റഷീദ്, സി എച്ച്. മഹ്മൂദ് ഹാജി, സി.പി. ബാബു എടക്കുളം, എ.പി. ഷംസുദ്ദീൻ ബിൻ മുഹ്യിദ്ദീൻ ദുബൈ, എ.പി. അബ്ദുസമദ് ദുബൈ, ഡോ. യു.കെ അഭിലാഷ്, അഡ്വ. നസ്റുല്ല, ഷാജി പച്ചേരി, ഒ.രാജൻ, കെ.ഫാത്തിമ ബീവി, ഇ.എൻ മോഹൻദാസ്, ഇ.ജയൻ, സൈനബ ചേനാത്ത്, ടി.എൻ ശിവശങ്കരൻ, കെ.എൻ ജനചന്ദ്രൻ മാസ്റ്റർ, അഡ്വ. ഷമീർ പയ്യനങ്ങാടി, നിയാസ് പുളിക്കലകത്ത്, അഡ്വ.പി.പി റഹൂഫ്, അഡ്വ.പി.പി. ഹാരിഫ്, സി.മുഹമ്മദ് അഷ്റഫ്, കെ. സലാം, ഹനീഫ മുന്നിയൂർ, സക്കീർ പരപ്പനങ്ങാടി, വെട്ടം ആലിക്കോയ, എം.അബ്ദുല്ലക്കുട്ടി, മുജീബ് പൂളക്കൽ, ടി. നിയാസ്, ഉമറലി തങ്ങൾ, സി.കെ.എ റസാഖ്, പട്ടാക്കൽ അലി, നാസർ എടരിക്കോട്, വി.കെ ജലീൽ, പി.ടി.കെ കുട്ടി, പി. അഷ്റഫ്, ആതവനാട് മുഹമ്മദ് കുട്ടി, ഉമ്മർ ഒട്ടുമ്മൽ സന്ദർശിച്ചു.



മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടിക്ക് ഔദ്യോഗിക ബഹുമതികളോടെ അന്ത്യോപചാരമർപ്പിക്കുന്നു

# തിരൂരങ്ങാടിയുടെ മുഖച്ഛായ മാറ്റിയ വികസന നായകൻ

യു.എ റസാഖ്
തിരൂരങ്ങാടി

ദീർഘവീക്ഷണത്തോടെ പദ്ധതികൾ തയ്യാറാക്കി നാടിന് സമർപ്പിക്കുന്നതിൽ മികച്ച വൈദഗ്ദ്യമുള്ള ജനപ്രതിനിധിയായിരുന്നു മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടി. മന്ത്രിയായും എം.എൽ.എയായും തിരൂരങ്ങാടിക്കായി അദ്ദേഹം സമർപ്പിച്ച പദ്ധതികൾ ഇന്നും ബ്രഹത്തരമാണ്. നാടിനെ എക്കാലത്തും വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി തയ്യാറാക്കിയ ന്യൂക്കട്ട് പദ്ധതി അദ്ദേഹത്തിന്റെ സംഭാവനയായിരുന്നു. അവുഖാദർ കുട്ടി നഹാ തുടക്കം കുറിച്ച പാതി വഴിയിൽ അവസാനിപ്പിക്കേണ്ട വന്ന പദ്ധതി ഇന്ന് കാണുന്ന രൂപത്തിൽ പൂർത്തികരിച്ചത് കുട്ടി അഹമ്മദ് കുട്ടിയാണ്.

അന്ന് പഞ്ചായത്തായിരുന്ന തിരൂരങ്ങാടിയിൽ നടപ്പിലാക്കാൻ തെയ്യാറാക്കിയ പുര പദ്ധതി. നൂറ് കോടിയിലധികം രൂപ ചെലവിൽ തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന തരത്തിൽ നടപ്പിലാക്കുന്ന പദ്ധതിയായിരുന്നു അത്. കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള പദ്ധതിയിൽ കുടിവെള്ളം, ഗ്രാമ വികസനം, ടൗണുകളുടെ സൗന്ദര്യ വൽക്കരണം, ഗതാഗത സൗകര്യങ്ങളുടെ വർധനവ് അങ്ങനെ എല്ലാം അടങ്ങിയ പാക്കേജായിരുന്നു പുര പദ്ധതി. മണ്ഡലത്തിന്റെ ഐ.ടി മേഖലയിലെ കുതിച്ചുച്ചാട്ടം ലക്ഷ്യം വെച്ച് നടപ്പിലാക്കിയ ഇൻഫർമേശൻ കിയോസ് കി, പീപ്പിൾസ് ഐ.ടി മൂവ്മെന്റ്, കെൽട്രോൺ ഇൻഫർമേഷൻ കിയോസ് കി, പ്രിൻസ് എന്നിവയും അദ്ദേഹത്തിന്റെ പദ്ധതികളായിരുന്നു. കാർഷിക മേഖലയിലെ അഭിവൃതിക്കായി ഹരിയാലി പദ്ധതി നടപ്പിലാക്കി. അത് വഴി മണ്ഡലത്തിലെ തോടുകൾ, കുളങ്ങൽ, നീർച്ചാലുകൾ, കാപ്പുകൾ എന്നിവയെല്ലാം നവീകരിക്കുന്നതിന് അക്കാലത്ത് സാധിച്ചു. കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും യുവതയെ കൃഷിയിലേക്ക് ഇറക്കുന്നതിനും ഈ പദ്ധതി കൊണ്ട് സാധിച്ചു.

ചെമ്മാട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള മമ്പുറം ബൈപ്പാസ്, കോഴിക്കോട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കടലുണ്ടി കടവ് പാലം, മൂന്നിയൂർ-പരപ്പനങ്ങാടി കുണ്ടംകടവ് പാലം, വള്ളിക്കുന്നിലെ ഇരിമ്പോത്തിങ്ങൽ കടവ് പാലം, പനമ്പുഴ പാലം, ന്യൂക്കട്ട് ചീർപ്പിങ്ങൽ ചെറിയ പാലം എന്നിവയെല്ലാം കുട്ടി അഹമ്മദ് കുട്ടിയുടെ സംഭാവനയാണ്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ആദ്യത്തെ ഓപ്പറേഷൻ തിയേറ്റർ കെട്ടിടം, ഇപ്പോഴത്തെ ഒ.പി ബ്ലോക്ക്, നവീകരണത്തിനായി പൊളിച്ചു നീക്കിയ ഡയാലിസിസ് കെട്ടിടം, മണ്ഡലത്തിന് കീഴിലെ നിരവധി ആശുപത്രി കെട്ടിടങ്ങൽ, സ്കൂൾ കെട്ടിടങ്ങൾ, തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ജില്ലയിലെ ഏക ഡി എഡിഷൻ സെന്റർ, ജെറിയാട്രിക് ഹോം കെയർ പദ്ധതി, മറ്റു നിരവധി കെട്ടിടങ്ങൾ അങ്ങനെ എണ്ണിയാലൊതുങ്ങാത്ത വികസനങ്ങൾ തിരൂരങ്ങാടിക്ക് സമ്മാനിച്ച നേതാവാണ് വിടവാങ്ങിയത്.



ഹൈദരലി തങ്ങൾക്കൊപ്പം കുട്ടി അഹമ്മദ്കുട്ടി (ഫയൽ)



നടൻ ഇന്നസെന്റും കുട്ടി അഹമ്മദ്കുട്ടിയും (ഫയൽ)

# വിപ്ലവ പദ്ധതികൾക്ക് തുടക്കമിട്ട തദ്ദേശ മന്ത്രി

## ജീവനക്കാരേ ചേർത്തുപിടിച്ച സഹപ്രവർത്തകൻ

ഷഹബാസ് വെള്ളില
മലപ്പുറം

സംസ്ഥാനത്ത് ഏറെ വിപ്ലവം ഉണ്ടാക്കി ശുചിത്വ മിഷൻ രൂപീകരിച്ചതിൽ മുഖ്യപങ്കുവഹിച്ച ദീർഘവീക്ഷണമുള്ള മന്ത്രിയായിരുന്നു കെ കുട്ടി അഹമ്മദ് കുട്ടി. മാലിന്യമുക്ത കേരളത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് ശുചിത്വ മിഷൻ വലിയ പങ്കാണ് വഹിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ശുചിത്വ പരിപാലനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അവ വേഗത്തിൽ നടപ്പിൽവരുത്തി കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും ശുചിത്വ മിഷന് എന്ന ആശയം അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന കുട്ടി അഹമ്മദ് കുട്ടിയുടെ സംഭാവനയായിരുന്നു.

നല്ല ഭരണകർത്താവായിരുന്ന അദ്ദേഹം സഹപ്രവർത്തകരോട് ഏറെ സൗമ്യതയോടേയും സുഹൃത്തുക്കളെപോലെയുമാണ് പെരുമാറിയിരുന്നതെന്ന് അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ കൂടെ ഉണ്ടായിരുന്ന വെള്ളില സ്വദേശി റഊഫ് പറയുന്നു. നേരിൽ കണ്ടപ്പോൾ വളരെ സ്നേഹത്തോടെയുള്ള പെരുമാറ്റമായിരുന്നു അദ്ദേഹത്തിന്റേത്. ഇത് വലിയ ആത്മവിശ്വാസമാണ് നൽകിയത്. അന്നത്തെ ജില്ലാ സെക്രട്ടറിയായിരുന്ന കെ.പി.എ മജീദിനെ കണ്ടില്ലേ എന്നാണ് ആദ്യം ചോദിച്ചത്. പാർട്ടിയോട് അത്രക്ക് കൂറ് പുലർത്തിയിരുന്ന നേതാവായിരുന്നു അദ്ദേഹം.

മന്ത്രിയായിരിക്കെ തദ്ദേശ സ്വയംഭരണ വകുപ്പ് സംബന്ധിച്ച് നിരവധി ബില്ലുകൾ അദ്ദേഹത്തിന്റെ കാലത്താണ് നിയമമാക്കിയത്. കുടുംബശ്രീയിൽ ഇന്ന് കാണുന്ന പരിഷ്കാരങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സംഭാവനകൾ കാണാനാകും. ഭരണ രംഗത്ത് മികച്ച സംഭവന നൽകിയ അദ്ദേഹത്തിനോട് പ്രതിപക്ഷത്തിന് വരെ വലിയ മതിപ്പായിരുന്നു. ഒരു ആരോപണങ്ങളും കേൾപ്പിക്കാതെ പരാതിരഹിമായി അദ്ദേഹം വകുപ്പിനെ മുന്നോട്ടുനയിച്ചു. പ്രതിപക്ഷ കക്ഷികളോടും നല്ല അടുപ്പവും സ്നേഹവും പുലർത്തിയിരുന്നു അദ്ദേഹം.

രാവിലെ എണീറ്റ ഉടൻ തന്നെ പുസ്തകങ്ങൾ വായിക്കുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. അസുഖ ബാധിനായിയിരുന്നെങ്കിലും എല്ലാ പാർട്ടി പരിപാടികളിലും സജീവമായി പങ്കെടുത്ത അദ്ദേഹം പാർട്ടി പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കും വലിയ മാതൃകയായിരുന്നു.

# വായന തപസ്യയാക്കിയ വിദ്യാഭ്യാസ പ്രവർത്തകൻ

ഉബൈദുല്ല താനാളൂർ
താനൂർ

പുസ്തക വായന താപസ്യയാക്കിയ വിദ്യാഭ്യാസ പ്രാർത്തകനായിരുന്നു അന്തരിച്ച മുൻ മന്ത്രി കുട്ടി അഹമ്മദ്കുട്ടി. തന്റെ വീട് തന്നെ ഒരു ലൈബ്രറിക്ക് സമാനമായ രൂപത്തിൽ വീട്ടിൽ തന്നെ ക്രമപ്പെടുത്തിയ കുട്ടി അഹമ്മദ്കുട്ടി ഹോം ലൈബ്രറിയിൽ നൂറുക്കണക്കിന് പുസ്തകങ്ങൾ വിവിധ ഭാഷകളിലും വിവിധ വിഷയങ്ങളും അടങ്ങിയ പുസ്തകങ്ങൾ ഉണ്ട്. കവിത, സാഹിത്യം, ഭാഷാ പഠനം, വികസനം, പരിസ്ഥിതി ചരിത്രം തുടങ്ങിയവ ഉൾക്കൊള്ളുന്ന വിവിധ തരം ഗ്രന്ഥങ്ങൾ വീട്ടിലെ അലമാരകളിൽ നിറഞ്ഞു നിൽക്കുന്ന പുസ്തകങ്ങളിൽ നിന്ന് ഓരോ ദിവസവും ആവശ്യമായ ഗ്രന്ഥങ്ങൾ എടുത്ത് വായിക്കുക പതിവായിരുന്നു. പുസ്തകങ്ങളെ സ്നേഹിച്ച് പുസ്തകം വായിക്കാനായി വീട്ടിലേക്ക് വരുന്നവർക്ക് ആവശ്യമായ പുസ്തകങ്ങൾ വീട്ടിൽ ഇരുന്നു വായിക്കാൻ ഉള്ള സൗകര്യവും അദ്ദേഹം ഒരുക്കിയിരുന്നു. പ്രധാനമായും അദ്ദേഹത്തിന്റെ വായന യാത്രക്കിടയിൽ വാഹനത്തിൽ വച്ചായിരുന്നു. 1988 ൽ അദ്ദേഹം താനൂർ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ അന്നത്തെ സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി അദ്ദേഹം താനൂർ അങ്ങാടിയിൽ ആരംഭിച്ച സാംസ്കാരിക നിലയം അദ്ദേഹത്തിന് വായനയോടുള്ള താൽപര്യം പ്രകടമാക്കുന്ന ഒന്നാണ്. അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി വി.ജെ. തങ്കപ്പൻ ആണ് ഈ സാംസ്കാരിക നിലയം ഉദ്ഘാടനം ചെയ്തത്.

1979 ൽ തീരദേശ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് സ്ഥാപിച്ച എസ്.എം.എം.ഹൈച്ച്.എസ് രായിരിമംഗലം സ്കൂളിന്റെ മാനേജർ കൂടിയായിരുന്നു അദ്ദേഹം. ഇപ്പോൾ ദേവധാറിനടുത്ത എസ്.എം.യു.പി സ്കൂൾ മാനേജർ കൂടിയാണ് ഇദ്ദേഹം. തിരൂർ എസ്.എസ്.എം പോളിടെക്നിക് കോളജിന്റെ ചെയർമാനും കേരള പ്രൈവറ്റ് സ്കൂൾ മാനേജേർസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റാണ് അദ്ദേഹം. അദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായിരിക്കെ കേരള സർക്കാരിന്റെ സാക്ഷരത പ്രവർത്തനം വിജയിപ്പിക്കുന്നതിലും താനൂർ പഞ്ചായത്തിൽ സാക്ഷരത ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലും അദ്ദേഹം ഏറെ ശ്രദ്ധപതിപ്പിച്ചിരുന്നു. വിദ്യാഭ്യാസരംഗം സജീവമാക്കേണ്ടതിന്റെ ആവശ്യകത എല്ലാ രംഗത്തും അദ്ദേഹം പരാമർശിച്ചു പ്രസംഗിക്കുക പതിവാക്കിയിരുന്നു. ഇതിന്റെ തെളിവാണ് അദ്ദേഹം താനൂർ ടൗൺ ജി. എം.യു.പി സ്കൂളിന്റെ പി.ടി.എ പ്രസിഡന്റായിരിക്കെ സ്കൂളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ.

# ജനനായകന് വിട

## കുട്ടി അഹമ്മദ് കുട്ടി വികസന കയ്യൊപ്പ് മായാതെ

മുസ്തഫ ചേലേമ്പ്ര
തേഞ്ഞിപ്പലം



കുട്ടി അഹമ്മദ്കുട്ടിയുടെ ഭൗതിക ശരീരത്തിൽ മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഹരിത പതാക പുതപ്പിക്കുന്നു.

ജനകീയ മുഖവും എണ്ണിയാൽ തീരാത്ത സംഭാവനയുമായി മറക്കാനും മായ്ക്കാനുമാവാതെ അവിഭക്ത തിരൂരങ്ങാടിയിലെ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിന്റെ മുക്ക് മൂലകളിൽ ഇന്നുമുണ്ട് കുട്ടി അഹമ്മദ് കുട്ടിയുടെ വികസന കയ്യൊപ്പ്. ഗ്രാമീണ ജനതയുടെ മനസിൽ കൊത്തി വെച്ച ആ പേരിനൊപ്പം കൂട്ടിച്ചേർത്ത് വായിക്കാനാകും വള്ളിക്കുന്ന് മണ്ഡലത്തിന്റെയും ചരിത്രം. വള്ളിക്കുന്ന് മണ്ഡലത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും 'അവിഭക്ത' തിരൂരങ്ങാടിയിൽ ആയിരുന്ന കാലം കെ കുട്ടി അഹമ്മദ് കുട്ടി നാടിന് വേണ്ടി ചെയ്ത സേവനവും നാട്ടുകാരോടുള്ള അടുപ്പവും ഓർത്തെടുക്കുകയാണ് നേതാക്കളും പ്രവർത്തകരും. വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ, തേഞ്ഞിപ്പലം, മൂന്നിയൂർ, വള്ളിക്കുന്ന് പഞ്ചായത്തുകൾ തിരൂരങ്ങാടി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ടതായിരുന്നു.

തിരൂരങ്ങാടിയിൽ എം.എൽ.എയായിരുന്ന കാലവും വള്ളിക്കുന്ന് മണ്ഡലം രൂപീകരിച്ചതിന് ശേഷവും വള്ളിക്കുന്നുകാർക്ക് മറക്കാനാവാത്ത മുഖമാണ് കുട്ടി അഹമ്മദ് കുട്ടി. അസുഖ ബാധിതനായി കിടന്നപ്പോഴും സ്വന്തം നാട്ടുകാരനെപ്പോലെ വള്ളിക്കുന്നുകാരുടെ പ്രിയപ്പെട്ട ജനകീയ നേതാവിനെ സന്ദർശിക്കാനും ഓർമ്മകൾ പങ്ക് വെക്കാനും അവർ ചാരെയെത്തി. മരണം വരെയും ആ അടുപ്പം പരസ്പരം കാത്ത് സൂക്ഷിച്ച് പോന്നു. നാടിന്റെ വികസനത്തിന് വേണ്ടി സമർപ്പിത ജീവിതമായിരുന്നു ആ ആത്മ ബന്ധത്തിന് കാരണം. പഴമക്കാരുടെ അടുപ്പക്കാരനായിരുന്നു. എം.എൽ.എ ആയപ്പോഴും മന്ത്രി ആയിരുന്നപ്പോഴും ചെയ്ത സേവനങ്ങളും വികസന പ്രവർത്തനങ്ങളും ഇന്നും വള്ളിക്കുന്നിന്റെ മുക്കു മൂലകളിൽ സ്മാരകമായി നിലകൊള്ളുന്നുണ്ട്. പെരുവള്ളൂർ പഞ്ചായത്ത് രൂപീകരണം മുതൽ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമാണവും തുടന്നുള്ള നാടിന്റെ വികസനത്തിൽ വരെയുണ്ട് അദ്ദേഹത്തിന്റെ നിസ്തുല സേവനം. നിരവധി മാസ്റ്റർ പ്രൊജക്റ്റുകൾ അദ്ദേഹം തയ്യാറാക്കി.ടെക്നിക്കൽ ഹൈസ്കൂളിനെ പോളി ടെക്നിക് തലത്തിലേക്ക് ഉയർത്തി, ഇന്ന് ചേളാരിയിൽ പ്രവർത്തിക്കുന്ന അവുക്കാദർ കുട്ടി നഹാ സ്മാരക പോളി ടെക്നിക് വള്ളിക്കുന്നുകാർ കുട്ടി അഹമ്മദ് കുട്ടിയെ ഓർക്കാനുള്ള സ്ഥാപനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ,മൃഗാശുപത്രി, കൃഷിഭവൻ, ജലനിധി കുടിവെള്ള പദ്ധതി, ഗ്രാമീണ റോഡുകളിൽ വരെയുണ്ട് അദ്ധേഹത്തിന്റെ സാന്നിധ്യവും ഇടപെടലും. വള്ളിക്കുന്ന് തീരദേശ കടൽ ഭിത്തി നിർമാണം മുതൽ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയും തീരദേശ വാസികൾക്ക് വേണ്ടിയും തൊഴിലാളി നേതാവിനെ പോലെ പ്രവർത്തിച്ചു. തേഞ്ഞിപ്പലം മാതാപുഴ പാലം, വള്ളിക്കുന്ന് കാര്യാട്ട് കടവ് പാലം എന്നിവയെല്ലാം ശക്തമായ ഇടപെടലിന്റെ സാക്ഷ്യ സ്മാരകമാണ്. എം.എൽ.എ ആയപ്പോഴും തദ്ദേശ വകുപ്പ് മന്ത്രിയായപ്പോഴും കേരളത്തിനും പ്രത്യേകിച്ച് താൻ പ്രതിനിധീകരിച്ച പ്രദേശത്തിനും ചെയ്ത് തീർത്ത സാമൂഹ്യ സേവനങ്ങൾക്ക് പ്രത്യുപകാരമായിരുന്നു തേഞ്ഞിപ്പലത്ത് വെച്ച് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൽകിയ സാമൂഹ്യ സേവാ പുരസ്കാരം. ദീർഘകാലം ജനപ്രതിനിധിയും സാമൂഹ്യ സേവകനുമായിരുന്ന പി.എം മൊയ്തീൻ കോയ ഹാജിയുടെ പേരിൽ ഏർപ്പെടുത്തിയതായിരുന്നു സാമൂഹ്യ സേവാ പുരസ്കാരം. ഏറ്റവും മികച്ച സാമൂഹിക സേവനം പരിഗണിച്ചായിരുന്നു പുരസ്ക്കാരത്തിന് കുട്ടി അഹമ്മദ് അർഹനായത്. ചേളാരിയിലെ അവുക്കാദർ കുട്ടി നഹാ സ്മാരക പോളി ടെക്നിക്കിലും കുട്ടി അഹമ്മദ് കുട്ടിയുടെ കരസ്പർശമുണ്ട്.

### മുസ്‌ലിം ലീഗ് ശിൽപശാലയും മണ്ഡലം തല നേതൃസംഗമവും മാറ്റി

മലപ്പുറം: 14 ന് മലപ്പുറത്ത് വ്യാപാരഭവനിൽ ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റി നടത്തുവാൻ നിശ്ചയിച്ചിരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജില്ലാതല ശിൽപശാലയും രാവിലെ ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന വണ്ടൂർ, നിലമ്പൂർ നിയോജകമണ്ഡലങ്ങളുടെ നേതൃസംഗമവും മാറ്റിവെച്ചതായി ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ അറിയിച്ചു.




23 വർഷം മുമ്പ് പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് സംഘടിപ്പിച്ച പരിപാടിയിൽ കുട്ടി അഹമ്മദ് കുട്ടി പ്രസംഗിക്കുന്നു. (ഫയൽ ചിത്രം)

## പെരുവള്ളൂരുമായി വലിയ ആത്മബന്ധം

പെരുവള്ളൂർ: പെരുവള്ളൂരുമായി അന്തരിച്ച കുട്ടി അഹമ്മദ് കുട്ടിക്ക് പ്രത്യേക ആത്മബന്ധമായിരുന്നുവെന്ന് നാട്ടുകാരുടെയും മുസ്‌ലിം ലീഗ് പ്രവർത്തകരുടെയും സാക്ഷ്യപ്പെടുത്തൽ. തിരൂരങ്ങാടി മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എയായിരുന്ന കുട്ടി അഹമ്മദ് കുട്ടി , പെരുവള്ളൂർ പഞ്ചായത്തുകാർ അക്കാലത്ത് തുടർന്ന് പോന്നതായിരുന്നു ആ ബന്ധം.പഞ്ചായത്തുമായും ജനങ്ങളുമായും അവിടത്തെ കാരണവന്മാരുമായും ഉണ്ടായിരുന്ന കൂടുതൽ അടുപ്പം അദ്ദേഹത്തിന്റെ നിര്യാണത്തോടെ വലിയ വിടവാണ് സൃഷ്ടിച്ചത്. സാധാരണക്കാരുമായും പൊതു പ്രവർത്തകരുമായും നല്ല ആത്മ ബന്ധം നിലനിർത്തി പോന്നു. പെരുവള്ളൂരിലെ ഊടുവഴികൾ പോലും മന:പാഠമായിരുന്നു. വിളിച്ചാൽ ഓടിയെത്തുന്നതായിരുന്നു അദ്ദേഹത്തെ വ്യത്യസ്ഥനാക്കിയതെന്ന് നാട്ടുകാർ അനുസ്മരിച്ചു. 2000 ൽ തേഞ്ഞിപ്പലം വിഭജിച്ച് പെരുവള്ളൂർ പഞ്ചായത്തിന് താങ്ങായി നിന്നു. പെരുവള്ളൂർ പഞ്ചായത്ത് കെട്ടിടനിർമാണം അദ്ദേഹത്തിന്റെ സംഭാവനയാണ്. പഞ്ചായത്ത് ഓഡിറ്റോറിയത്തിന് ഫണ്ട് അനുവദിച്ചതിലും പങ്ക് നിസീമമാണ്. ഉദ്ഘാടനവും അദ്ദേഹമായിരുന്നു നടത്തിയത്. പെരുവള്ളൂരിൽ ഗ്രാമീണ കുടിവെള്ള പദ്ധതിയായ ജലനിധി, കേരള ഗ്രാമീണ ശുദ്ധജല ശുചിത്വ പദ്ധതി,സി.എച്ച്.സി, പെരുവള്ളൂർ ഗവ. ഹൈസ്ക്കുളിന്റെ പരിഷ്കരണം,പറമ്പിൽ പീടിക, ഒളകര സ്കൂളുകൾക്ക് ഫണ്ട്, കൊല്ലംചിന -പുകയൂർ റോഡ് പൂർത്തീകരണം കുടി അഹമ്മദ് കുട്ടി നൽകിയ സംഭാവനകൾ എണ്ണമറ്റതാണെന്ന് പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് കാവുങ്ങൽ ഇസ്മായിൽ, ജനറൽ സെക്രട്ടറി സി.സി അമീറലി പറഞ്ഞു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനവും രേഖപ്പെടുത്തി. പെരുവള്ളൂരിൽ നിന്നും വിട പറഞ്ഞ പ്രഗൽഭരായ ജനപ്രതിനിധികളും പ്രസിഡന്റുമാരും മുസ്‌ലിം ലീഗ് നേതാക്കളുമായിരുന്ന കെ കോയക്കുട്ടി ഹാജി, കെ കുട്ടാലി ഹാജി തുടങ്ങിയവരെല്ലാം കുട്ടി അഹമ്മദ് കുട്ടിയുടെ അടുപ്പക്കാരായി മാറിയത് പ്രദേശത്തിന്റെ വികസനം എളുപ്പമാക്കി.



പി.എം മൊയ്തീൻകോയ ഹാജി സ്മാരക സാമൂഹ്യ സേവാ പുരസ്ക്കാരം ഉമ്മൻ ചാണ്ടി കുട്ടി അഹമ്മദ് കുട്ടിക്ക് സമ്മാനിക്കുന്നു (ഫയൽ ചിത്രം)

## തീരദേശത്ത് വികസനമുദ്ര ചാർത്തി

എ അഹമ്മദുണ്ണി
പരപ്പനങ്ങാടി

പരപ്പനങ്ങാടിയുടെ വികസന രംഗത്ത് കുട്ടി അഹമ്മദ്കുട്ടിയുടെ കയ്യൊപ്പ് ചാർത്തിയ വിലമതിക്കാനാവാത്ത സേവനങ്ങളാണുള്ളത്. സമഗ്ര വികസന പദ്ധതികളായ പരപ്പനങ്ങാടി റെയിൽവേ മേൽപാലം, പരപ്പനങ്ങാടി ഫിഷിങ് ഹാർബർ എന്നിവയുടെ ആസൂത്രകൻ കുട്ടി അഹമ്മദ് കുട്ടിയായിരുന്നു. 1996 ലും 2001ലും തിരൂരങ്ങാടി നിയോജക മണ്ഡലം ജനപ്രതിനിധി എന്ന നിലക്ക് നിരവധി വികസനങ്ങളാണ് കൊണ്ടുവന്നത്. മൂന്ന് പതിറ്റാണ്ടിലേറെക്കാലം മുടങ്ങിക്കിടന്ന പാലത്തിങ്ങൽ കീരാനല്ലൂർ ന്യൂകട്ട് പദ്ധതി പൊടിതട്ടിയെടുത്ത് യാഥാർത്ഥ്യമാക്കി 2003ൽ നാടിനു സമർപ്പിച്ചത് കുട്ടി അഹമ്മദ് കുട്ടിയുടെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനഫലമായിരുന്നു. ഉപമുഖ്യമന്ത്രിയായിരുന്ന കെ അവുക്കാദർകുട്ടി നഹ വിഭാവനം ചെയ്ത കർഷകരുടെ സ്വപ്ന ജലസേചനപദ്ധതിയായിരുന്നു ഇത്. പരപ്പനങ്ങാടി,തിരൂരങ്ങാടി, മൂന്നിയൂർ,തേഞ്ഞിപ്പലം, വള്ളിക്കുന്ന്,നന്നമ്പ്ര,താനൂർ പ്രദേശങ്ങളെ അതിരൂക്ഷമായ പ്രളയത്തിലേക്ക് നയിച്ചിരുന്ന കടലുണ്ടിപ്പുഴയെ അതിവിദഗ്ദ്ധമായി നിയന്ത്രിച്ച് കീരാനെല്ലൂരിലൂടെ കൃത്രിമ വഴിയൊരുക്കി തൊട്ടടുത്തുള്ള പൂരപ്പുഴ വഴി അറബിക്കടലിലേക്ക് എത്തിക്കുന്നതും വേനൽകാലത്ത് വെള്ളം തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതുമാണ് ന്യൂ കട്ട് പദ്ധതി. പൊതുമരാമത്തുവകുപ്പ് മന്ത്രി ടി.കെ ഹംസ മീസാൻ കല്ലാക്കുമെന്ന് പ്രഖ്യാപിച്ച അവുക്കാദർകുട്ടി നഹ ശിലാസ്ഥാപനം നടത്തിയ കുണ്ടം കടവ് പാലം കുട്ടിഅഹമ്മദ് കുട്ടി എം.എൽ.എയായിരിക്കെയാണ് പ്രവൃത്തി ഉദ്ഘാടനവും പാലം ഉദ്ഘാടനവും നടന്നത്. പരപ്പനങ്ങാടിയുടെ വികസന രംഗത്ത് മായാത്ത മുദ്ര പതിപ്പിച്ച കുട്ടിഅഹമ്മദ് കുട്ടിയുടെ സേവനങ്ങൾ എന്നും ഓർമ്മിക്കപ്പെടുന്ന വിലമതിക്കാനാവാത്ത സംഭാവനകളാണ്.



മൂന്നര പതിറ്റാണ്ടിലേറെ മുടങ്ങിക്കിടന്ന കീരനല്ലൂർ ന്യൂ കട്ട് പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ കുട്ടി അഹമ്മദ് കുട്ടി, മുൻ മന്ത്രി ടി.എം ജേക്കബ്, മുൻ എം.എൽ.എ പി.കെ അബ്ദുറബ്ബ് എന്നിവർ(ഫയൽ ചിത്രം)

### സർവ്വകക്ഷി അനുശോചന യോഗം ഇന്ന്

തിരൂർ: അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് കെ കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണത്തിൽ അനുശോചിച്ച് ഇന്ന് വൈകുന്നേരം നാല് മണിക്ക് താനൂരിൽ സർവകക്ഷി അനുശോചന യോഗം ചേരും. ബസ്സ്റ്റാന്റ് പരിസരത്ത് ചേരുന്ന യോഗത്തിൽ പ്രമുഖർ പങ്കെടുക്കും.

### പരിസ്ഥിതി സംരക്ഷണ സമിതി

മലപ്പുറം: കെ. കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണത്തിൽ പരിസ്ഥിതി മുസ്‌ലിംലീഗ് സംരക്ഷണ സമിതി സംസ്ഥാന കൺവീനർ സലീം കുരുവമ്പലം അനുശോചിച്ചു. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടി അഹമ്മദ്കുട്ടി മാതൃകാപരമായ നേതൃത്വമായിരുന്നു. നിര്യാണം പരിസ്ഥിതി സംരക്ഷണ സമിതിക്ക് കനത്ത നഷ്ടമാണെന്നും അദ്ദേഹം പറഞ്ഞു.

## പ്രതിഭാധനനായ നേതാവ്: പി അബ്ദുൽ ഹമീദ്

മലപ്പുറം: പഠനവും മനനവും കൊണ്ട് രാഷ്ട്രീയ ജീവിതത്തെ വിശുദ്ധവും അർത്ഥപൂർണവുമാക്കിയ പ്രതിഭാധനനായ നേതാവായിരുന്നു കുട്ടി അഹമ്മദ് കുട്ടി . പരന്ന വായന പകർന്ന് നൽകിയ ജ്ഞാനം ഭരണാധികാരി എന്ന നിലയിൽ ശോഭിക്കാൻ അദ്ദേഹത്തിന് സഹായകമായി. രാഷ്ട്രീയ വിദ്യാർഥികൾക്കും പുതുതലമുറക്കും മികച്ച മാതൃകയാണ് അദ്ദേഹത്തിന്റെ ജീവിതം. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ഭരണ കാലയളവ് ശ്രദ്ധേയമായ പരിഷ്കാരങ്ങൾ കൊണ്ട് അടയാളപ്പെടുത്തിയിട്ടുണ്ട്.

മുസ്‌ലിം ലീഗിന്റെ പരിസ്ഥിതി സംരക്ഷണ സമിതിയുടെ രൂപീകരണത്തിന് മുൻകൈയെടുത്തതും നൂതനമായ പ്രവർത്തന പരിപാടികൾ കൊണ്ടു വന്നതും അദ്ദേഹമാണ്. പാരിസ്ഥിതിക പ്രധാനമായ ചിന്തകൾ ചർച്ചക്ക് വിധേയമാകുന്ന സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ വിയോഗം. ജ്ഞാനോത്സുകനായ ഒരു രാഷ്ട്രീയ നേതാവിനെയാണ് കൈരളിക്ക് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ചിന്തകളും സമ്പന്നവും പ്രത്യുത്പന്ന പരവുമായിരുന്നു. മലപ്പുറം ജില്ലയിൽ പൊതുവിലും തീരദേശ മേഖലയിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കിടയിലും വിശേഷിച്ചും പാർട്ടിയെ ജനകീയവത്കരിച്ചതിൽ വലിയ പങ്കാണ് അദ്ദേഹം നിർവഹിച്ചത്.

പാർട്ടിയുടെ സംസ്ഥാന ഉപാധ്യക്ഷൻ, മുൻ മന്ത്രി, എം.എൽ.എ എന്നീ നിലകളിലെല്ലാം നിറഞ്ഞ് നിന്ന് പ്രവർത്തിച്ച അദ്ദേഹത്തിന്റെ വിടവാങ്ങൽ മുസ്‌ലിം ലീഗിന് അപരിഹാര്യമായ നഷ്ടമാണെന്ന് അബ്ദുൽ ഹമീദ് പറഞ്ഞു.

## സീതിഹാജിയുടെ പിൻഗാമിയായി നിയമസഭയിൽ

മലപ്പുറം: കുട്ടി അഹമ്മദ് കുട്ടിയും ഞാനുമായി ദീർഘകാലത്തെ ബന്ധമാണുള്ളതെന്ന് പി.കെ ബഷീർ എം.എൽ.എ. ചെറുപ്പം മുതലേ എപ്പോഴും കാണാറുള്ള നേതാവായിരുന്നു അദ്ദേഹം.

എന്റെ പിതാവ് സീതി ഹാജിയുമായി ഏറെ ആത്മബന്ധം പുലർത്തിയിരുന്നു. ആ ബന്ധം പിതാവിന്റെ മരണശേഷവും ഞങ്ങൾ തുടർന്നു.

ബാപ്പ മരിച്ച ശേഷം താനൂരിൽ ബാപ്പയുടെ പിൻഗാമിയായി പാർട്ടി നിയോഗിച്ചത് കുട്ടി അഹമ്മദ് കുട്ടിയെയാണ്. അന്ന് ജയിച്ചപ്പോൾ പ്രകടനത്തിനിടെ ഞാൻ അദ്ദേഹത്തെ തോളിലേറ്റിയ രംഗം ഇപ്പോഴും ഓർക്കുകയാണ്. വായനക്കാരൻ, എഴുത്തുകാരൻ, ചിന്തകൻ എന്നീ നിലകളിൽ എല്ലാ രാഷ്ട്രീയക്കാരുമായും നല്ല ബന്ധമാണ് അദ്ദേഹം പുലർത്തിയിരുന്നത്.

എന്തെങ്കിലും വിഷയങ്ങളുണ്ടാകുമ്പോൾ ഒരു പിതാവിന്റെ വാത്സല്യത്തോടെ വിളിക്കുകയും ഇടപെടുകയും ചെയ്യുമായിരുന്നു.



അന്തരിച്ച കുട്ടി അഹമ്മദ് കുട്ടിയുടെ മയ്യിത്ത് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ സന്ദർശിക്കുന്നു.



കുട്ടി അഹമ്മദ് കുട്ടിയുടെ വീട്ടിൽ നടന്ന മയ്യിത്ത് നമസ്കാരത്തിന് പാണക്കാട് സയ്യിദ് ബഷീദലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു.

## വിദ്യാഭ്യാസ മേഖലക്ക് മികച്ച സംഭാവന നൽകി

മലപ്പുറം: കെ കുട്ടി അഹമ്മദ് കുട്ടിയുടെ ചിന്തകളും ആശയങ്ങളും വിദ്യാഭ്യാസ മേഖലയിൽ വലിയ സംഭാവനകളാണ് നൽകിയതെന്ന് സെറ്റ്കോ സംസ്ഥാന കമ്മിറ്റി അനുശോചന സന്ദേശത്തിൽ അറിയിച്ചു. സർവീസ് സംഘടനകളുടെ ഏകോപന പ്രവർത്തനങ്ങൾക്ക് മികച്ച സംഭാവനയാണ് നൽകിയതെന്ന് സംസ്ഥാന ചെയർമാൻ കെ.ടി അബ്ദുൽ ലത്തീഫ്, കൺവീനർ പി.കെ അസീസ് എന്നിവർ അനുസ്മരിച്ചു

### അനുശോചിച്ചു

കൊല്ലം: മുസ്‌ലിം ലീഗ് നേതാവും മുൻമന്ത്രിയുമായ കെ.കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണത്തിൽ മുസ്‌ലിം ലീഗ് കൊല്ലം ജില്ലാ പ്രസിഡന്റ് നൗഷാദ് യൂനുസ്, ജനറൽ സെക്രട്ടറി അഡ്വ.സുൽഫീക്കർ സലാം എന്നിവർ അനുശോചിച്ചു.

● കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണം രാഷ്ട്രീയ കേരളത്തിന് വലിയ തീരാ നഷ്ടമാണ്. വിശിഷ്യാ മുസ്‌ലിം ലീഗിന്. നിസ്വാർത്ഥമായ രാഷ്ട്രീയക്കാരനും മികവുറ്റ ഭരണാധികാരിയും പാരിസ്ഥിതിക പ്രശ്നങ്ങളിൽ ശക്തമായ ഇടപെടലുകൾ കൊണ്ട് ശ്രദ്ധേയനുമായിരുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രിയപ്പെട്ട നേതാവായിരുന്നു. അവർക്ക് തീരാ നഷ്ടം തന്നെയാണ് അദ്ദേഹത്തിന്റെ വിയോഗമെന്ന് ദുബായ് കെ.എം.സി.സി സെക്രട്ടറി കെ.പി.എ സലാം അനുസ്മരിച്ചു.

● താനൂർ: മുൻമന്ത്രി കെ കുട്ടി അഹമ്മദ്കുട്ടിയുടെ നിര്യാണത്തിൽ താനൂർ പ്രസ്സ് റിപ്പോർട്ടേഴ്സ് ക്ലബ്ബ് അനുശോചിച്ചു. പ്രസിഡന്റ് അഫ്സൽ കെ പുരം അധ്യക്ഷനായി. സെക്രട്ടറി പ്രേമനാഥൻ താനൂർ സ്വാഗതം പറഞ്ഞു, ഉബൈദുല്ല താനാളൂർ, ബാപ്പു വടക്കയിൽ, ഇബ്രാഹിം,വി. പി ശശികുമാർ, ഷെഫീഖ്,വിജയൻ റോയൽ, മനു വിശ്വനാഥ് ,ബൈജു അരിക്കാഞ്ചിറ,സഹദേവൻ കെ.പുരം, സദക്കത്ത്, സി.വി. ഒ. നാസർ, ദിബീഷ്ചിറക്കൽ, ഫായിസ്, ആസാദ് പങ്കെടുത്തു.



കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ കെ.പി.എ മജീദിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ (ഫയൽ)

## അവുക്കാദർകുട്ടിനഹയുടെ വേർപാട് ദിനത്തിൽ പിൻഗാമിയും വിടവാങ്ങി

തിരൂരങ്ങാടി: തിരൂരങ്ങാടിയുടെ വികസന ശിൽപികൾ വിട പറഞ്ഞത് ഒരേ ദിനത്തിൽ. മുൻ ഉപമുഖ്യമന്ത്രി കെ അവുക്കാദർ കുട്ടിനഹയുടെ വേർപാട് ദിനത്തിൽ തന്നെ അദ്ദേഹത്തിന്റെ പിൻഗാമിയായി എം.എൽ.എയായും മന്ത്രിയായും തിളങ്ങിയ കെ കുട്ടി അഹമ്മദ് കുട്ടിയും ഓർമയിലേക്ക് മറഞ്ഞത് ഓഗസ്റ്റ് 11ന്. 1996, 2001 തിരഞ്ഞെടുപ്പുകളിൽ കുട്ടിഅഹമ്മദ്കുട്ടി തിരൂരങ്ങാടിയുടെ എംഎൽഎയായി. തുടർന്ന് തദ്ദേശമന്ത്രിയുമായി. തിരൂരങ്ങാടി മണ്ഡലത്തിന്റെ തുടക്കം മുതൽ പതിറ്റാണ്ടുകൾ തിരൂരങ്ങാടിയെ നയിച്ച കെ അവുക്കാദർക്കുട്ടി നഹയും തദ്ദേശമന്ത്രികൂടിയായിരുന്നു. തിരൂരങ്ങാടിയുടെ വികസന ശിൽപ്പികളായി രണ്ട് പേരും ജനമനസ്സുകളിൽ സ്ഥാനം പിടിച്ചു. അവുക്കാദർകുട്ടി നഹയുമായും അദ്ദേഹത്തിന്റെ പുത്രനും മുൻമന്ത്രിയുമായ പി,കെ അബ്ദുറബ്ബുമായും ഏറെ ആത്മബന്ധം പുലർത്തിയ കുട്ടി അഹമ്മദ്കുട്ടിയുടെ വേർപാട് വേദനയോടെയാണ് തിരൂരങ്ങാടി ശ്രവിച്ചത്. തിരൂരങ്ങാടിയുമായി അത്രയേറെ അടുപ്പമായിരുന്നു കുട്ടി അഹമ്മദ്കുട്ടിക്ക്.



മുസ്‌ലിം ലീഗ് മുൻ ദേശീയ അധ്യക്ഷൻ ജി.എം ബനാത്ത് വാലക്കൊപ്പം കുട്ടി അഹമ്മദ് കുട്ടി(ഫയൽ ചിത്രം)



കുട്ടി അഹമ്മദ്കുട്ടിയുടെ മൃതദേഹത്തിൽ അന്ത്യോപചാരമർപ്പിക്കുന്ന എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, കെ രാധാകൃഷ്ണൻ എന്നിവർ

## തദ്ദേശ വകുപ്പിന് ദിശാബോധം നൽകിയ ഭരണാധികാരി

മലപ്പുറം: തദ്ദേശ സ്വയംഭരണ വകുപ്പിന് ദിശാബോധം നൽകിയ ഭരണാധികാരിയും അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ വക്താവും വികേന്ദ്രീകരണാസൂത്രണ മേഖലയിലെ ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന വിദഗ്ധൻ കൂടിയായിരുന്നു കുട്ടി അഹമ്മദ് കുട്ടിയെന്ന് എസ്.ഇ.യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് ജനറൽ സെക്രട്ടറി ആമിർ കോഡൂർ എന്നിവർ അനുശോചനക്കുറിപ്പിൽ പറഞ്ഞു. മന്ത്രിയെന്ന നിലയിൽ വകുപ്പിനും ജീവനക്കാർക്കും കേരളത്തിന് മൊത്തത്തിലും വലിയ സംഭാവന നൽകിയ വ്യക്തിയായിരുന്നു അദ്ദേഹമെന്നും എസ്.ഇ.യു നേതാക്കൾ പറഞ്ഞു.

# നേട്ടങ്ങളുടെ നെറുകയിൽ സിഫാൻ



പാരീസ്: ഒരൊറ്റ ഒളിംപിക്സ് എഡിഷനിൽ 5,000 മീറ്റർ, 10,000 മീറ്റർ, മാരത്തൺ എന്നിവയിൽ മെഡലുകൾ, മാരത്തണിൽ രണ്ട് മണിക്കൂർ 22 മിനിറ്റ് 55 സെക്കന്റുകളിൽ പൂർത്തിയാക്കി പുതിയ ഒളിംപിക് റെക്കോഡ്. നെതർലൻഡ്സിന്റെ സിഫാൻ ഹസ്സനാണ് പാരീസിൽ ഈ നേട്ടം സ്വന്തമാക്കി വിസ്മയമായത്. ഇന്നലെ നടന്ന വനിതകളുടെ മാരത്തണിൽ റെക്കോഡോടെ സിഫാൻ സ്വർണം നേടിയപ്പോൾ 5,000, 10,000 മീറ്ററുകളിൽ നേടിയ വെങ്കലത്തിനൊപ്പം ഒരു സ്വർണം കൂടി സിഫാൻ കൂട്ടിച്ചേർത്തു. മാരത്തണിൽ എത്യോപ്യയുടെ അസെഫയുടെ കനത്ത വെല്ലുവിളി അവസാന ലാപിലാണ് സിഫാൻ മറികടന്നത്. മൂന്നു സെക്കന്റ് മാത്രം വ്യത്യാസത്തിലാണ് അസേഫ വെള്ളി മെഡൽ നേടിയത്. 1952ൽ എമിൽ സറ്റോപക് 5,000, 10,000, മാരത്തൺ എന്നിവയിൽ മെഡൽ നേടിയ ശേഷം ഒളിംപിക്സിൽ ഒരു എഡിഷനിൽ ഈയിനത്തിൽ മെഡലുകൾ നേടുന്ന ആദ്യ താരമായി സിഫാൻ മാറി.

ഗൾഫ് ചന്ദ്രിക
സ്പോർട്സ്

*വിനേഷ് ഫോഗട്ടിന് മെഡൽ ലഭിച്ചാൽ വളരെ നല്ലത്. ഇങ്ങനെയൊന്നും സംഭവിച്ചിരുന്നില്ലെങ്കിൽ ഇപ്പോൾ അവരുടെ കഴുത്തിൽ മെഡൽ ഉണ്ടാകുമായിരുന്നു. അവർക്ക് മെഡൽ ലഭിക്കുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ. കാരണം അതു കഴുത്തിലണിഞ്ഞില്ലെങ്കിൽ, ഹൃദയത്തിൽ മാത്രമായി ഒതുങ്ങിപ്പോകും. വിനേഷ് ഫോഗട്ട് യഥാർഥ ചാംപ്യനാണെന്ന് ഇന്ന് ജനങ്ങൾ പറഞ്ഞേക്കാം. പക്ഷേ, അവർക്ക് മെഡൽ ലഭിക്കാത്ത സാഹചര്യമുണ്ടായാൽ ഇതെല്ലാം കാലക്രമേണ എല്ലാവരും മറക്കും. അതുകൊണ്ടാണ് ഇക്കാര്യത്തിൽ എനിക്കു പേടി. വിനേഷിന് മെഡൽ ലഭിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. മെഡൽ ലഭിച്ചാലും ഇല്ലെങ്കിലും ഈ രാജ്യത്തിനായി അവർ ചെയ്തത് ജനങ്ങൾ മറക്കില്ലെന്ന് കരുതുന്നു.*

**–നീരജ് ചോപ്ര**



www.chandrikadaily.com

**BREAKING** പാരീസിന് വിട; ഇനി 2028ൽ ലോസ്ആഞ്ചലസിൽ

# സമ്പാദ്യം 6 മെഡൽ

## യു.എസ്.എ ഒന്നാം സ്ഥാനത്ത്

പാരീസ്: 2024 പാരീസ് ഒളിംപിക്സിന് വനിതാ ബാസ്കറ്റ്ബോൾ ഫൈനലോടെ വിരാമമായി. വാശിയേറിയ പോരാട്ടത്തിൽ ആതിഥേയരായ ഫ്രാൻസിനെ ഒരു പോയിന്റിന് പിന്നിലാക്കിയാണ് യു.എസ്.എ സ്വർണം നേടിയത്. സ്കോർ 67-66. ഇതോടെ മെഡൽ പട്ടികയിൽ ചൈനയെ പിന്തള്ളി യു.എസ്.എ ഒന്നാമതെത്തുകയും ചെയ്തു. 40 സ്വർണവും 44 വെള്ളിയും 42 വെങ്കലവുമടക്കം 126 മെഡലുകളാണ് യു.എസ്.എ സ്വന്തമാക്കിയത്. രണ്ടാം സ്ഥാനത്തുള്ള ചൈനക്കും 40 സ്വർണ മെഡലുകളുണ്ടെങ്കിലും 27 വെള്ളിയും 24 വെങ്കലവുടക്കം 91 മെഡലുകളാണ് ചൈനക്കാരുടെ സമ്പാദ്യം. ഒരു വെള്ളിയും അഞ്ചു വെങ്കലവുമടക്കം ആറു മെഡലുകളുമായി ഇന്ത്യ 71-ാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്.



## മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. യു.എസ്.എ –40, 44, 42, 126
2. ചൈന –40, 27, 24, 91
3. ജപ്പാൻ –20, 12, 13, 45
4. ഓസ്ട്രേലിയ– 18, 19, 16, 53
5. ഫ്രാൻസ് –16, 25, 22, 63
6. ബ്രിട്ടൻ –14, 22, 27, 63
7. നെതർലൻഡ്സ് –14, 7, 12, 33
8. ദ.കൊറിയ –13, 8, 10, 31

71. ഇന്ത്യ –0, 1, 5, 6

## ഒരു വെള്ളി, അഞ്ച് വെങ്കലം ഇന്ത്യ 71–ാം സ്ഥാനത്ത്

പാരീസ്: ഒളിംപിക്സ് മഹാമേളയുടെ 33-ാമത് അധ്യായം ചരിത്രമായിരിക്കുന്നു. 206 രാജ്യങ്ങൾ പങ്കെടുത്ത മഹാമാമാങ്കം നിറമാർന്ന ചടങ്ങുകളോടെ ഫ്രഞ്ച് ആസ്ഥാന നഗരിയിൽ സമാപിച്ചപ്പോൾ മെഡൽപ്പട്ടിക നോക്കുക. അയൽക്കാരായ ചൈനക്കാർ ആധിപത്യം സ്ഥാപിച്ചപ്പോൾ ഇന്ത്യ നിൽക്കുന്നത് പാകിസ്താനും പിറകിൽ.

ജാവലിൻ ത്രോയിൽ ഒളിംപിക് റെക്കോഡുമായി സ്വർണം സ്വന്തമാക്കി നദീം അർഷദ് പാകിസ്താന് മെഡൽ ചാർട്ടിൽ ഇന്ത്യക്കു മുന്നിൽ സ്ഥാനം നൽകിയപ്പോൾ ഇന്ത്യക്ക് ഇത്തവണ കനകം വരാതിരുന്നത് തിരിച്ചടിയായി. നീരജ് ചോപ്രയിൽ നിന്ന് രാജ്യം പ്രതീക്ഷിച്ച സ്വർണമാണ് പാകിസ്താൻ റാഞ്ചിയത്. നീരജ് നേടിയ വെള്ളിയാണ് ഇന്ത്യയുടെ വലിയ സമ്പാദ്യം. ഷൂട്ടർമാർ മൂന്ന് വെങ്കലം സമ്മാനിച്ചു. 21 പേരടങ്ങുന്ന അവരാണ് വലിയ മെഡൽ സംഭാവനക്കാർ. ഗുസ്തിയിൽ നിന്ന് ഒരു വെങ്കലം അമിത് വക. പിന്നെ ഹോക്കി സംഘവും.

40 സ്വർണം ഉൾപ്പെടെ 126 മെഡലുകൾ സ്വന്തമാക്കി യു.എസ്.എ പതിവ് കരുത്ത് കാട്ടിയപ്പോൾ പാകിസ്താൻ 62ൽ നിൽക്കുന്നു. ആകെ സമ്പാദ്യം അർഷദ് വാങ്ങിയ സ്വർണം. ഇന്ത്യക്ക് 72-ാമത് സ്ഥാനം. ആറ് മെഡലുകളുണ്ടായിട്ടും എന്ത് കൊണ്ട് പിറകിലായി എന്ന ചോദ്യത്തിന് ഉത്തരം എളുപ്പം, സ്വർണമില്ല. ടോക്കിയോയിൽ നീരജ് സ്വന്തമാക്കിയ സ്വർണം ഉൾപ്പെടെ ഇന്ത്യക്ക് ഏഴ് മെഡലുകളുണ്ടായിരുന്നു. ടോക്കിയോയിൽ ഇന്ത്യൻ അംഗബലവും കൂടുതലായിരുന്നു. പുരുഷ ഹോക്കി ടീമിനൊപ്പം അവിടെ വനിതാ ഹോക്കി സംഘവുമുണ്ടായിരുന്നതിനാലാണ് അംഗസംഖ്യ വർധിച്ചത്. 117 അത്ലറ്റുകളാണ് പാരീസിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്. ഇതിൽ വലിയ നിരാശ സമ്മാനിച്ചത് ബാഡ്മിന്റൺ സംഘമായിരുന്നു. ഏറ്റവും കുറഞ്ഞത് രണ്ട് മെഡലുകൾ അവരിൽ നിന്ന് പ്രതീക്ഷിച്ചതാണ്. പക്ഷേ ലക്ഷ്യാസെൻ ഒഴികെ എല്ലാവരും നിരാശപ്പെടുത്തി. പുരുഷ സിംഗിൾസിൽ ലക്ഷ്യ ഗംഭീരമായി കളിച്ചിരുന്നു. സെമിയിലുമെത്തി. പരാജിതനായെങ്കിലും വെങ്കല മെഡൽ പോരാട്ടത്തിൽ സാധ്യതകൾ ബാക്കിയുണ്ടായിരുന്നു. അതിലും പരാജിതനായി. പുരുഷ ഡബിൾസിൽ ലോക നാലാം നമ്പർ റാങ്കുകാരായ സാത്വിക്-ചിരാഗ് സഖ്യത്തിൽ നിന്ന് സ്വർണമാണ് പ്രതീക്ഷിച്ചതെങ്കിൽ ക്വാർട്ടർ ഫൈനലിൽ തന്നെ തകർന്നു. വനിതാ സിംഗിൾസിൽ പി.വി സിന്ധു റിയോ, ടോക്കിയോ എന്നിവിടങ്ങളിൽ നിന്ന് മെഡൽ നേടിയെങ്കിൽ പാരീസിൽ അവർക്ക് സാധ്യത തെല്ലുമില്ലായിരുന്നു. പരിക്ക് കാരണം മോശം ഫോമിലായിരുന്നു ഹൈദരാബാദുകാരി. മലയാളിയായ എച്ച്.എസ് പ്രണോയിയും നിലവാരത്തിനൊത്തുയർന്നില്ല.

ഗുസ്തിയാണ് വേദനിച്ച വേദി. വിനേഷ് ഫോഗട്ട് ഫൈനൽ വരെയെത്തി. നിർഭാഗ്യകരമായി മടങ്ങി. ഫൈനൽ മൽസര ദിവസം 100 ഗ്രാം ഭാരക്കൂടുതലിൽ അയോഗ്യയാക്കപ്പെട്ടത് ഇന്ത്യൻ ക്യാമ്പിന് തന്നെ ആഘാതമായി. കോച്ചും മെഡിക്കൽ സംഘവും പ്രകടിപ്പിച്ച ആലസ്യമായിരുന്നു വിനയായത്. ഒടുവിൽ അപ്പീലിലും കാര്യമുണ്ടായില്ല. ആകെ ഒരു മെഡൽ മാത്രമാണ് ഗുസ്തിയിൽ നിന്നും കിട്ടിയത്. അന്തിൽ എന്ന ഗുസ്തിക്കാരി ചീത്തപ്പേരുമുണ്ടാക്കി. ഭാരോദ്വഹനത്തിലും വലിയ തിരിച്ചടി നേരിട്ടു. ടോക്കിയോവിൽ കരുത്ത് കാട്ടിയ മീരാഭായി ചാനു അനാവശ്യ തിടുക്കത്തിൽ കൈയിൽ വന്ന വെങ്കലവും നഷ്ടമാക്കി. ട്രാക്കിൽ നിന്ന് ഇന്ത്യ ഒന്നും പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ പുരുഷന്മാരുടെ 10,000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ അവിനാശ് സാബ്ലേ ഫൈനലിലെത്തിയതും പുരുഷന്മാരുടെ 4ഗുണം400 മീറ്റർ റിലേ ടീം സീസണിലെ മികച്ച പ്രകടനം നടത്തിയതും ആശ്വാസമായി. മുഹമ്മദ് അനസ്, അമോജ് ജേക്കബ്, മുഹമ്മദ് അജ്മൽ, രമേശ് എന്നിവരടങ്ങുന്ന ടീമിന് ഫൈനൽ നഷ്ടമായത് ചെറിയ മാർജിനിലായിരുന്നു. കൈയ്യടി നേടിയത് പി.ആർ ശ്രീജേഷും ഹോക്കി സംഘവുമായിരുന്നു. ഓസ്ട്രേലിയ ഉൾപ്പെടെ കരുത്തരെ വീഴ്ത്തി ടീം വെങ്കലം നിലനിർത്തി.



## വിനേഷ് എന്ന് മടങ്ങും ഇന്ത്യൻ ക്യാമ്പിന് ഉത്തരമില്ല

പാരീസ്: ഒളിംപിക്സ് സംഘം ഇന്നും നാളെയുമായി മടങ്ങും. പക്ഷേ വിനേഷ് ഫോഗട്ട് എന്ന് മടങ്ങുമെന്ന ചോദ്യത്തിന് ഉത്തരമില്ല. ഇന്നലെ പ്രധാന മീഡിയാ സെന്ററിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കവെ വിനേഷുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കൊന്നും ഇന്ത്യൻ സംഘത്തലവൻ ഗഗൻ നരാംഗ് മറുപടി പറഞ്ഞില്ല.

വിനേഷ് സമാപന ചടങ്ങിനുണ്ടാവുമോ എന്ന ചോദ്യത്തിന് മറുപടിയില്ല. മടക്ക ടിക്കറ്റ് എന്നാണ് എന്ന ചോദ്യത്തിനും മറുപടിയില്ല. വിഷയം കോടതിയിലാണെന്ന് മാത്രം ഉത്തരം.

പാകിസ്താൻ മെഡൽ പട്ടികയിൽ 62 ലും ഇന്ത്യ 72 ലുമാണല്ലോ എന്ന ചോദ്യത്തിന് എല്ലാ വിമർശനങ്ങളും സ്വാഗതാർഹം എന്നായിരുന്നു മറുപടി.

## റിലേയിൽ യുഎസ് ആധിപത്യം

പാരീസ്: ഒളിംപിക്സിലെ 4ഗുണം400 മീറ്റർ റിലേയിലെ ആധിപത്യം തുടർന്ന് യുഎസിന്റെ പുരുഷ, വനിതാ ടീമുകൾ. രണ്ട് വിഭാഗത്തിലും യുഎസ് സ്വർണം സ്വന്തമാക്കി.

പുരുഷ റിലേയിൽ ക്രിസ്റ്റഫർ ബെയ്ലി, വെർനോൺ നോർവുഡ്, ബ്രൈസ് ഡെഡ്മോൺ, റായ് ബെഞ്ചമിൻ എന്നിവരടങ്ങിയ ടീം ഒളിംപിക് റെക്കോഡോടെയാണ് സ്വർണം നേടിയത്. 2:54.43 മിനിറ്റിലായിരുന്നു യുഎസ് ടീമിന്റെ ഫിനിഷ്. പുരുഷൻമാരുടെ 4ഗുണം400 മീറ്റർ റിലേയിൽ യുഎസിന്റെ തുടർച്ചയായ മൂന്നാം സ്വർണ മെഡൽ നേട്ടം കൂടിയാണിത്. ഒളിംപിക് ചരിത്രത്തിൽ ഈയിനത്തിൽ യുഎസിന്റെ 19-ാം സ്വർണവും. 2:54.53 സമയത്ത് ഫിനിഷ് ചെയ്ത ബോട്ട്സ്വാനയ്ക്കാണ് ഈയിനത്തിൽ വെള്ളി. 2:55.83 സമയത്ത് ഫിനിഷിങ് ലൈൻതൊട്ട ബ്രിട്ടൻ വെങ്കലവും നേടി. വനിതാ വിഭാഗത്തിൽ യുഎസിന്റെ ഷമിയർ ലിറ്റിൽ, സിഡ്നി ലെവ്റോൺ, ഗബ്രിയേല തോമസ്, അലക്സിസ് ഹോംസ് എന്നിവരടങ്ങിയ സംഘം 3:15.27 മിനിറ്റിൽ ഫിനിഷ് ചെയ്താണ് സ്വർണം നേടിയത്. റിലേയിൽ യുഎസ് വനിതാ ടീമിന്റെ തുടർച്ചയായ എട്ടാം സ്വർണ നേട്ടമാണിത്. നെതർലൻഡ്സ് (3:19.50) വെള്ളിയും ബ്രിട്ടൻ (3:19.72) വെങ്കലവും നേടി.

# ഗ്രാൻഡ് മോസ്ക് കാണാതെ പാരീസ് വിടരുത്




**കമാൽ വരദൂർ**

പാരീസ് ചരിത്ര നഗരമാണ്. സുപരിചിതമായ ചരിത്രാധ്യായങ്ങളുടെ വിളനിലം. എന്നാൽ ചരിത്രത്തിൽ ബിരുദാനന്തര ബിരുദമെടുത്തിട്ടും പഠിക്കാതെ പോയ ഒരത്ഭുതം ഇന്നലെ കണ്ടു. പാരീസ് ഗ്രാൻഡ് മോസ്ക്. നഗര മധ്യത്തിൽ 7,500 സ്ക്വയർ മീറ്ററിൽ വിരാജിക്കുന്ന അത്ഭുത മന്ദിരം.

1926 ജൂലൈ 16 ന് അന്നത്തെ ഫ്രഞ്ച് ഭരണാധികാരി ഗാസ്റ്റൺ ഡോമറേഷയും മൊറോക്കോ സുൽത്താനും ഉദ്ഘാടനം ചെയ്ത മസ്ജിദ് നിർമിതിയിലും നിലനിൽപ്പിലും പരിപാലനത്തിലും വിസ്മയമാണ്. ഫ്രാൻസിൽ ഇസ്ലാംമത വിശ്വാസികൾ ധാരാളമാണ്. പ്രധാനമായും ആഫ്രിക്കൻ, അറബ് രാജ്യങ്ങളിൽ നിന്ന് കുടിയേറിയവർ. അൾജീരിയക്കാരാണ് ഏറ്റവുമധികം.

നെപ്പോളിയനും മുസ്ലിംകളും എന്ന ചരിത്ര ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഫ്രാൻസിൽ ഇസ്ലാമിക വിശ്വാസികളുണ്ട്. ഫ്രഞ്ച് ചക്രവർത്തിമാർ ലോകം കീഴടക്കാൻ നടത്തിയ യുദ്ധങ്ങളിൽ ആഫ്രിക്കൻ അയൽ രാജ്യങ്ങളെ സ്വന്തം ഭാഗമാക്കിയിരുന്നു. അങ്ങനെ അൾജീരിയ, മൊറോക്കോ, തുണിഷ്യ തുടങ്ങിയ രാജ്യങ്ങളിലുള്ളവർക്ക് ഫ്രഞ്ച് ഭാഷ പരിചിതമായി. അവർ ജോലിക്കാരായും ഉദ്യോഗസ്ഥരായുമെല്ലാം ഫ്രാൻസിലെത്തി. പിന്നീട് ഇവർ ഇവിടെ സ്ഥിരതാമസമായി. അവർക്ക് ആരാധനാലയം നിർബന്ധമായി.

എന്നാൽ ആദ്യകാലങ്ങളിലൊന്നും ഈ ആവശ്യത്തിന് അംഗികാരം ലഭിച്ചില്ല. ഒന്നാം ലോക യുദ്ധകാലത്ത് ഫ്രഞ്ച് സൈന്യത്തിൽ മുസ്ലിം പ്രാതിനിധ്യം ശക്തമായിരുന്നു. യുദ്ധാനന്തരം അൾജിരിയക്കാർ മസ്ജിദ് എന്ന ആവശ്യം ശക്തമാക്കി. അങ്ങനെയാണ് ഗ്രാൻഡ് മോസ്ക് യാഥാർത്ഥ്യമായത്. പാരീസിലെത്തുന്നവർ നിർബന്ധമായും സന്ദർശിക്കുന്ന കേന്ദ്രമാണിപ്പോൾ ഗ്രാൻസ് മസ്ജിദ്. എല്ലാ വിശ്വാസികൾക്കും പ്രവേശനമുണ്ട്. മൂന്ന് യൂറോയാണ് എൻട്രി ഫീസ്. യുറോപ്പിലെ തന്നെ വലിയ നഗരത്തിൽ അതിവിശാലമായി നിർമിക്കപ്പെട്ട മസ്ജിദിന്റെ പ്രധാന ആകർഷണം പ്രാർത്ഥനാ ഹാളാണ്. ആയിരത്തോളം പേർക്ക് ഒരേ സമയം നമസ്കരിക്കാനുള്ള സൗകര്യം. അകത്തളത്തിലെ കൊത്തുപ്പണികൾ അപാരമാണ്.



പാരീസിലെ ഗ്രാൻഡ് മോസ്കിന്റെ അകം

അറേബ്യൻ നിർമിതിയിലും യൂറോപ്പിൽ പ്രബലമായി കാണുന്ന രാജശിൽപ്പ രീതിക്കൊപ്പം അതി സൂക്ഷമമായി ഓട്ടോമൻ കാല വാസ്തുശിൽപ ചാതുരി പ്രകടമാണ്. മൊറോക്കോ ഭരണകൂടമാണ് മസ്ജിദ് നിർമാണത്തിന് സാമ്പത്തിക സഹായം നൽകിയത്. ലോകത്തെ അതിമനോഹര മസ്ജിദുകൾ മൊറോക്കോയിലാണ്. അതേ രീതിയിൽ പള്ളിക്ക് സ്വീകരണ ഹാളുണ്ട്. നമ്മൾ ആദ്യമെത്തുക സുരക്ഷാ ഉദ്യോഗസ്ഥന് മുന്നിലാണ്. അദ്ദേഹം സംവിധാനങ്ങൾ വിശദീകരിക്കും. ടിക്കറ്റ് കൗണ്ടർ അരികിൽ. ഇതര വിശ്വാസികളായ വനിതകൾ ശരിരഭാഗങ്ങൾ മറക്കുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കണം. അത് ഇവിടെ നിന്ന് നൽകും. പിന്നെ കാണുക അതിസുന്ദര പൂന്തോട്ടമാണ്. രാജകൊട്ടാരങ്ങളില്ലെല്ലാം കാണപ്പെട്ടിരുന്നത് പോലെ. 3,500 സ്ക്വയർ മീറ്ററിലാണ് ഗാർഡൻ. വിശാലമായ ലൈബ്രറിയിൽ എല്ലാവർക്കും പ്രവേശനം. അരികിൽ അത്യാധുനിക മദ്രസ. ഇമാമിന് വലിയ ഓഫിസുണ്ട്. അവിടെയെത്തിയപ്പോൾ അദ്ദേഹം ആശ്ലേഷത്തോടെ സ്വീകരിച്ചു. പക്ഷേ ഫ്രഞ്ചിലാണ് സംസാരം. അതിനാൽ ദീർഘ സംഭാഷണം സാധ്യമായില്ല. അസർബാങ്കിന് സമയമായിരിക്കുന്നു. ബാങ്കിന് ശേഷം എട്ട് മിനുട്ടിനിടെ നമസ്കാരം. ധാരാളം പേർ പ്രാർത്ഥനക്കെത്തി. ഒളിംപിക്സ് സന്ദർശകരുമായപ്പോൾ അകംപള്ളി നിറഞ്ഞു. വനിതകൾക്ക് പ്രത്യേക പ്രാർത്ഥനാ ഹാളുണ്ട്.

നമസ്കാരത്തിന് ശേഷം പലരും കുടുംബസമേതം ഗാർഡനിലും പരിസരങ്ങളിലും സമയം ചെലവിടുന്നു. ലൈബ്രറിയിലേക്ക് കയറുന്നു. പള്ളിയുടെ അകത്ത് ഖുർആൻ പാരായണം ചെയ്യുന്നു. ഇന്ത്യക്കാരോട് ഫ്രഞ്ചുകാർക്ക് പ്രത്യേക സ്നേഹമുണ്ട്. ഇമാം അകത്തേക്ക് വിളിച്ച് ഫ്രഞ്ച് കോഫിയും കാരക്കയും നൽകിയാണ് ഞങ്ങളെ യാത്രയാക്കിയത്. വയനാട്ടിലുണ്ടായ പ്രകൃതി ദുരന്ത വീഡിയോ ചിത്രങ്ങൾ അദ്ദേഹത്തെ കാണിച്ചപ്പോൾ കൈകൾ മേൽപ്പോട്ട് ഉയർത്തി. മടങ്ങുന്ന വഴിയിൽ കാണാനായത് മസ്ജിദിലേക്കുള്ള സന്ദർശകരുടെ ഒഴുക്ക്.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
അംഗീകൃത ഏജൻസിയായ അൽഹിന്ദ് കൂടെയുണ്ട്
- HRD/Home Attestation
- MEA Attestation
- Apostille Attestation
- All Embassy Attestation

alhind ATTESTATION
+91 9496 06 8888 www.alhindattestation.com

# ഫോഗട്ടിന്റെ അപ്പീലിൽ വിധി ചൊവ്വാഴ്ച



പാരിസ്: ഒളിംപിക്സിൽ നിന്ന് അയോഗ്യയാക്കപ്പെട്ടതിനെതിരെ ഇന്ത്യയുടെ വനിതാ ഗുസ്തി താരം വിനേഷ് ഫോഗട്ട് ലോക കായിക കോടതിയിൽ നൽകിയ അപ്പീലിൽ വിധി പറയുന്നത് നാളത്തേക്ക് മാറ്റി. അപ്പീലിൽ തീരുമാനമെടുക്കാൻ ഏക ആർബിട്രേറ്റർ ഡോ. അനബെൽ ബെന്നറ്റിന് പാരിസിലെ സമയം 13നു വൈകിട്ട് 6 വരെയാണ് (ഇന്ത്യൻ സമയം 13നു രാത്രി 9.30) സമയം അനുവദിച്ചിരിക്കുന്നത്. ഇന്ത്യൻ സമയം ശനിയാഴ്ച രാത്രി 9.30ന് വിധി പറയുമെന്നാണ് നേരത്തേ അറിയിച്ചിരുന്നത്. പിന്നീട് ഞായറാഴ്ച കൂടി കക്ഷികൾക്ക് ആർബിട്രേറ്റർ മുൻപാകെ അധിക രേഖകൾ സമർപ്പിക്കാൻ സമയം അനുവദിക്കുകയായിരുന്നു.

ഏഴാം തീയതി വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ സ്വർണമെഡലിനായി ഫൈനലിൽ മത്സരിക്കാൻ തയ്യാറെടുക്കുന്നതിനിടെയാണ് വിനേഷ് അയോഗ്യയായത്. അനുവദനീയമായതിനേക്കാൾ 100 ഗ്രാം ഭാരം അധികമാണെന്ന് കണ്ടെത്തിയതായിരുന്നു കാരണം. അയോഗ്യതക്കെതിരേ വിനേഷ് ഫോഗട്ട് നൽകിയ അപ്പീൽ കഴിഞ്ഞ ദിവസം കോടതി ഫയലിൽ സ്വീകരിച്ചിരുന്നു. ഫൈനലിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് താരം ആദ്യം അപ്പീൽ സമർപ്പിച്ചത്. പക്ഷേ അപ്പീൽ പരിഗണിക്കുമ്പോഴേക്കും ഫൈനൽ മത്സരം പൂർത്തിയായതിനെ തുടർന്ന് വെള്ളി മെഡൽ പങ്കിടണമെന്ന ആവശ്യം ഉന്നയിച്ച് അപ്പീൽ തിരുത്തുകയായിരുന്നു. ഫൈനലിനു തലേന്ന് ഭാര പരിശോധനയിൽ വിജയിച്ച ശേഷം 3 മത്സരങ്ങൾ വിജയിച്ച് ഫൈനലിനു യോഗ്യത നേടിയ തനിക്ക് സംയുക്ത വെള്ളി മെഡൽ നൽകണമെന്ന് അഭ്യർഥിച്ചാണ് വിനേഷ് ലോക കായിക കോടതിയെ സമീപിച്ചത്. ഒളിംപിക്സിൽ ഗുസ്തി മത്സരങ്ങൾ സംഘടിപ്പിക്കുന്ന യുണൈറ്റഡ് റെസ്ലിങ് വേൾഡും രാജ്യാന്തര ഒളിംപിക് കമ്മിറ്റിയുമാണ് കേസിലെ എതിർകക്ഷികൾ.

## കെ.ടി മാനു മുസ്‌ലിയാർ അനുസ്മരണം

കരുവാരകുണ്ട്: കണ്ണത്ത് ഹയാത്തുൽ ഇസ്‌ലാം സംഘത്തിന്റെ ആഭിമുഖ്യത്തിൽ മദ്രസ ഹാളിൽ കെ.ടി. ഉസ്താദ് അനുസ്മരണവും മൗലിദ് പാരായണവും നടന്നു. പി. സൈതാലി മുസ്‌ലിയാർ മാമ്പുഴ ഉദ്ഘാടനം ചെയ്തു. സമസ്ത കേന്ദ്ര മുശാവറ അംഗം വാക്കോട് മൊയ്തീൻ കുട്ടി ഫൈസി, ടി.കെ ഹംസ ഹാജി, സി.പി അലവി മുസ്‌ലിയാർ, ടി. മുസ്തഫ മുസ്‌ലിയാർ, ടി.കെ അബ്ദുസ്സലാം ദാരിമി, ടി. മുഹമ്മദ് ദാരിമി, മഹല്ല് ഖാസി സൈതലവി ബാഖവി പ്രസംഗിച്ചു.



## വിവിധ ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട്

തിരുവനന്തപുരം: പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. വ്യാഴാഴ്ച്ച വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.



# മാനേജ്മെന്റ് പഠനത്തിന് അവസരമൊരുക്കാൻ 'ക്യാറ്റ്' പരീക്ഷ

മാനേജ്മെന്റ് രംഗത്തെ പഠനമാഗ്രഹിക്കുന്നവരുടെ മുന്നിലുള്ള ഏറ്റവും മികച്ച സ്ഥാപനങ്ങളാണ് ഐഐഎം എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഇന്ത്യൻ ഇൻസ്‌ടിട്യൂട്ട് ഓഫ് മാനേജ്മെന്റ്. ഐഐഎമ്മുകളിലെ നിന്ന് മികച്ച നിലയിൽ പഠനം പൂർത്തിയാക്കിയവർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ഥാപനങ്ങളിൽ ഉയർന്ന മാനേജ്മെന്റ് പദവികകളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

അഹമ്മദാബാദ്, ബാംഗ്ലൂർ, കൽക്കത്ത, കോഴിക്കോട് അടക്കമുള്ള ഇരുപത്തിലധികം ഐഐഎമ്മുകളിലായി നടത്തപ്പെടുന്ന വിവിധ ബിരുദാനന്തര, ഫെല്ലോ/ഡോക്ടറേറ്റ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള കടമ്പയായ കോമൺ അഡ്മിഷൻ ടെസ്റ്റിന് (ക്യാറ്റ് 2024) സെപ്തംബർ 13 വരെ www.iimcat.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ഐഐഎമ്മുകൾക്ക് പുറമെ ഐഐടികളും എൻഐടികളും അടക്കമുള്ള നിരവധി സ്ഥാപനങ്ങളിലെ പ്രവേശനത്തിനും ക്യാറ്റ് മാനദണ്ഡമാണ്.

നവംബർ 24 നു നടക്കുന്ന പരീക്ഷക്ക് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ അടക്കം രാജ്യത്തെമ്പാടുമായി 170 പരീക്ഷാ കേന്ദ്രങ്ങളുണ്ട്. മുൻഗണന അടിസ്ഥാനത്തിൽ 5 കേന്ദ്രങ്ങൾ തിരഞ്ഞെടുക്കണം. 50% മാർക്കോടെ (പട്ടിക വിഭാഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് 45%) ബിരുദം പൂർത്തിയാക്കിയവർക്കും അവസാന വർഷ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. സിഎ, സിഎസ്, സിഎംഎ, ഇൻസ്റ്റിറ്റ്യൂട്ട് ആക്ചറീസ് ഓഫ് ഇന്ത്യയുടെ ഫെല്ലോ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. പട്ടിക വിഭാഗക്കാർ, പിന്നാക്ക വിഭാഗക്കാർ, ഭിന്നശേഷിക്കാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്ക് നിയമാനുസൃതമായ സംവരണം ലഭിക്കും.

വെർബൽ എബിലിറ്റി & റീഡിങ് കോംപ്രിഹെൻഷൻ, ഡാറ്റ ഇന്റെർപ്രെട്ടേഷൻ & ലോജിക്കൽ റീസണിങ്, ക്വാണ്ടിറ്റേറ്റീവ് എബിലിറ്റി എന്നിങ്ങനെ 3 സെക്ഷനുകളിലായാണ് പരീക്ഷ നടക്കുന്നത്. ഓരോ സെക്ഷനും ഉത്തരമെഴുതാൻ 40 മിനിറ്റ് ലഭിക്കും. മറ്റു വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും വെബ്സൈറ്റ് പരിശോധിക്കാം.


പി ടി ഫിറോസ്

CAREER ചന്ദ്രിക

## ബിരുദാനന്തര പഠനത്തിന് 'ജാം'

ബിരുദത്തിന് ശേഷം മികവാർന്ന സ്ഥാപനങ്ങളിൽ തുടർപഠനാവസരമൊരുക്കുന്ന ശ്രദ്ധേയമായ എൻട്രൻസ് പരീക്ഷയാണ് 'ജാം' എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ജോയന്റ് അഡ്മിഷൻ ടെസ്റ്റ് ഫോർ മാസ്റ്റേഴ്സ്. ബയോടെക്നോളജി, കെമിസ്ട്രി, ഇക്കണോമിക്സ്, ജിയോളജി, മാത്തമാറ്റിക്സ്, മാത്തമാറ്റിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ് എന്നിങ്ങനെ 7 വിഷയങ്ങളിലാണ് പരീക്ഷ നടക്കുന്നത്. കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയാണ്. 2025 ഫെബ്രുവരി 2 ന് നടക്കുന്ന പരീക്ഷക്ക് സെപ്തംബർ 3 മുതൽ ഒക്ടോബർ 11 വരെ jam.iitm.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കണം.

21 ഐഐടികളിലായുള്ള മുവ്വായിരത്തോളം ബിരുദാനന്തര ബിരുദ സീറ്റുകൾക്ക് പുറമെ വിവിധ എൻ.ഐ.ടികൾ, ശിബ്പൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് സയൻസ് ആൻസ് ടെക്നോളജി, പഞ്ചാബിലുള്ള സാൻഡ് ലോങ്കോവാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, പൂനയിലെ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി, ബംഗളുരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ജവാഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച്, ഐസറുകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയം ആൻഡ് എനർജി തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകളിലെ പ്രവേശനത്തിനും 'ജാം' സ്കോർ മാനദണ്ഡമാണ്. വേറെയും സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 'ജാം' അടിസ്ഥാനമാകാനിടയുണ്ട്.

വിവിധ വിഷയങ്ങളിൽ എം.എസ്.സി, ജോയന്റ് എം.എസ്.സി പി.എച്ച്.ഡി. എം.എസ്.സിപി.എച്ച്.ഡി ഡ്യുവൽ ഡിഗ്രി, എം.എസ്.സി (ടെക്), എം.എസ്.സിഎം.ടെക് ഡ്യുവൽ ഡിഗ്രി, എം.എസ് (റിസർച്ച്) എന്നിവയാണ് പ്രോഗ്രാമുകൾ. പാലക്കാട് ഐ.ഐ.ടിയിൽ കെമിസ്ട്രി, ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ എം.എസ്.സി പ്രോഗ്രാമാണുള്ളത്.

കെമിസ്ട്രി, ജിയോളജി, മാത്തമാറ്റിക്സ് എന്നിവയിൽ ഒരു വിഷയവും ബയോടെക്നോളജി, ഇക്കണോമിക്സ്, മാത്തമാറ്റിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ് എന്നിവയിൽ ഒരു വിഷയവുമടക്കം പരമാവധി രണ്ട് വിഷയങ്ങൾ തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കാനുദ്ദേശിക്കുന്ന പ്രോഗ്രാമിന് ബാധകമായ അർഹത, വിദ്യാഭ്യാസ യോഗ്യത എന്നിവ ഉറപ്പ് വരുത്തണം. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

ഓരോ വിഷയത്തിന്റെയും സിലബസ് പ്രോസ്പെക്ടസിലുണ്ട്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, വടകര, കണ്ണൂർ, മംഗളുരു, മൈസൂരു, ചെന്നൈ, കോയമ്പത്തൂർ, ബംഗളുരു എന്നിവിടങ്ങളിലടക്കം നിരവധി പരീക്ഷാ കേന്ദ്രങ്ങളുണ്ട്.

# ആശ്വാസ കിരണം പദ്ധതി അവതാളത്തിൽ

### ഫണ്ടില്ലെന്ന് സർക്കാർ

കൊച്ചി: ഫണ്ടില്ലെന്ന കാരണത്താൽ ആശ്വാസകിരണം പദ്ധതി വഴിയുള്ള ധനസഹായം മുടങ്ങിയിട്ട് രണ്ട് വർഷം. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, മറ്റു ഗുരുതര രോഗമുള്ളവരെയും, മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഫണ്ട് മുടങ്ങിയതോടെ ആശ്വാസ കിരണം പദ്ധതി വഴി ലഭിച്ചിരുന്ന 600 രൂപ സഹായം നിലച്ചിട്ട് 19 മാസമായി. ആശ്വാസകിരണം പദ്ധതി നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 54 കോടി രൂപ കയിരുത്തിയതിൽ നിന്ന് 15 കോടി രൂപ വിനിയോഗിക്കാൻ അനുമതി നൽകിയിരുന്നു. ഇതിൽ 14,99,93,520 രൂപ ചെലവഴിച്ച് പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2022 സെപ്റ്റംബർ മാസം വരെയുള്ള കുടിശിക നൽകി. ബാക്കി ഒമ്പത് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2022 ഓഗസ്റ്റ് മാസം വരെയുമുള്ള കുടിശികയാണ് നൽകിയത്. ആശ്വാസകിരണം പദ്ധതിക്ക് കീഴിലുള്ള എല്ലാ ഗുണഭോക്താക്കളുടേയും ലൈഫ് സർട്ടിഫിക്കറ്റ്, ആധാർ ലിങ്ക് ചെയ്യൽ എന്നീ നടപടിക്രമങ്ങൾ നിർബന്ധമായും പൂർത്തീകരിക്കണമെന്ന് സർക്കാർ ഉത്തരവിട്ടിരുന്നു. ഇത്തരത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 19,229 പേർക്കാണ് തുക വിതരണം ചെയ്തത്.

7,080 പേർകൂടി ലൈഫ് സർട്ടിഫിക്കറ്റ് നൽകിയെങ്കിലും ബാക്കി ഫണ്ട് അനുവദിക്കാത്തതിനാൽ ഇവർക്ക് ധനസഹായം ലഭിച്ചിട്ടില്ല. സർക്കാർ ഫണ്ട് അനുവദിച്ചാൽ മാത്രമേ ഇവർക്ക് തുക നൽകാനാവുകയുള്ളുവെന്ന് സാമൂഹ്യസുരക്ഷാ മിഷൻ അധികൃതർ പറയുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,13,713 പേർ ഗുണഭോക്താക്കളായി ഉണ്ടായിരുന്ന പദ്ധതിയിൽ നിലവിൽ 26,309 പേർ മാത്രമാണുള്ളത്. ഗുണഭോക്താക്കളെ വെട്ടിക്കുറച്ചിട്ടും കൃത്യമായി ധനസഹായം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അതേസമയം, ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന സർക്കാർ പദ്ധതിയായ കൈവല്യവഴിയുള്ള സഹായങ്ങൾ നിലച്ചിട്ട് മൂന്ന് വർഷമായി. സാമ്പത്തിക സഹായം വിതരണം ചെയ്യുന്നത് നിലച്ചതോടെ സ്വയം തൊഴിൽ ചെയ്യാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അപേക്ഷ സമർപ്പിച്ച പലരും പ്രതിസന്ധിയിലായിരിക്കുകയാണ്. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്താൻ സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്.

2021ലാണ് അവസാനമായി പദ്ധതി വഴി സാമ്പത്തിക സഹായം ലഭ്യമാക്കിയത്. വിവിധ ജില്ലകളിലായി കൈവല്യ പദ്ധതിയിൽ സ്വയംതൊഴിൽ വായ്പക്കായി കാത്തിരിക്കുന്നത് ആയിരങ്ങളാണ്. പണമില്ലാത്തതിനാൽ ഇവരുടെ കാത്തിരിപ്പ് നീളും. സാമ്പത്തിക പ്രതിസന്ധി തന്നെയാണ് ധനസഹായം വൈകുന്നതിന് കാരണമായി സർക്കാർ ചൂണ്ടിക്കാണിക്കുന്നത്.

# പ്രേംചന്ദ് - മുഹമ്മദ് റഫി ഓൺലൈൻ ക്വിസ് മത്സരം ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: ലോകപ്രശസ്ത ഉർദുഹിന്ദി കഥാകൃത്തും നോവലിസ്റ്റുമായ പ്രേംചന്ദിന്റെയും അനശ്വര ഗായകൻ മുഹമ്മദ് റഫിയുടെയും അനുസ്മരണ ദിനത്തോടനുബന്ധിച്ച് കേരള ഉർദു ടീച്ചേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച സംസ്ഥാന തല ഓൺലൈൻ ക്വിസ് മത്സരത്തിന്റെ ഫലം പ്രസിദ്ധീകരിച്ചു. പതിനയ്യായിരത്തിൽപരം വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ 60 ശതമാനം വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിന് അർഹരായി.

ഫാലിഷ.എം, (ജി. എച്ച്.എസ്.എസ് മൂത്തേടത്ത്, മലപ്പുറം ജില്ല) ഒന്നാം സ്ഥാനവും, മിൻഹ ഫാത്തിമ .എം (എസ്.എസ്. എച്ച്.എസ്.എസ് മൂർക്കനാട്, മലപ്പുറം ജില്ല) രണ്ടാം സ്ഥാനവും, ശരണ്യ സായി (സി.കെ. ജി.എം. എച്ച്.എസ്.എസ് ചിങ്ങപുരം, കോഴിക്കോട് ജില്ല) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്കുള്ള ക്യാഷ് അവാർഡും ഉപഹാരവും ആഗസ്ത് 15ന് കോഴിക്കോട് വെച്ച് നടക്കുന്ന ദേശീയ ഉർദു സെമിനാറിന്റെ ഉദ്ഘാടന വേദിയിൽ വെച്ച് സമ്മാനിക്കും. ഉർദു നോട്ട് ബുക്ക് ബ്ലോഗ് കോർഡിനേറ്റർ പി പി മുഹമ്മദ് കോയയാണ് മത്സരത്തിന്റെ സാങ്കേതിക കാര്യങ്ങൾക്ക് നേതൃത്വം നൽകിയത്. ഫലപ്രഖ്യാപന ചടങ്ങിൽ കെ.യു.ടി.എ സംസ്ഥാന പ്രസിഡണ്ട് ഡോ.കെ പി ഷംസുദ്ദീൻ തിരൂർക്കാട്,ജനറൽ സെക്രട്ടറി സലാം മലയമ്മ, ട്രഷറർ ടി.എ.റഷീദ് പന്തല്ലൂർ, ക്വിസ് കോർഡിനേറ്റർമാരായ ടി എച്ച് കരിം, പി.സി. വാഹിദ് സമാൻ, സംസ്ഥാന ഭാരവാഹികളായ സി.വി. കെ.റിയാസ്, അബ്ദുൽ നാസർ കൊല്ലം, കെ.ജെ.ജിജി തൃശൂർ, ലഫ്.പി.ഹംസ,എം.കെ. അൻവർ സാദത്ത്, ജാബിർ തൃശ്ശൂർ എം.പി.സത്താർ അരയൻങ്കോട്, കെ.പി.സുരേഷ്, റഫീഖ് മായനാട്, യു.കെ.നാസർ തലശ്ശേരി, അബ്ദുൽ റഷീദ് തളിപ്പറമ്പ്, എം.പി മുഹമ്മദ് സലിം കാസർകോട്എന്നിവർ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർഥികളെയും സംസ്ഥാന കമ്മിറ്റി അഭിനന്ദിച്ചു.


ഒന്നാം സ്ഥാനം ഫാലിഷ എം (ജി.എച്ച്.എസ്.എസ് മുത്തേടത്ത്, മലപ്പുറം)


രണ്ടാം സ്ഥാനം മിൻഹ ഫാത്തിമ. എം (എസ്.എസ്.എച്ച് എസ്.എസ് മൂർക്കനാട്, മലപ്പുറം)


മൂന്നാം സ്ഥാനം ശരണ്യ സായ് (സി.കെ. ജി.എം.എച്ച്.എസ്. എസ്, ചിങ്ങപുരം, കോഴിക്കോട്)

# കെ. കുട്ടി അഹമ്മദ്കുട്ടി

## ഗൃഹനാഥന്റെ കരുതലോടെ പോളിയെ നയിച്ചത് മൂന്ന് പതിറ്റാണ്ട്

തിരൂർ: ഗൃഹനാഥന്റെ കരുതലോടെ തിരൂരിലെ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് എന്ന സ്ഥാപനത്തെ കുട്ടി അഹമ്മദ് കുട്ടി നയിച്ചത് മൂന്ന് പതിറ്റാണ്ട്. പോളിടെക്നിക്കിന്റെ ചെയർമാൻ സ്ഥാനത്ത് എത്തിയിട്ട് മുപ്പത് വർഷം പൂർത്തിയാവുന്നതിന് മാസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് അദ്ദേഹം വിടപറഞ്ഞത്. 1995 ലാണ് അദ്ദേഹം പോളിടെക്നിക് കോളജിന്റെ ഗവേണിങ്ങ് ബോഡി ചെയർമാനായത്. സ്ഥാപനത്തിന്റെ വളർച്ചയിൽ ചെയർമാന്റെ ഇടപെടലുകൾ വളരെ ശ്രദ്ധയോടെയായിരുന്നുവെന്ന് മാനേജ്മെന്റ് പ്രതിനിധികളും ജീവനക്കാരും ഒന്നിച്ച് സാക്ഷ്യപ്പെടുത്തുന്നു. ഈയിടെയാണ് പോളിടെക്നിക്കിന് എൻ.ബി.എ അക്രഡിറ്റേഷൻ ലഭിച്ചത്. ബ്രാഞ്ചുകൾക്ക് ഒന്നിച്ച് അക്രഡിറ്റേഷൻ ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ സ്ഥാപനമാണ് തിരൂർ പോളി. അദ്ദേഹത്തിന്റെ ഉപദേശ നിർദേശങ്ങൾ സ്വീകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു ഈ നേട്ടം ലഭിച്ചതും. ജീവനക്കാരോടുള്ള അദ്ദേഹത്തിന്റെ ഇടപെടൽ വളരെ മാതൃകാപരമായിരുന്നു. ചിലർ ഗുരുതരമായ വിഷയങ്ങളിൽ അകപ്പെട്ട് അച്ചടക്ക നടപടി പോലും ഉണ്ടാവുമെന്ന ഘട്ടത്തിൽ പോലും അത്തരം ആളുകളെ വിളിച്ച് വരുത്തി ഉപദേശിച്ച് തെറ്റ് തിരുത്തി പ്രവർത്തിക്കാൻ അവസരം ഒരുക്കിക്കൊടുക്കുന്ന രീതി മാതൃകാപരമായിരുന്നു. പോളിയിലെത്തിയാൽ ജീവനക്കാരോടും വിദ്യാർഥികളോടും കുറെയേറെ നേരം ആശയ വിനിമയത്തിന് സമയം കണ്ടെത്തിയിരുന്നു. നൂതന സാങ്കേതികവിദ്യകളെ കുറിച്ചും മറ്റും വിദ്യാർഥികളോടടക്കം സംസാരിച്ചിരുന്നു.


കുട്ടി അഹമ്മദ്കുട്ടിയുടെ ജനാസ നമസ്കാരത്തിൽ പി.വി അബ്ദുൽ വഹാബ് എം.പി

## പോണ്ടിച്ചേരി യൂണിവേഴ്സിറ്റി പാഠ്യ വിഷയങ്ങളിലെ പിഴവുകൾ തിരുത്തും

പുതുച്ചേരി: പോണ്ടിച്ചേരി യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ കോഴ്സിലെ പാഠ്യ വിഷയങ്ങളിലെ പിഴവുകൾ തിരുത്തുമെന്ന് യൂണിവേഴ്സിറ്റി ഡയറക്ടർ ഉറപ്പ് നൽകി. എം.എസ്.എഫും വിദൂര വിദ്യാഭ്യാസ വിദ്യാർഥി പ്രതിനിധികളും ചേർന്നു നൽകിയ പരാതിയിലാണ് യൂണിവേഴ്സിറ്റി അധികൃതർ തിരുത്തലിനു തയ്യാറായത്. പോണ്ടിച്ചേരി യൂണിവേഴ്സിറ്റി എം.എസ്.എഫ് പ്രസിഡന്റ് ജസീം, ജനറൽ സെക്രട്ടറി ഫാത്തിമ ഷിഫ, ജോയിൻ സെക്രട്ടറി മഷ്ഹൂദ്, ഡിസ്റ്റൻസ് എജുക്കേഷൻ പ്രതിനിധികളായ ഫാസിൽ കാരിയാടൻ, അൻഷിഫ് പൂക്കോട്ടൂർ എന്നിവർ പരാതി കൈമാറി. പിഴവുകൾ ഗുരുതരമാണെന്നും എം.എസ്.എഫ് പ്രതിനിധികളും പരാതി നൽകിയ വിദൂര വിദ്യാഭ്യാസ വിദ്യാർഥികളും ചേർന്ന് ഒരു സമിതി രൂപീകരിച്ച് യൂണിവേഴ്സിറ്റി അക്കാദമിക്ക് കോഓർഡിനേറ്റേഴ്സിന് നേരിട്ട് റിപ്പോർട്ട് കൈമാറണമെന്നും ഡയറകടർ അഭിപ്രായപ്പെട്ടു. ഏകദേശം പത്തുവർഷത്തോളമായി അപാകതകളടങ്ങിയ സ്റ്റഡി മെറ്റീരിയലുകൾ വിദ്യാർഥികൾ ഉപയോഗിക്കുന്നു എന്നത് യൂണിവേഴ്സിറ്റിയുടെ നിരുത്തരവാദിത്വമാണ് ചൂണ്ടിക്കാണിക്കുന്നത്. തിരുത്തുമെന്ന ഡയറക്ടറേറ്റിന്റെ ഉറപ്പിൽ പ്രതീക്ഷയുണ്ടെന്നും പോണ്ടിച്ചേരി യൂണിവേഴ്സിറ്റി എം.എസ്.എഫ് പ്രസിഡന്റ് ജസീം പറഞ്ഞു.

# തൃപ്പനച്ചി ഉറൂസ് മുബാറകിന് പ്രൗഢ സമാപ്തി



തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ പതിമൂന്നാമത് ഉറൂസ് പരിപാടികളുടെ സമാപന സംഗമം സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

മഞ്ചേരി: തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ പതിമൂന്നാമത് ഉറൂസ് പരിപാടികൾക്ക് കൊടിയിറങ്ങി. സിയാറത്ത്, സ്വലാത്ത് മജ്‌ലിസ്, ജലാലിയ്യ റാത്തീബ്, ഖത്മ ദുആ തുടങ്ങിയ ചടങ്ങുകളിൽ വിശ്വാസികൾ സംഗമിച്ചു. വിശ്വാസി ലക്ഷങ്ങൾ തൃപ്പനച്ചിയിലെ ആത്മീയ - വൈജ്ഞാനിക പുതുചരിത്രപിറവിയുടെ സാക്ഷികളായി. ലക്ഷം പേർക്ക് അന്നദാനം നടത്തി. 600 വളണ്ടിയർമാരാണ് ഉറൂസിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. സമാപന സമ്മേളനം സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. കൂട്ട സിയാറത്തിന് തങ്ങൾ നേതൃത്വം നൽകി. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ അധ്യക്ഷനായി. അന്നദാന വിതരണോദ്ഘാടനവും തങ്ങൾ നിർവഹിച്ചു. അബ്ദുസ്സമദ് പൂക്കോട്ടൂർ അനുസ്മരണ പ്രഭാഷണം നടത്തി. സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം, ഒളവണ്ണ അബൂബക്കർ ദാരിമി, അഡ്വ.യു.എ ലത്തീഫ് എം.എൽ.എ, ഇ.കെ അബൂബക്കർ മുസ്‌ലിയാർ, ആർ.വി കുട്ടി ഹസൻ ദാരിമി, കെ.എ റഹ്മാൻ ഫൈസി കാവനൂർ, അബ്ദുല്ല ദാരിമി വളമംഗലം, കെ.വി അബ്ദുറഹിമാൻ ദാരിമി അഞ്ചച്ചവിടി, അബ്ദുസലാം ബാഖവി ഒഴുകൂർ, അഡ്വ.പി.വി മനാഫ്, ഒ.പി കുഞ്ഞാപ്പു ഹാജി, സൈതലവി ഹാജി ആതവനാട്, നിർമാൺ മുഹമ്മദലി, ടി.കെ കുഞ്ഞാപ്പു, ഒ.പി.വി കുഞ്ഞാപ്പു, കെ.ടി ബാവ തങ്ങൾ, പി.വി ഉസ്മാൻ, പി.സി അബ്ദുറഹിമാൻ, ടി.പി നൂറുദ്ദീൻ യമാനി പ്രസംഗിച്ചു.മഞ്ചേരി: മഹാന്മാരായ പൂർവികരുമായി തുടരുന്ന ആത്മീയമായ ബന്ധം നബിചര്യയിലൂടെ സ്ഥാപിക്കപ്പെട്ടതാണെന്നും, ഉറൂസിന്റെ അടിസ്ഥാനമിതാണെന്നും സമസ്ത കേരളാ ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ. തൃപ്പനച്ചി ഉറൂസിന്റെ സമാപന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉറൂസിന്റെ ഭാഗമായി സിയാറത്ത് നടത്തുന്നതിന്റെ അടിസ്ഥാനം നബി (സ്വ) യിൽ നിന്ന് ലഭിച്ച പാഠമാണ്. സിയാറത്തിന്റെ രീതി നബി തങ്ങൾ പഠിപ്പിച്ചു തന്നിട്ടുണ്ട്. ഖലീഫമാരുടെ ജീവിതത്തിലും ഈ ചര്യ പിന്തുടർന്നു. ഇസ്‌ലാമിന്റെ ശരിയായ ആശയമാണ് മഹാന്മാരായ ഔലിയാക്കൾ പഠിപ്പിച്ചത്. ആത്മീയവും ഭൗതികവുമായ മാധ്യമങ്ങൾ മനുഷ്യന് നൽകുന്നത് അല്ലാഹുവാണ്. ശാസ്ത്ര സാങ്കേതിക വിദ്യയെന്ന ഭൗതിക മാധ്യമത്തെ ഉപയോഗിച്ച് കണ്ടെത്തലുകൾ മനുഷ്യൻ നടത്തുന്നു. എന്നാൽ ആത്മീയമായ മാധ്യമം ഉപയോഗിച്ച് കാര്യങ്ങൾ മനസിലാക്കാനുള്ള കഴിവ് മഹാന്മാർക്ക് ലഭിക്കുന്നു. ഇലാഹിയായ ഈ മാധ്യമമാണ് അമ്പിയാക്കളും ഔലിയാക്കളും ഉപയോഗപ്പെടുത്തുന്നത്. മഹാന്മാരുടെ ജീവിത ചരിത്രം പറഞ്ഞു കൊടുക്കുകയാണ് ഉറൂസിലൂടെ നിർവഹിക്കുന്നത്. ജനങ്ങളെ തർബിയത്ത് ചെയ്ത മഹാനായിരുന്നു തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാരെന്നും തങ്ങൾ അനുസ്മരിച്ചു.

## പാണക്കാട് ഖാസി ഫൗണ്ടേഷൻ മഹല്ല്തല സംഗമം സെപ്റ്റംബർ 1ന്

### സ്വാഗത സംഘ രൂപീകരണ കൺവൻഷൻ നാളെ

മലപ്പുറം: പാണക്കാട് ഖാസി ഫൗണ്ടേഷൻ മലപ്പുറം ജില്ലാ സംഗമങ്ങൾ നാല് കേന്ദ്രങ്ങളിലായി നടക്കുകയാണ്. അതിന്റെ ഭാഗമായി സെപ്റ്റംബർ 1 ന് തിരൂരിൽ വെച്ച് കോട്ടക്കൽ, തിരൂർ, പൊന്നാനി, തവനൂർ, താനൂർ മണ്ഡലങ്ങളിലെ പാണക്കാട് സയ്യിദന്മാർ ഖാസിമാരായിട്ടുള്ള മഹല്ലുകളുടെയും രക്ഷാധികാരികളായിട്ടുള്ള സ്ഥാപനങ്ങളുടെയും ഭാരവാഹികളും ഖത്വീബുമാണ് സംബന്ധിക്കുക.

പരിപാടിയുടെ വിജയത്തിനായുള്ള സ്വാഗതസംഘ രൂപീകരണ കൺവൻഷൻ സയ്യിദ് റഷീദലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ നാളെ വൈകീട്ട് 4.30ന് തിരൂർ സംഗമം റെസിഡൻസിയിൽ ചേരും. പ്രസ്തുത പരിപാടിയിലേക്ക് കോട്ടക്കൽ, തിരൂർ, തവനൂർ, പൊന്നാനി, താനൂർ മണ്ഡലങ്ങളിലെ ഭാരവാഹികളും പ്രാദേശിക അംഗങ്ങളും പങ്കെടുക്കണമെന്ന് ജില്ലാ കൺവീനർ കെ.എ റഹ്മാൻ ഫൈസി അറിയിച്ചു.

# പാണക്കാട് ഖാസി ഫൗണ്ടേഷൻ മേഖല നേതൃസംഗമം സെപ്.ഏഴിന് മമ്പാട് ഖുത്ബുസ്സമാൻ നഗരിയിൽ


മമ്പാട് കെ.പി.എസ് ഓഡിറ്റോറിയത്തിൽ നടന്ന സംഘാടക സമിതി രൂപീകരണ കൺവൻഷൻ ജില്ലാ കൺവീനർ കെ.എ റഹ്മാൻ ഫൈസി ഉദ്ഘാടനം ചെയ്യുന്നു.

മമ്പാട് : പാണക്കാട് ഖാസി ഫൗണ്ടേഷൻ ജില്ലയിലെ മഹല്ല്ശാക്തീകരണത്തിന് വേണ്ടി മഹല്ല് ഭാരവാഹികളെയും ഖത്വീബുമാരെയും പങ്കെടുപ്പിച്ചുള്ള മഹല്ല് നേതൃസംഗമത്തിന്റെ ഭാഗമായി പെരിന്തൽമണ്ണ, വണ്ടൂർ,നിലമ്പൂർ, ഏറനാട് എന്നീ മണ്ഡലങ്ങളിലെ മഹല്ല് നേതൃസംഗമം സെപ്റ്റംബർ 7 ന് മമ്പാട് ഖുത്ബുസ്സമാൻ നഗരിയിൽ (ഐ.കെ ഹാൾ) നടക്കും. പാണക്കാട് സാദാത്തുക്കൾ ഖാസിമാരായിട്ടുള്ള മഹല്ലുകളുടെയും രക്ഷാധികാരികളായിട്ടുള്ള സ്ഥാപനങ്ങളുടെയും ഭരവാഹികളും ഖത്വീബുമാണ് പങ്കെടുക്കുക. മഹല്ല് ശാക്തീകരണത്തിനാവശ്യമായ കർമ്മ പദ്ധതിയും ഹാൻഡ് ബുക്കും സംഗമത്തിൽ വിതരണം ചെയ്യും. പരിപാടിയുടെ വിജയത്തിനായി മമ്പാട് കെ.പി.എസ് ഓഡിറ്റോറിയത്തിൽ നടന്ന സ്വാഗതസംഘ രൂപീകരണ കൺവെൻഷൻ പാണക്കാട് ഖാസി ഫൗണ്ടേഷൻ മലപ്പുറം ജില്ല കൺവീനർ കെ.എ റഹ്മാൻ ഫൈസി ഉദ്ഘാടനം ചെയ്തു. സംസ്ഥാന കൺവീനർ സലീം എടക്കര അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മാഈൽ മൂത്തേടം,കരീം മമ്പാട്,ഗഫൂർ ഫൈസി കാട്ടുമുണ്ട, ടി.പി സിദ്ദീഖ് കരുളായി കമ്പ്രത്ത് മുഹമ്മദാലി ഹാജി, സയ്യിദ് ബാപ്പു തങ്ങൾ, കെ.എൻ.എസ് സൈദലവി പൂളപ്പാടം,സുൽഫിക്കർ അരീക്കോട് പ്രസംഗിച്ചു.

യോഗത്തിൽ വിപുലമായ സംഘാടക സമിതിക്ക് രൂപം നൽകി. സംഘാടക സമിതി മുഖ്യരക്ഷാധികാരി സയ്യിദ് റഷീദലി ശിഹാബ് തങ്ങളും രക്ഷാധികാരികളായി പുത്തനഴി മൊയ്തീൻ ഫൈസി, കെ.എ റഹ്മാൻ ഫൈസി, കെ.ടി ഇസ്ഹാഖ് ഫൈസി, അബ്ദുൽ അസീസ് മുസ്‌ലിയാർ, അഡ്വ ഉമ്മർ എൻ, കെ.ടി കുഞ്ഞാൻ, വി.എ നാസർ എന്നിവരെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. സംഘാടക സമിതി ചെയർമാനായി ഇസ്മാഈൽ മൂത്തേടവും ജനറൽ കൺവീനറായി അബ്ദുൽ കരീം മമ്പാട് ട്രഷററായി കെ.എൻ.എസ് സൈതലവിയെയും തിരഞ്ഞെടുത്തു. ആനമങ്ങാട് മുഹമ്മദ് കുട്ടി ഫൈസി, കുഞ്ഞാപ്പു ഹാജി തുവ്വൂർ, സിദ്ദീഖ് കരുളായി, ബാപ്പു തങ്ങൾ പള്ളിമുക്ക് യഅ്ഖൂബ് ഫൈസി രാമൻകൂത്ത്, ഇബ്രാഹീം ഹാജി വണ്ടൂർ,ഗഫൂർ ഫൈസി, വി ഹംസ കുഞ്ഞാപ്പു, നൂർ ഫൈസി എന്നിവർ വൈസ് ചെയർമാനായും വർക്കിങ് കൺവീനറായി ഇസ്ഹാഖ് അടുക്കത്തും സുൽഫിക്കർ അരീക്കോട് ,അബൂബക്കർ മാസ്റ്റർ ആനമങ്ങാട് ,കുഞ്ഞു മച്ചിങ്ങൽ ,നാണിപ്പ മുണ്ടശ്ശേരി, ബാവ ചുങ്കത്തറ, ലത്തീഫ് മണിമൂളി എന്നിവർ കൺവീനർമാരായും തിരഞ്ഞെടുത്തു. സബ് കമ്മിറ്റി ചെയർമാനായി സയ്യിദ് ഹമീദലി ശിഹാബ് തങ്ങളും കൺവീനറായി സലീം എടക്കരയും കോഓർഡിനേറ്റർമാരായി അബ്ദുൽ അലി എം പി യും മുഹമ്മദ് ഷാഫിയേയും തിരഞ്ഞെടുത്തു. മറ്റു സബ് കമ്മിറ്റി ചെയർമാൻ,കൺവീനർ കോഓർഡിനേറ്ററുമാരായി സി.എം കുട്ടി സഖാഫി, ഷറഫുദ്ദീൻ, യാസർ സുധീർ, ഹൈദരലി മാസ്റ്റർ (പ്രചരണം) ഷംസുദ്ദീൻ,അഷറഫ് (സ്റ്റേജ് ആന്റ് ഡെക്കറേഷൻ) മുഹമ്മദലി മമ്പാട്, സിദ്ധീഖലി (ഭക്ഷണം) നജീബ് ഫൈസി മമ്പാട്, റാഫി, ജാബിർ തിരുവാലി (റിസപ്ഷൻ) ശിഹാബ് കാമ്പ്രത്ത്, സൽമാൻ കൊരമ്പിയിൽ അമാനുല്ല ഖാൻ, ഇബ്രാഹീം, ഷഫീഖ് പാലപ്പറ്റ (വളണ്ടിയർ) ഉബൈദുല്ല ഫൈസി വാണിയമ്പലം, ഉമ്മർ വാഫി കാവനൂർ, അബ്ദുറഹ്മാൻ ദാരിമി മുണ്ടേരി, സിദ്ദീഖ് മാസ്റ്റർ, ജമാൽ കരുളായി, ജാഫർ കല്ലട, കോയ ചന്തക്കുന്ന് (സപ്ലിമെന്റ് ) എന്നിവരെയും ചുമതലപ്പെടുത്തി.





കുട്ടി അഹമ്മദ് കുട്ടിയുടെ മയ്യിത്ത് നിസ്കാരത്തിന് താനൂർ എളാരൻ കടപ്പുറം വടക്കെ ജുമാ മസ്ജിദിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു
സഊദ് അൻവർ

# നന്മയുടെ കാവലാൾ

**ഇഖ്ബാൽ കല്ലുങ്ങൽ**
മലപ്പുറം

മുസ്‌ലിംലീഗ് സംസ്ഥാന മുൻ വൈസ് പ്രസിഡന്റും മുൻമന്ത്രിയുമായ കെ.കുട്ടി അഹമ്മദ്കുട്ടി തദ്ദേശവകുപ്പിനു അടുക്കുംചിട്ടയും തീർത്ത ഭരണാധികാരിയും തീരദേശത്തിന്റെ കാവലാളുമായിരുന്നു. കാറ്റും കോളും നിറഞ്ഞ തീരദേശത്ത് അഭയസ്ഥനും മാർഗനിർദേശകനുമായി. പ്രശ്നങ്ങളുടെ പരിഹാരകേന്ദ്രമായി അദ്ദേഹം.

പിതാവ് സൈതാലിക്കുട്ടി മാസ്റ്ററിൽ നിന്നും പൊതുരംഗത്ത് പാലിക്കേണ്ട ഒട്ടേറെ കാര്യങ്ങൾ കുട്ടിഅഹമ്മദ്കുട്ടി ചെറുപ്പത്തിലേ കരഗതമാക്കിയിരുന്നു. തീരദേശത്തെ വിവിധ പ്രശ്നങ്ങളിൽ അന്തരിച്ച മുസ്‌ലിംലീഗ് നേതാവായിരുന്ന സൈതാലിക്കുട്ടി മാസ്റ്റർ മധ്യസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ വീട് നാട്ടുകോടതിപോലെയായിരുന്നു. പ്രശ്നങ്ങളുടെ വേലിക്കെട്ടുകൾ അഴിച്ചുമാറ്റാൻ സൈതാലിക്കുട്ടി മാസ്റ്റർക്ക് നിഷ്പ്രയാസം സാധിച്ചു. അവരുടെ ആശ്രയമായിരുന്നു സൈതാലിക്കുട്ടി മാസ്റ്റർ, അദ്ദേഹത്തിന്റെ മരണം കുട്ടി അഹമ്മദ്കുട്ടിയിൽ കൂടുതൽ ദൗത്യമേൽപ്പിച്ചു. പിതാവിന്റെ സാന്നിധ്യം പോലെ കുട്ടിഅഹമ്മദ്കുട്ടി തീരദേശമേഖലയിലെ ശാക്തീകരണത്തിൽ ഉദിച്ചുയർന്നു. അവരോടൊപ്പം ചേർന്ന് അവകാശപോർക്കളത്തിൽ മുന്നിൽ നിന്നു. മുസ്‌ലിംലീഗിന്റെ ശക്തി താനൂരിന്റെ തീരദേശമേഖലയിൽ കൂടുതൽ ശക്തിയാർജിച്ചു കൊണ്ടിരുന്നു. താനൂർ ഗ്രാമപഞ്ചായത്തിന്റെ പിതാവായി അദ്ദേഹം ഉയർന്നത് ജനങ്ങളിലെ വിശ്വാസ്യതകൊണ്ടുതന്നെയായിരുന്നു. അവർ ഇഷ്ടപൂർവം വിളിച്ച കുഞ്ഞിക്കാക്ക ആധുനിക താനൂരിന്റെ വികസനത്തിനു അസ്ഥിവാരമിട്ടു. ഒട്ടേറെ വികസനങ്ങൾ നടപ്പാക്കി. റെയിൽവേയെ നിരന്തരം സമീപിച്ച് ഓലപ്പീടികയിൽ റെയിൽവേ ഗെയ്റ്റ് വരെ കൊണ്ടുവരാൻ കഴിഞ്ഞു. വിദ്യാഭ്യാസ പരമായ പിന്നോക്കത്തിൽ നിന്നും താനൂരിനെ ഉയർത്തിക്കൊണ്ടുവരുന്നതിനു പദ്ധതികൾ ആവിഷ്കരിച്ചു. തീരദേശത്ത് കൂടുതൽ സ്കൂളുകളുള്ള മേഖലയായി താനൂർ വളർന്നതിൽ കുട്ടിഅഹമ്മദ്കുട്ടിയുടെയും പിതാവിന്റെയും കൈയ്യൊപ്പുണ്ട്.

തിരൂരിലെ എസ്.എസ്.എം പോളിടെക്നിക്കിനു ആവശ്യമായ സ്ഥലം കുട്ടി അഹമ്മദ്കുട്ടിയുടെ പിതാവ് സൗജന്യമായി നൽകിയത് ഒരു പ്രദേശത്തിന്റെ സാങ്കേതിക തൊഴിൽ വിദ്യാഭ്യാസത്തിൽ സൃഷ്ടിച്ച വിപ്ലവം ചെറുതല്ല. 1995 മുതൽ പോളിടെക്നിക്കിന്റെ ഗവേണിങ് ബോഡി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട കുട്ടി അഹമ്മദ്കുട്ടി പോളിയെ ആധുനികവത്കരിച്ചു. ഇതേ പോലെ ഗവ.സ്കൂളുകളും യാഥാർത്ഥ്യമാക്കിയതിൽ നിസ്വാർത്ഥ പങ്ക് വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പദവിയിൽ നിന്നും കേരളത്തിലെ പ്രഗത്ഭനായ തദ്ദേശമന്ത്രിയായി മാറാൻ കുട്ടിഅഹമ്മദ്കുട്ടിക്ക് കഴിഞ്ഞതിൽ അനുഭവങ്ങളുടെ സാക്ഷ്യപത്രങ്ങൾ കൂട്ടായി മാറി. താഴെത്തട്ടിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾ അദ്ദേഹം കണ്ടറിഞ്ഞു. പഞ്ചായത്തിലെയും നഗരസഭയിലെയും ജനങ്ങൾ കെട്ടിടം സംബന്ധിച്ച നിസാര പ്രശ്നങ്ങൾക്ക് പോലും സെക്രട്ടറിയേറ്റിനെ ആശ്രയിക്കേണ്ടി വന്ന നിയമത്തെ പാടെ പൊളിച്ചെഴുതി. കെട്ടിട നിയമത്തിൽ വരുത്തിയ ഭേദഗതികൾ സാധാരണക്കാർക്ക് ആശ്വാസം പകർന്നു. കെട്ടിട നിർമാണങ്ങളിൽ മുനിസിപ്പൽ -പഞ്ചായത്ത് തലത്തിൽ തന്നെ തീർക്കാവുന്ന തരത്തിൽ നിയമം കൊണ്ടുവന്നു. അതു വരെ തദ്ദേശമന്ത്രി കണ്ട് ഒപ്പിടേണ്ടി വന്ന പല ഫയലുകളും തദ്ദേശ സ്ഥാപനത്തിൽ നിന്നും തീർപ്പാക്കാനാക്കി മാറ്റിയത് കുട്ടിഅഹമ്മദ് കുട്ടിയുടെ ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും കൊണ്ടായിരുന്നു. അധികാരവികേന്ദ്രീകരണം ഫലവത്തായി നടപ്പാക്കാൻ കുട്ടിഅഹമ്മദ്കുട്ടിക്ക് കഴിഞ്ഞു. വികസന ആസൂത്രണം താഴെത്തട്ടിൽ ജനകീയമായി എങ്ങിനെ നടപ്പാക്കാമെന്ന് തെളിയിച്ചു.

സ്ത്രീ ശാക്തീകരണത്തിലും ദാരിദ്ര്യലഘൂകരണത്തിനും കുടുംബശ്രീയെ കൂടുതൽ ശക്തിപ്പെടുത്തി. ദീർഘവീക്ഷണമുള്ള മന്ത്രിയാണ് കുട്ടിഅഹമ്മദ്കുട്ടിയെന്ന് ഉന്നത ഉദ്യോഗസ്ഥർ പോലും അടിവരയിട്ടു, സാധാരണക്കാരുടെ അനുഭവങ്ങൾ നിയമമാക്കികൊണ്ടുവന്ന സാധാരണക്കാരുടെ മന്ത്രിയായി കുട്ടി അഹമ്മദ്കുട്ടി അറിയപ്പെട്ടു. ഭിന്നശേഷിക്കാർക്ക് പ്രത്യേക പദ്ധതികൾ കൊണ്ടുവന്നു. ഇൻഫർമേഷൻ കേരള മിഷൻ, ഗ്രീൻ കേരള മിഷൻ തുടങ്ങിയവ കാര്യപ്രാപ്തമാക്കി. പരിസ്ഥിതി സംരക്ഷണത്തിനു പ്രധാന്യം നൽകുന്നതായിരുന്നു അദ്ദേഹം ആവിഷ്കരിച്ച ഗ്രീൻ മിഷൻ. താനൂരിനു പിന്നാലെ രണ്ട് തവണ തിരൂരങ്ങാടിയെ പ്രതിനിധീകരിച്ച കുട്ടി അഹമ്മദ് കുട്ടി മന്ത്രിയായതും തിരൂരങ്ങാടിയിൽ നിന്നായിരുന്നു. തിരൂരങ്ങാടിയെ പ്രതിനിധീകരിച്ച മുൻ ഉപമുഖ്യമന്ത്രിയും തദ്ദേശമന്ത്രിയുമായിരുന്ന കെ. അവക്കാദർക്കുട്ടി നഹ വിടപറഞ്ഞ ഓഗസ്റ്റ് 11ന് തന്നെ അദ്ദേഹത്തിന്റെ പിൻഗാമിയായ കുട്ടി അഹമ്മദ്കുട്ടിയും വിടവാങ്ങിയത് യാദൃശ്ചികം. രണ്ട് പേരും തിരൂരങ്ങാടിയുടെ വികസന ശിൽപ്പികൾ. കുട്ടി അഹമ്മദ്കുട്ടി തിരൂരങ്ങാടിയിൽ കൊണ്ടു വന്ന പുരപദ്ധതി ദേശീയ ശ്രദ്ധ ആകർഷിച്ചു. ഹരിയാലി പദ്ധതി തിരൂരങ്ങാടിയിൽ നടപ്പാക്കി. അക്ഷയ പദ്ധതി വരുന്നതിനു മുമ്പ് ജനങ്ങളെ ഐടി സാധ്യതകൾ വ്യാപകമാക്കുന്നതിനു പ്യൂപ്പിൾസ് ഐടി മൂവ്മെന്റ് കൊണ്ടുവന്നു. ബി.എസ്.എൻ.എൽ, ഐ.ടി ആർ.ഇ.സി തുടങ്ങിയവരെ പങ്കെടുപ്പിച്ചാണ് ഇൻഫർമേഷൻ പ്യൂപ്പിൾസ് ഐടി മൂവ്മെന്റ് നടപ്പാക്കിയത്. സംസ്ഥാനത്ത് അക്കാലത്ത് കെൽട്രോണിന്റെ പുറത്ത് ഇൻഫർമേഷൻ കിയോസ്ക്. പ്രിൻസ് തുടങ്ങിയ പദ്ധതികൾ തിരൂരങ്ങാടിയിൽ കൊണ്ടുവരാനും കഴിഞ്ഞു. ഇന്ന് സർക്കാർ തലത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൊണ്ടുള്ള ഉപയോഗം രണ്ട് പതിറ്റാണ്ട് മുമ്പ് പ്രാവർത്തികമാക്കിയ ഭരണാധികാരിയായിരുന്നു കുട്ടിഅഹമ്മദ്കുട്ടി. താനൂരിലും വികസന മുന്നേറ്റം സൃഷ്ടിച്ചു.

ഐ.ടിയെയും പരിസ്ഥിതിയെയും പരന്ന വായനയെയും ഹൃദയത്തോട് ചേർത്തു പിടിച്ച വിനയാന്വിതനായ ജനനായകനായിരുന്നു അദ്ദേഹം. മുസ് ലിംലീഗ് പരിസ്ഥിതി ഘടകത്തിന്റെ നായകനുമായിരുന്നു. താനൂർ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻ, മലപ്പുറം ജില്ലാ കൗൺസിൽ ഉപാധ്യക്ഷൻ. എം.എൽ.എ മന്ത്രി. തുടങ്ങിയ നിലകളിൽ സാധാരണക്കാരുടെ വിഷയങ്ങൾ ആഴത്തിൽ പഠിച്ച കുട്ടി അഹമ്മദ്കുട്ടി കേരളീയ ചരിത്രത്തിൽ നന്മയുടെ ഏടുകൾ എഴുതിചേർത്ത് സംശുദ്ധി കാത്തു സൂക്ഷിച്ചാണ് വിടവാങ്ങിയിരിക്കുന്നത്.

## കാര്യക്ഷമതയും സൗമ്യതയും സംഗമിച്ച സൈദ്ധാന്തികൻ

### അബ്ദുസ്സമദ് സമദാനി

കുട്ടി അഹമ്മദ് കുട്ടി സാഹിബിന്റെ നിര്യാണത്തിലൂടെ കാര്യക്ഷമതയും സൗമ്യതയും സംഗമിച്ച, രാഷ്ട്രീയത്തിൽ അപൂർവ്വതയുള്ള നേതാവിനെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നതെന്ന് മുസ്‌ലിംലീഗ് ദേശീയ സീനിയർ വൈസ് പ്രസിഡന്റ് ഡോ.എം.പി അബ്ദുസമദ് സമദാനി. പക്വതയും പ്രശാന്തതയുമായിരുന്നു ആ വ്യക്തിമുദ്രയുടെ ഏറ്റവും വലിയ പ്രത്യേകതകൾ. പൊതുപ്രവർത്തനത്തിൽ സൈദ്ധാന്തികമായും പ്രായോഗികമായും ഇടപെട്ട് പ്രവർത്തിച്ച വ്യക്തിത്വമായിരുന്നു കുട്ടി അഹമ്മദ് കുട്ടി. ഏത് സമയത്തും പരന്ന വായന കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ നിലപാടുകൾക്കെല്ലാം വൈജ്ഞാനികമായ പിൻബലമുണ്ടായിരുന്നുവെന്നും സമദാനി പറഞ്ഞു.

### പി.വി അബ്ദുൽ വഹാബ്

കുട്ടി അഹമ്മദ് കുട്ടിയുടെ വിയോഗം ഏറെ വേദനാജനകമാണെന്ന് പി.വി അബ്ദുൽ വഹാബ് അനുശോചിച്ചു. എത്ര കാര്യക്ഷമതയോടെയാണ് അദ്ദേഹം തദ്ദേശവകുപ്പ് ഭരിച്ചത്. പരിസ്ഥിതി സംരക്ഷണം, സാഹിത്യ പ്രവർത്തനം, ദളിത് സംഘാടനം, പിന്നോക്ക കമ്മിഷൻ, മുസ്‌ലിംലീഗ് സംഘാടനം, സംവരണവുമായി ബന്ധപ്പെട്ട വിശദമായ പഠനങ്ങൾ തുടങ്ങി വ്യത്യസ്തമായ മേഖലകളിൽ അദ്ദേഹം തന്റെ മികവ് തെളിയിച്ചു. തന്റെ പൊതുജീവിതത്തിൽ ഏറെ സ്വാധീനിച്ച വ്യക്തിത്വമായിരുന്നു കുട്ടി അഹമ്മദ് കുട്ടിയെന്നും അദ്ദേഹം പറഞ്ഞു.

### ഡോ. എം.കെ മുനീർ

കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണം മുസ്‌ലിം ലീഗിന് മാത്രമല്ല സാംസ്കാരിക ലോകത്തിനും തീരാനഷ്ടമാണെന്ന് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ അനുശോചിച്ചു. രാഷ്ട്രീയ നേതാവ് എന്നതിലുപരി സാംസ്കാരിക നേതാവായിരുന്നു അദ്ദേഹം. തനിക്ക് ജ്യേഷ്ഠ സഹോദരനും മെന്ററുമായിരുന്നു. വായനയിലേക്കുൾപ്പെടെ തന്നെ പ്രചോദിപ്പിച്ചതും വഴി നടത്തിയതും അദ്ദേഹമായിരുന്നു. വൈജ്ഞാനിക മണ്ഡലത്തിൽ വിരാചിച്ച അദ്ദേഹത്തെ പൂർണ്ണാർത്ഥത്തിൽ വിനിയോഗിക്കാൻ നമുക്കായില്ലെന്നും മുനീർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### പി.എം.എ സലാം

സൗമ്യനും ജനകീയനുമായ ധിഷണാശാലിയുമായ ഒരു നേതാവിനെയാണ് മുസ്‌ലിം ലീഗ് പ്രസ്ഥാനത്തിന് നഷ്ടമായതെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജനസെക്രട്ടറി പി.എം.എ സലാം അനുശോചിച്ചു. വരുമാനത്തിന്റെ ഏറിയ പങ്കും അദ്ദേഹം ചില വഴിച്ചത് പുസ്തകങ്ങൾ വാങ്ങാനാണ്. മനുഷ്യനെയും പ്രകൃതിയെയും ഒരു പോലെ സ്നേഹിച്ച വ്യക്തിത്വമാണ്. ജനകീയനായി പ്രവർത്തിച്ചു. വിശ്രമത്തിലിരിക്കുമ്പോഴും അദ്ദേഹം പാർട്ടി കാര്യങ്ങളിൽ നിതാന്ത ജാഗ്രതയും കരുതലും സൂക്ഷ്മതയും പുലർത്തിയെന്നും സലാം പറഞ്ഞു.

### കെ.പി.എ മജീദ്

പിന്നോക്ക ദളിത് വിഭാഗത്തിന്റെ ശാക്തീകരണത്തിന് ജീവിതം ഉഴിഞ്ഞുവെച്ച ചിന്തയിലും കർമത്തിലും ധൈഷണികത അടയാളപ്പെടുത്തിയ നേതാവും ഭരണാധികാരിയുമായിരുന്നു കെ കുട്ടി അഹമ്മദ് കുട്ടിയെന്ന് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി സെക്രട്ടറി കെ. പി.എ മജീദ് എം.എൽ.എ. ദുർബല വിഭാഗങ്ങളെ ചേർത്ത് പിടിച്ച നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയക്കാർക്കിടയിൽ വേറിട്ട വ്യക്തിത്വവും മുസ്‌ലിംലീഗ് രാഷ്ട്രീയത്തിലെ സർഗാത്മക രാഷ്ട്രീയക്കാരനുമായിരുന്നു അദ്ദേഹമെന്നും കെ.പി.എ മജീദ് പറഞ്ഞു.

### വി.കെ ഇബ്രാഹിം കുഞ്ഞ്

കുട്ടി അഹ്മദ്കുട്ടിയുടെ വിയോഗം മുസ്‌ലിംലീഗിനും കെ.എം.ഇ.എക്കും തീരാനഷ്ടമാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് വി.കെ ഇബ്രാഹിം കുഞ്ഞ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഭരണരംഗത്ത് കാര്യനിർവഹണശേഷിയുള്ളയാളായിരുന്നു കുട്ടി അഹ്മദ്കുട്ടിയെന്നും ഇബ്രാഹിം കുഞ്ഞ് അനുസ്മരിച്ചു.

### അബ്ദുറഹ്മാൻ കല്ലായി

ആത്മാർത്ഥയുടെയും സത്യസന്ധതയുടെയും പര്യായമാണ് കുട്ടി അഹമ്മദ് കുട്ടിയെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അബ്ദുറഹ്മാൻ കല്ലായി. വിശാലമായ വായനയും ചിന്തയും കൊണ്ട് നമ്മെ വിസ്മയിപ്പിച്ചിട്ടുണ്ട് അദ്ദേഹം. പരിസ്ഥിതി വിഷയത്തിലുള്ള അദ്ദേഹത്തിന്റെ പരിജ്ഞാനം പാർട്ടിക്ക് മുതൽകൂട്ടായിരുന്നുവെന്നും കല്ലായി പറഞ്ഞു.

### പിണറായി വിജയൻ

കുട്ടി അഹമ്മദ് കുട്ടി മന്ത്രി എന്ന നിലയിലും നിയമസഭാംഗം എന്ന നിലയിലും ശ്രദ്ധേയനായ രാഷ്ട്രീയ നേതാവായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. മതനിരപേക്ഷ സ്വഭാവമുള്ള നേതാവായിരുന്നു അദ്ദേഹമെന്നും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### വി.ഡി സതീശൻ

സംശുദ്ധ രാഷ്ട്രീയത്തിന്റ വക്താവായ ആദർശ ശുദ്ധിയുള്ള നേതാവായിരുന്നു കുട്ടി അഹമ്മദ് കുട്ടിയെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുശോചിച്ചു. നിയമസഭയിൽ കാര്യമാത്ര പ്രസക്തമായ ഇടപെടലുകൾ കൊണ്ട് ശ്രദ്ധേയനായ കുട്ടി അഹമ്മദ് കുട്ടി മികച്ച ഭരണാധികാരി കൂടിയായിരുന്നു.

## അവസാന സമയത്തെ ആകസ്മിക കൂടിക്കാഴ്ച മറക്കാനാവാതെ ടി.വി ബാലൻ

കോഴിക്കോട്: കെ കുട്ടി അഹമ്മദ് കുട്ടിയുടെ അവസാന മണിക്കൂറിലെ കൂടിക്കാഴ്ചയും ഹൃദ്യമായ സംസാരവും സി.പി.ഐ നേതാവും ഭവനബോർഡ് ചെയർമാനുമായ ടി.വി ബാലന് മറക്കാനാവുന്നില്ല. ഇന്നലെ ഭവന ബോർഡ് യോഗത്തിൽ പങ്കെടുക്കാനാണ് കോഴിക്കോട് നിന്ന് തിരുവനന്തപുരത്തേക്ക് തിരിച്ചത്. താനൂരിലൂടെ പോയി കുട്ടി അഹമ്മദ് കുട്ടിയെ കാണാമെന്നൊരു ഉൾവിളി. രാവിലെ ഒമ്പതോടെ വീട്ടിലെത്തിയപ്പോൾ മകൾ മാത്രമെയുള്ളൂ. കിടപ്പറയിലേക്ക് കൂട്ടിക്കൊണ്ടുപോയി. മുഖത്ത് സന്തോഷം. പഴയകാലത്തെ കുറിച്ചുൾപ്പെടെ പല വിശേഷങ്ങളും പങ്കുവെച്ച്, വൈകാതെയിറങ്ങി. മണിക്കൂറൊന്നായപ്പോഴാണ് അറിയുന്നത് പ്രിയ സുഹൃത്ത് വിടവാങ്ങിയിരിക്കുന്നുവെന്ന്. കാർ തിരിച്ച് വീണ്ടും അതേ വീട്ടിലേക്ക്. അഞ്ചര പതിറ്റാണ്ട് മുമ്പ് ഫാറൂക്ക് കോളജിലെ പഠനകാലത്ത് തുടങ്ങിയ ആത്മബന്ധത്തിന്റെ കയ്യൊപ്പാവാം അവസാന സമയത്തെ ആകസ്മിക കൂടിക്കാഴ്ചയെന്ന് അദ്ദേഹം വിശ്വസിക്കുന്നു. 1968ലാണ് കെ കുട്ടി അഹമ്മദ് കുട്ടിയുമായി ടി.വി ബാലൻ, ഫറോക്ക് കോളജിൽ വെച്ച് പരിചയപ്പെടുന്നതും ഉറ്റ ചങ്ങാതിമാരാവുന്നതും. എഴുപതുകളുടെ ക്യാമ്പസ് കാലത്ത് പതിവ് രാഷ്ട്രീയത്തിൽ നിന്ന് വിഭിന്നമായി സാഹിത്യവും വായനയും തലക്കുപിടിച്ചൊരു ചെറുപ്പക്കാരനെയാണ് ടി.വി ബാലൻ ഓർക്കുന്നത്. പഠന കാലത്ത് തന്റെ സാമ്പത്തിക പ്രയാസം നികത്തിയിരുന്നത് കുട്ടി അഹമ്മദ് കുട്ടി ആയിരുന്നു. രണ്ടു രാഷ്ട്രീയത്തിലാണെന്നതൊന്നും ഒരിക്കലും സൗഹൃദത്തെ ബാധിച്ചില്ല. അഞ്ചര പതിറ്റാണ്ടിനിടെ കക്ഷി രാഷ്ട്രീയം സംസാരിക്കാൻ ഞങ്ങൾ രണ്ടു പേരും ശ്രമിച്ചുമില്ല. സാഹിത്യവും പരിസ്ഥിതിയുമൊക്കെ സംസാരിക്കും. വായിച്ച പുസ്തകങ്ങളെ കുറിച്ചാണ് അധികവും പറയുക. പത്തു മിനുട്ടോളം നീണ്ട സംസാര ശേഷം മടങ്ങുമ്പോൾ ഇത്രവേഗം അദ്ദേഹം യാത്രയാകുമെന്ന് പ്രതീക്ഷിച്ചില്ല. സംശുദ്ധ രാഷ്ട്രീയത്തിന്റെ വലിയ മാതൃകയാണ് വിടവാങ്ങിയതെന്നും ടി.വി ബാലൻ പറഞ്ഞു.



# പണമൊഴുക്കില്ല; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് രണ്ടാഴ്ചക്കിടെ എത്തിയത് 97.07 കോടി മാത്രം

**ദാവൂദ് മുഹമ്മദ്**
കണ്ണൂർ

ദുരന്തത്തെ അതിജീവിക്കാനുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പ്രതീക്ഷിച്ചത്ര പണമൊഴുക്കില്ല. ദുരന്തം നടന്ന് രണ്ടാഴ്ച്ചക്കിടെ ഖജനാവിലെത്തിയത് 97.07 കോടി രൂപ മാത്രം. കോവിഡ്, പ്രളയകാലത്തെ സഹായത്തിന്റെ പത്തിലൊന്ന് പോലും എത്തിയിട്ടില്ല. ഇതിനാൽ കേന്ദ്രത്തിന്റെ പ്രത്യേക പാക്കേജ് കാത്തിരിക്കുകയാണ് കേരളം.

നൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ ദുരന്തത്തിന് ഇരകളായവരുടെ പുനരധിവാസത്തിന് കോടികളുടെ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. എന്നാൽ ഇതിനനുസരിച്ചുള്ള ഫണ്ട് ദുരിതാശ്വാസ നിധിയിലേക്ക് എത്താത്തത് ആശങ്കയോടെയാണ് കാണുന്നത്. കേന്ദ്ര സഹായവും വിവിധ സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും പുനരധിവാസ പദ്ധതികളും സർക്കാറിന്റെ ബാധ്യത കുറക്കുമെന്നത് ആശ്വാസമാണ്. എന്നാൽ ഇതുസംബന്ധിച്ച് രൂപരേഖ ഇതുവരെ തയാറായിട്ടില്ല.

പ്രളയകാലത്ത് 4970.29 കോടിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെത്തിയത്. ഇതിൽ 4738.77 കോടി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് കാലത്ത് 1129.74 കോടി ദുരിതാശ്വാസ നിധിയിൽ എത്തിയിരുന്നു. ഇതിൽ നിന്ന് 1111.15 കോടി രൂപ ചെലവഴിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു.

കോവിഡ്, പ്രളയകാലത്ത് ലഭിച്ച സഹായത്തിന്റെ പത്തിലൊന്ന് പോലും വയനാട് പുനരധിവാസത്തിന് ലഭിക്കാത്തത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. പ്രളയകാലത്ത് സന്നദ്ധ,മത സംഘടനകളും, രാഷ്ട്രീയ പാർട്ടികളും കെ.എം.സി.സി ഉൾപ്പെടെയുള്ള പ്രവാസി സംഘടനകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കാണ് സാഹായം നൽകിയത്. എന്നാൽ വയനാട് ദുരിതാശ്വാസത്തിൽ വിവിധ സംഘടനകൾ സ്വന്തം നിലയിലുള്ള പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ട്. ഇതാണ് പണമൊഴുക്ക് കുറയാൻ കാരണമെന്നാണ് വിലയിരുത്തൽ. വിവിധ സംഘടനകൾ സ്വന്തം നിലയിൽ വീടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. മുസ്‌ലിം ലീഗിന്റെ പുനരധിവാസ പദ്ധതിയിലേക്ക് ഇതിനകം 14 കോടിയോളം സമാഹരിച്ചിട്ടുണ്ട്.

പ്രളയകാലത്ത് വിവിധ സംസ്ഥാനങ്ങൾ കോടികളുടെ സഹായം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ വലിയ പ്രഖ്യാപനങ്ങളൊന്നുമുണ്ടായിട്ടില്ല. ചില സംസ്ഥാനങ്ങൾ വീട് വാഗ്ദാനങ്ങൾ നൽകിയിരുന്നു. ഇതിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴിയായിരിക്കുമോ എന്ന് വ്യക്തമല്ല.

ഫണ്ട് ഒഴുക്കിൽ കുറവില്ലെന്നും കൂടുതൽ സഹായങ്ങൾ അടുത്ത ദിവസങ്ങളിൽ ലഭിക്കുമെന്നും ഉദ്യോഗസ്ഥർ പറയുന്നു. സർക്കാർ ജീവനക്കാർ ഉൾപ്പെടെ അഞ്ചു ദിവസത്തെ ശമ്പളമെങ്കിലും ദുരിതാശ്വാസ നിധിയിലേക്ക് നൽകും. ഇതുവഴി വലിയ തുക ലഭിക്കും. സെലിബ്രിറ്റികളും മറ്റ് സംവിധാനങ്ങളും പ്രഖ്യാപിച്ച തുക ഖജനാവിൽ എത്തുന്നതോടെ മോശമില്ലാത്ത ഫണ്ടായിമാറുമെന്നാണ് കണക്ക്കൂട്ടൽ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കെതിരെ ഉയർന്ന ആരോപണങ്ങൾ ഫണ്ടിന്റെ ഒഴുക്കിനെ ബാധിച്ചിട്ടുണ്ട്. ഫണ്ടുകൾ വകമാറ്റുന്നതായി നേരത്തെ ആരോപണവും ഉയർന്നിരുന്നു. എന്നാൽ ജുലൈ 30ന് ശേഷമുള്ള തുക വയനാട് പാക്കേജിനായി വിനിയോഗിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെത്തിയ സാമ്പത്തിക സഹായം (കോടിയിൽ)**

| സാഹചര്യം | വരവ് | ചെലവ് |
|---|---|---|
| വയനാട് ദുരന്തം | 97.07 | -- |
| കോവിഡ് | 1129.74 | 1111.15 |
| പ്രളയം ഒന്ന്, രണ്ട് | 4970.29 | 4738.77 |
| ആകെ | 6197.1 | 5849.92 |


## എയർലിഫ്റ്റിംഗ് നടക്കുന്നില്ല

### മൃതദേഹങ്ങൾ ചുമന്ന് സന്നദ്ധ പ്രവർത്തകർ

**കെ.എസ്. മുസ്തഫ**
മേപ്പാടി

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ശരീരഭാഗങ്ങൾ എയർലിഫ്റ്റ് ചെയ്യാനായില്ല. ഇന്നലെ തിരച്ചിലിനിടെ കണ്ടെത്തിയ മൂന്ന് ശരീരഭാഗങ്ങൾ സന്നദ്ധപ്രവർത്തകർ ചുമന്നാണ് ആശുപത്രികളിലെത്തിച്ചത്. വെള്ളിയാഴ്ചയും സന്നദ്ധ പ്രവർത്തകർ നാല് മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നുവെങ്കിലും ഒരു ദിവസത്തിന് ശേഷമാണ് എയർലിഫ്റ്റിംഗ് നടത്താനായത്. ചൂരൽമലക്ക് താഴെ ദുർഘട പ്രദേശങ്ങളായതിനാൽ ഈ ഭാഗങ്ങളിൽ നിന്നും ഇനിയും മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്താൻ സാധ്യതയുണ്ട്. ഇവ എയർലിഫ്റ്റിംഗ് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ പ്രതിസന്ധി രൂക്ഷമാക്കും.

റിപ്പൺ സ്വദേശികളായ രക്ഷാപ്രവർത്തകരാണ് ഇന്നലെ മൂന്ന് ശരീരഭാഗങ്ങൾ കണ്ടെത്തിയത്. ഉച്ചക്ക് 12 മണിയോടെ വിവരം അധികൃതരെ അറിയിച്ചെങ്കിലും നടപടിയൊന്നുമുണ്ടായില്ല. മൂന്ന് മണിയായിട്ടും മൃതദേഹം കൊണ്ടുപോകാൻ ഹെലികോപ്റ്റർ എത്താത്ത സാഹചര്യത്തിൽ സന്നദ്ധപ്രവർത്തകർ കണ്ടെത്തിയ ശരീരഭാഗം പ്രയാസപ്പെട്ട് ചുമന്ന് ആശുപത്രിയിലെത്തിക്കുകയായിരുന്നു. റിപ്പൺ സ്വദേശികളായ 22ഓളം പേരായിരുന്നു ദുർഘട മേഖലയായ ഈ ഭാഗത്ത് തെരച്ചിലിന് ഇറങ്ങിയത്. ദുർഘടമായ പ്രദേശവും, മഴയുമാവാം എയർലിഫ്റ്റ് വൈകിയതെന്നാണ് കരുതുന്നത്. ഇത് സംബന്ധിച്ച് ഇനിയും വ്യക്തത വന്നിട്ടില്ല. കൂടുതൽ മൃതദേഹങ്ങൾ ആ ഭാഗത്ത് ഉണ്ടാവമെന്ന നിഗമനത്തിലാണ് സന്നദ്ധ പ്രവർത്തകരുള്ളത്.



തിരച്ചിലിൽ കണ്ടെത്തിയ മൃതദേഹങ്ങൾ സന്നദ്ധപ്രവർത്തകർ ചുമന്ന് ആശുപത്രിയിലെത്തിക്കുന്നു

കഴിഞ്ഞ ദിവസം ഇതേ മേഖലയിൽ നിന്ന് നാല് മൃതദേഹങ്ങൾ രക്ഷാപ്രവർത്തകർ കണ്ടെത്തിയിരുന്നു. അന്ന് വനം, റവന്യൂ അധികൃതരേയും കലക്ട്രേറ്റിലെ കൺട്രോൾ റൂമിലും വിവരമറിയിച്ചു. മണിക്കൂറുകൾക്ക് ശേഷം ഹെലികോപ്റ്റർ സംഭവസ്ഥലത്തെത്തിയെങ്കിലും രണ്ടുമൂന്നു തവണ വട്ടം ചുറ്റിയതല്ലാതെ ഒന്നും ചെയ്യാതെ മടങ്ങുകയായിരുന്നു. മൂന്നുമണിക്ക് വീണ്ടുമെത്തിയ ഹെലിക്കോപ്റ്ററിൽ നിന്നും പിപി കിറ്റോ മറ്റു അനുബന്ധ സൗകര്യങ്ങളോ നൽകാതെ ബോഡി പൊതിയാനുള്ള കവറും ഗ്ലൗസും മാത്രം ഇട്ടു നൽകി മടങ്ങുകയാണുണ്ടായത്. അരമണിക്കൂറിന് ശേഷം തിരച്ചിലവസാനിപ്പിക്കാനുള്ള നിർദ്ദേശം നൽകി സന്നദ്ധ പ്രവർത്തകരെ ഹെലികോപ്റ്ററിൽ ബത്തേരിയിലെത്തിക്കുകയായിരുന്നു. ആ പ്രദേശത്ത് നിന്നും 100 മീറ്റർ അകലെയെയായാണ് ഇപ്പോൾ ശരീരഭാഗങ്ങൾ കണ്ടെത്തിയത്.